# വാല്യം രണ്ട്

# യേശുവിന്റെ
# ദിവ്യകാരുണ്യഹൃദയവുമായുള്ള
# സംഭാഷണങ്ങൾ

നമ്മുടെ കാലത്തിനുള്ള മാർഗദർശനം
അൽമായ പ്രേഷിതയായ
ആനിന് നൽകപ്പെട്ടത്

VOLUME TWO
*Malayalam Translation*
Direction for Our Times
© Copyright 2013  Direction for Our Times

Publisher : Direction for Our Times

Ireland :
Direction for Our Times
Tearmann Anama, Ballyjamesduff
Country Cavan, Republic of Ireland
Phone : +353 - (o) - 437 - 3040
USA :
Direction for Our Times
9000 West 81st Street
Justice, IL 604 58, USA

India :
Dr. Sunny George
Casa Maria (Veliyil)
Koovapally, Kanjirapally, India
Cell : +91 6235 236 164
Email : georgesunnyjy@gmail.com
www. directionforourtimes.org

Nihil Obstat:
Very Rev. John Canon Murphy, PP. VF

Imprimatur:
✠Most Rev. Leo O'Reilly, Bishop of Kilmore,
Ireland.

The Nihil Obstat and Imprimatur are an official declaration that a book or pamphlet are free of doctrinal or moral error and that ecclesiastical permission for its publication has been granted

FRANCISCAN UNIVERSITY OF STEUBENVILLE

1235 University Blvd., Steubeoville, Ohio 43952-1763

പ്രാദേശിക മെത്രാൻമാരുടെയോ (മനസിന്റെയും ഹൃദയത്തിന്റെയും പുത്രോചിതമായ അനുസരണത്തിന് നാം കടപ്പെട്ടിരിക്കുന്ന) പരിശുദ്ധ സിംഹാസനത്തിന്റെയോ അന്തിമവും നിർണായകവുമായ തീരുമാനത്തെക്കുറിച്ചുള്ള മുൻവിധിയില്ലാതെ അൽമായ അപ്പസ്തോലയായ ആനിന് ലഭിച്ച സന്ദേശങ്ങളെക്കുറിച്ചുള്ള വ്യക്തിപരമായ ബോധ്യം വെളിപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

പരാമർശിക്കപ്പെട്ട സന്ദേശങ്ങൾ പരിശോധിച്ചതിന്റെയും ആനുമായി നടത്തിയ കൂടികാഴ്ച്ചയുടെയും അടിസ്ഥാനത്തിൽ അവർക്ക് ലഭിച്ച സന്ദേശങ്ങൾ അലൗകികമാണെന്ന് ഞാൻ വിശ്വസിക്കുന്നു.

സന്ദേശങ്ങളുടെ ഉള്ളടക്കം കത്തോലിക്കാസഭയുടെ വിശ്വാസത്തെയും സന്മാർഗപാഠങ്ങളെയും അനുവർത്തിക്കുന്നവയാണ്. അവ ഒരു വിധത്തിലും യാഥാസ്ഥിതിക കത്തോലിക്കാ അനുശാസനങ്ങളെ ലംഘിക്കുന്നില്ല. സന്ദേശങ്ങൾ കൈമാറ്റം ചെയ്യപ്പെടുന്ന രീതിയുടെ കൃത്യത (വാഗ്വിലാസവും ഉൾക്കാഴ്ച്ചയും) ആധികാരിക സ്വകാര്യ വെളിപാടുകൾ സംബന്ധിച്ച സഭയുടെ ചരിത്രപരമായ പ്രമാണവിധികളുമായി പൊരുത്തമുള്ളതാണ്. ഈ സന്ദേശങ്ങൾ സ്വീകരിക്കപ്പെടുകയും പ്രചരിപ്പിക്കപ്പെടുകയും ചെയ്യുകവഴി ഹൃദയത്തിൽ വസിക്കുന്ന ഈശോയെക്കുറിച്ചുള്ള നവീകൃതബോദ്ധ്യത്തിലും ദിവ്യകാരുണ്യസന്നിധിയിലുള്ള പ്രാർത്ഥനയിലും അധിഷ്ടിതമായ ക്രിസ്തീയ വിശ്വാസത്തിന്റെ ആത്മീയഫലങ്ങളായ (cf.Mt 7: 17-20) പരിവർത്തനവും സ്നേഹവും ആന്തരിക സമാധാനവും താരതമ്യേന ചുരുങ്ങിയ സമയത്തിനുള്ളിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങിൽ പ്രാധാന്യത്തോടെ പ്രചരിപ്പിക്കപ്പെട്ടു. അതുകൊണ്ട് അലൗകിക സംഭവങ്ങൾ അന്വേഷിക്കുന്ന സഭാകമ്മീഷനുക

ളുടെ (സന്ദേശം, പ്രതിഭാസം, ആത്മീയ ഫലങ്ങൾ) പ്രധാന മാനദണ്ഡങ്ങൾ ആനിന്റെ അനുഭവങ്ങളുടെ കാര്യത്തിൽ വസ്തുതാപരമായി തൃപ്തികരമാണെന്നാണ് എന്റെ അഭിപ്രായം.

രാജാവായ യേശുവിന്റെ രണ്ടാമത്തെ ആഗമനത്തെക്കുറിച്ച് സംസാരിക്കുന്ന സന്ദേശങ്ങൾ ക്രിസ്തുവിന്റെ മൂർത്തമായ അവസാനവരവിനെത്തുടർന്നുള്ള ലോകാവസാനം ആസന്നമാണെന്ന് പരാമർശിക്കുന്നില്ല. പകരം മനുഷ്യകുലത്തിന് അസാധാരണമായ അനുഗ്രഹങ്ങളുടെയും സമാധാനത്തിന്റെയും കാലം വാഗ്ദാനം ചെയ്യുന്ന ക്രിസ്തുവിന്റെ സജീവവും സമകാലികവുമായ രണ്ടാമത്തെ ആഗമനത്തെ ആത്മീയമായി സ്വീകരിക്കാൻ ആഹ്വാനം ചെയ്യുന്നു. (മറിയത്തിന്റെ വിമലഹൃദയത്തിന്റെ വിജയഫലമായ സമാധാനത്തിന്റെ അവസാന നാളുകളെക്കുറിച്ചുള്ള ഫാത്തമാ വാഗ്ദാനത്തിനും സഭയുടെ “പുതിയ വസന്തകാലത്തെക്കുറിച്ചുള്ള” മഹാനായ ജോൺ പോൾ രണ്ടാമൻ പാപ്പയുടെ പരാമർശത്തിനും സമാനമാണിത്)

തനിക്കു ലഭിച്ച സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന് പ്രാദേശിക മെത്രാനായ ലിയോ ഒറിലിയിൽ നിന്ന് ആനിന് അനുമതി ലഭിക്കുകയും എല്ലാ കുറിപ്പുകളും വിശ്വാസ തിരുസംഘത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ലോകമെമ്പാടുമുള്ള ഒട്ടേറെ കത്തോലിക്കാ നേതാക്കൾക്ക് ആധികാരികമായ ആത്മീയ നേട്ടങ്ങൾക്ക് ഉപകരിച്ചിട്ടുള്ള ഈ സന്ദേശങ്ങൾ പ്രാർത്ഥനയോടെ വായിക്കുന്നതിന് (സഭതന്നെ അനുവദിച്ചിരിക്കുന്നതുപോലെ) ഞാൻ വ്യക്തിപരമായി പ്രോത്സാഹനമേകുന്നു.

Dr. Mark Miravalle
Professor of Theology and Mariology
Franciscan University of Steubenville
October 13, 2006

# ഉള്ളടക്കം


ആമുഖം.................................................... IX

ഓഗസ്റ്റ് 17, 2003 .................................... 3

ഓഗസ്റ്റ് 18, 2003 .................................... 7

ഓഗസ് 19, 2003 .................................... 11

ഓഗസ്റ്റ് 20, 2003 .................................... 15

ഓഗസ്റ്റ് 21, 2003 .................................... 19

ഓഗസ്റ്റ് 22, 2003 .................................... 23

ഓഗസ്റ്റ് 25, 2003 .................................... 27

ഓഗസ്റ്റ് 26, 2003 .................................... 31

ഓഗസ്റ്റ് 27, 2003 .................................... 35

ഓഗസ്റ്റ് 28, 2003 .................................... 39

ഓഗസ്റ്റ് 28, 2003 .................................... 43

ഓഗസ്റ്റ് 28, 2003 .................................... 47

ഓഗസ്റ്റ് 29, 2003 .................................... 51

ഓഗസ്റ്റ് 29, 2003 .................................... 55

ഓഗസ്റ്റ് 29, 2003 .................................... 59

സെപ്റ്റംബർ 1, 2003 .................................... 63

സെപ്റ്റംബർ 1, 2003 .................................... 67

സെപ്റ്റംബർ 1, 2003 .................................... 71

സെപ്റ്റംബർ 2, 2003 .................................... 75

സെപ്റ്റംബർ 2, 2003 .................................... 79

സെപ്റ്റംബർ 2, 2003 .................................... 83

സെപ്റ്റംബർ 3, 2003 .................................................. 87
സെപ്റ്റംബർ 3, 2003 .................................................. 91
സെപ്റ്റംബർ 3, 2003 .................................................. 95
സെപ്റ്റംബർ 4, 2003 .................................................. 99
സെപ്റ്റംബർ 4, 2003 .................................................. 103
സെപ്റ്റംബർ 4, 2003 .................................................. 107
സെപ്റ്റംബർ 5, 2003 .................................................. 111
സെപ്റ്റംബർ 5, 2003 .................................................. 114
സെപ്റ്റംബർ 5, 2003 .................................................. 116

# ആമുഖം

പ്രിയ വായനക്കാരേ,

ഭാര്യയും ആറു മക്കളുടെ അമ്മയും ഒരു സ്വതന്ത്ര ഫ്രാൻസിസ്കയുമാണ് ഞാൻ.

ഇരുപതാം വയസിൽ ഗൗരവതരമായ കാരണങ്ങളാൽ സഭയുടെ പിന്തുണയോടെ ഞാൻ വിവാഹമോചനം നേടി. ഇരുപതുകളുടെ മദ്ധ്യത്തിൽ ജോലി ചെയ്ത് മകളെ വളർത്തിയ ഏകരക്ഷിതാവായിരുന്നു ഞാൻ. എല്ലാ ദിവസവും വിശുദ്ധ കുർബാന സ്വീകരിക്കുന്ന എന്റെ വിശ്വാസം സുസ്ഥിരമായിരുന്നു. ഫ്രാൻസിസ്കൻ മൂന്നാം സഭയിലൂടെ ഈശോയുമായുള്ള ഐക്യത്തിലേക്ക് ഞാൻ യാത്ര തുടങ്ങുകയും ചെയ്തിരുന്നു.

ആയിടെ എന്റെ സഹോദരി ബോസ്നിയ ഹെർസെഗോവിനയിലെ വിഖ്യാത മരിയൻ തീർത്ഥാടനകേന്ദ്രമായ മെദ്ജുഗോറേ സന്ദർശിച്ച് പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് വീട്ടിൽ മടങ്ങിയെത്തി. അവളുടെ മനോഹരമായ തീർത്ഥാടനാനുഭവത്തെക്കുറിച്ച് കേട്ടപ്പോൾ എന്നിൽ കൂടുതൽ തീഷ്ണമായ മാറ്റമുണ്ടായി. തൊട്ടടുത്ത വർഷം ആഴമേറിയ പ്രാർത്ഥനയുടെ വിവിധ തലങ്ങളിലൂടെ ഞാൻ കടന്നുപോയി. ഒരിക്കൽ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട പരിശുദ്ധഅമ്മ ക്രിസ്തുവിനു വേണ്ടി വേല ചെയ്യാമോ എന്ന് എന്നോട് ആരാഞ്ഞു.

സവിശേഷമായ ഈ ആത്മീയവേലയ്ക്കുവേണ്ടി ഞാൻ ലോകത്തിൽ മറ്റുള്ളവരിൽനിന്ന് വേർതിരിക്കപ്പെടുമെന്ന് സ്വപ്നത്തിൽ വ്യക്തമാക്കിയ അമ്മ എന്റെ വലിയ കുടുംബത്തെ കാട്ടിത്തന്നശേഷം ഞാൻ കുടുംബാംഗങ്ങളിൽ നിന്ന് എങ്ങനെ അകറ്റപ്പെടുമെന്ന് വിശദീകരിച്ചു. അതേക്കുറിച്ച് ആശങ്കയില്ലെന്നും അമ്മ ആവശ്യപ്പെടുന്നതെന്തും ചെയ്യാമെന്നും ഞാൻ വ്യക്തമാക്കി.

അധികം വൈകാതെ എനിക്ക് ഗർഭാശയത്തിനു പുറത്ത് രക്തം കെട്ടുന്ന എൻഡോമെട്രിയോസിസ് എന്ന രോഗം ബാധിച്ചു. അന്നുമുതൽ ഒരു വിധത്തില ല്ലെങ്കിൽ മറ്റൊരുവിധത്തിൽ ഞാൻ രോഗിയായിരുന്നു. എന്റെ ആരോഗ്യപ്രശ്നങ്ങളൊന്നും ആരംഭദശയിൽ ഡോക്ടർമാർക്ക് കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. ഇത് കുരിശിന്റെ ഭാഗം മാത്രമാണ്. ഒട്ടേറെപ്പേർക്ക് സമാന അനുഭവമുള്ളതുകൊണ്ടാണ് ഞാൻ ഇക്കാര്യം ഇവിടെ പരാമർശിച്ചത്. എനിക്ക് ഇനി ഒരിക്കലും ഗർഭം ധരിക്കാ നാവില്ലെന്ന് ഡോക്ടർ പറഞ്ഞു. ദൈവഹിതമാണെന്ന കാര്യം ഞാൻ ഉൾക്കൊണ്ടതുകൊണ്ട് ഏക രക്ഷിതാ വെന്ന നിലയിൽ അത് എന്നെ തെല്ലും അലട്ടിയില്ല. വൈകാതെ ഞാൻ അസാധാരണനായ ഒരു മനുഷ്യനെ കണ്ടുമുട്ടി. എന്റെ ആദ്യവിവാഹം അസാധുവാക്കപ്പെട്ടി രുന്ന സാഹചര്യത്തിൽ ഞങ്ങൾ വിവാഹിതരാവുകയും അഞ്ചുകുട്ടികൾ ഉണ്ടാവുകയും ചെയ്തു.

ആത്മീയതലത്തിൽ നോക്കിയാൽ ഇപ്പോൾ ആത്മഭാ ഷണങ്ങൾ എന്ന് ഞാൻ തിരിച്ചറിയുന്നവ ഉൾപ്പെടെ ഒട്ടേറെ അനുഭവങ്ങൾ എനിക്കുണ്ടായിട്ടുണ്ട്. ആ നിമിഷങ്ങൾ അതിമനോഹരങ്ങളായിരുന്നു. അന്നത്തെ വാക്കുകൾ ഇപ്പോഴും എന്റെ ഹൃദയത്തിൽ വ്യക്തമായി മുഴങ്ങുന്നുണ്ട്. പക്ഷെ, രോഗങ്ങളും തളർച്ചയും ദൈവ ത്തിന് കാഴ്ചവയ്ക്കുന്ന തിരക്കിലായിരുന്നതുകൊണ്ട് ഞാൻ ആവേശഭരിതയായില്ല. ഒരുപാടു കാര്യങ്ങൾ ചെയ്യാൻ ഏൽപ്പിച്ചിരുന്ന ഈശോ അവിടുത്തെ പാത യിൽ എന്നെ നിലനിർത്തുന്നതിനുവേണ്ടി ചെയ്യുന്ന കഠിനാദ്ധ്വാനത്തിന്റെ ഭാഗമായി മാത്രമേ ഞാൻ അവ യെയൊക്കെ കണ്ടുള്ളൂ.

ഇന്നു തിരിഞ്ഞുനോക്കുമ്പോൾ, ഈശോ എന്നെ അവി ടുത്തെ ജോലിക്കുവേണ്ടി ഒരുക്കുകയായിരുന്നു എന്ന്

ഞാൻ മനസ്സിലാക്കുന്നു. എന്റെ ഒരുക്കത്തിന്റെ കാലം സുദീർഘവും ക്ലേശപൂർണ്ണവും ഏറെക്കുറെ ആവശേര ഹിതവുമായിരുന്നു.

ബാഹ്യമായി നോക്കിയാൽ ആ സ്ത്രീ എത്ര ഭാഗ്യ ദോഷിയാണ് എന്ന് ജനങ്ങൾ ചിന്തിച്ചിട്ടുണ്ടാകുമെന്ന് എനിക്കു തോന്നുന്നു. പക്ഷെ, ആന്തരികമായി നോക്കു മ്പോഴാകട്ടെ. എന്റെ സഹനങ്ങൾ വേദനനിറഞ്ഞതും സുദീർഘവുമായിരിക്കവേ എന്റെ കൊച്ചുകുടുംബം സ്നേഹത്തിലും രൂപത്തിലും വിജ്ഞാനത്തിലും വളരു കയായിരുന്നു എന്നു ഞാൻ കണ്ടു. വൈജ്ഞാനികമായ വളർച്ചയെന്നുവച്ചാൽ പ്രധാനപ്പെട്ടവയും അപ്രധാനമാ യവും ഏതൊക്കെയെന്ന് ഞാനും എന്റെ ഭർത്താവും തീർച്ചയായും തിരിച്ചറിഞ്ഞിരുന്നു. തുടർച്ചയായ കുരി ശുകളാണ് ഞങ്ങൾക്ക് ആ തിരിച്ചറിവു നൽകിയത്.

വിവിധ സാഹചര്യങ്ങൾ മൂലം കുട്ടികൾക്കൊപ്പം പ്രിയ പ്പെട്ടവരിൽ നിന്ന് ഏറെ ദൂരത്തേക്ക് മാറാൻ ഞാനും ഭർത്താവും നിർബന്ധിതരായി. ഈ അവസ്ഥയെയും ഞാൻ ദൈവത്തിന് സമർപ്പിച്ചു. ജീവിതത്തിൽ എനിക്ക് സമരസപ്പെടേണ്ടിവന്ന ഏറ്റവും വിഷമകരമായ സാഹ ചര്യമായിരുന്നു അത്.

സ്വന്തം നാട്ടിൽ നിന്ന് അകന്നുതാമസിക്കുമ്പോൾ ക്രിസ്തുവിന്റെ ഹിതവുമായി പൊരുത്തപ്പെടാനുള്ള ഒട്ടേറെ അവസരങ്ങൾ ലഭിക്കും. എങ്കിലും, അങ്ങനെ യാണ് പ്രവർത്തിക്കുന്നതെന്ന് നിങ്ങൾ തുടർച്ചയായി സ്വയം ഓർമ്മിപ്പിച്ചുകൊണ്ടേയിരിക്കണം. അല്ലെങ്കിൽ വിഷാദം തോന്നും. നാട്ടിൽനിന്നകന്ന് പലവർഷങ്ങൾ കഴിഞ്ഞശേഷം ഒടുവിൽ എനിക്ക് മെദ്ജുഗോറേയി ലേക്ക് പോകാനുള്ള പ്രചോദനമുണ്ടായി. യഥാർത്ഥ ത്തിൽ എന്റെ നാൽപ്പതാം ജന്മദിനം പ്രമാണിച്ച് ഭർത്താവിന്റെ സമ്മാനമായിരുന്നു ആ യാത്ര. നേരത്തെ

ഒരുതവണ ഞാൻ പോകാൻ ശ്രമിച്ചിരുന്നെങ്കിലും സാഹചര്യങ്ങൾ എതിരായപ്പോൾ ദൈവഹിതം അതല്ലെന്ന് മനസ്സിലാക്കി. എന്നിട്ടും ഒടുവിൽ അതിനു സമയമായപ്പോൾ ഞാനും മൂത്തമകളും അവിടെ സെന്റ് ജെയിംസ് ദേവാലയത്തിനു മുന്നിലെത്തി. മെദ്ജുഗൊറേയിലേക്കുള്ള അവളുടെ രണ്ടാമത്തെ യാത്രയായിരുന്നു അത്.

സാധാരണയിൽകവിഞ്ഞ് എന്തെങ്കിലും അനുഭവം എനിക്കുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയോ അനുഭവം എനിക്കുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയോ ചിന്തിക്കുകയോ ചെയ്തിരുന്നില്ല. ആദ്യതീർത്ഥാടനം തന്നെ ഏറെ ഇഷ്ടപ്പെട്ട എന്റെ മകൾ അത്ഭുതങ്ങൾ പ്രതീക്ഷിച്ചെത്തുന്ന ആളുകളെക്കുറിച്ച് പല തമാശകളും പറഞ്ഞു. മതവിശ്വാസികളുടെ കാർണിവലെന്നാണ് അവൾ മമതയോടെ മെദ്ജുഗൊറേയെ വിളിക്കുന്നത്. ഭൂമിയിൽ ഏറെ ആഹ്ലാദമുള്ള സ്ഥലമാണതെന്നും അവൾ പറയുന്നു.

ആന്റിക്കൊപ്പം വിദേശയാത്രയ്ക്കുള്ള അവസരം പ്രയോജനപ്പെടുത്തി മുൻപ് ഇവിടെ എത്തുമ്പോൾ നിഷേധിയായ ഒരു പതിനാലുകാരിയായിരുന്ന അവൾ തികച്ചും ശാന്തതയും ആദരവുള്ളവളുമായാണ് മടങ്ങിയെത്തിയത്. എല്ലാ ചെറുപ്പക്കാരെയും തീർത്ഥാടനത്തിനയയ്ക്കണമെന്ന് പറയാൻ എന്റെ ഭർത്താവിനെ പ്രേരിപ്പിച്ചത് അവളിലെ മാറ്റമാണ്.

എന്തായിരുന്നാലും മനോഹരമായ അഞ്ചുദിവസങ്ങളായിരുന്നു അത്. കുന്നിൻമുകളിൽ ഞാൻ ആത്മീയസൗഖ്യം അനുഭവിച്ചു. മകൾ സ്വസ്ഥയായി പ്രാർത്ഥിച്ചു. നിശബ്ദവും നിർണ്ണായകവുമായ ഒരു കാര്യം എന്നിൽ സംഭവിച്ചു. വിശുദ്ധകുർബ്ബാന സ്വീകരണവേളകളിൽ ഞാൻ ഈശോയുമായി സംഭാഷണം നടത്തി. അതിമനോഹരമായ അനുഭവമായിരുന്നു അത്. മുൻപും

അങ്ങനെ സംഭവിച്ചിരുന്നതിനാൽ ഞാൻ അത്ഭുതപരതന്ത്രയോ ആവേശഭരിതയോ ആയില്ല.

മെദ്ജുഗൊറേയിലെ ദിവ്യകാരുണ്യസ്വീകരണത്തിന്റെ വേറിട്ട അനുഭവത്തെക്കുറിച്ച് മുൻപ് പലരും പറഞ്ഞിട്ടുള്ളത് ഞാൻ ഓർത്തു. ഞങ്ങളെ അവിടെ എത്തിച്ച പരിശുദ്ധ അമ്മയ്ക്ക് നന്ദിയർപ്പിച്ച് ഞാൻ വീട്ടിൽ മടങ്ങിയെത്തി.

ആ മഞ്ഞുകാലം മുഴുവൻ ഞാൻ ഈശോയുമായുള്ള സംഭാഷണം തുടർന്നു. തീർത്ഥാടനത്തിനുശേഷമുള്ള ആറു മാസക്കാലത്ത് ഈ സംഭാഷണം എന്റെ ജീവിതത്തിലേക്കും കടന്നുവന്നു. ചില പ്രത്യേകസമയങ്ങളിലായിരുന്നു ഇത്. ഈശോ തന്റെ തീരുമാനത്തിനൊത്ത് എനിക്ക് നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരുന്നു. ഓരോ കാര്യങ്ങൾ ചെയ്യാൻ അവിടുന്ന് ആവശ്യപ്പെടുമ്പോൾ നിരസിക്കുക എന്നത് എന്നെ സംബന്ധിച്ചിടത്തോളം ക്ലേശകരമായിത്തീർന്നു. ഇതേക്കുറിച്ച് ഞാൻ മറ്റാരോടും പറഞ്ഞില്ല.

ഇക്കാലയളവിൽതന്നെ പരിശുദ്ധ അമ്മയിൽ നിന്നും എനിക്ക് മാർഗ്ഗദർശനം ലഭിച്ചുതുടങ്ങി. അവരുടെ സ്വരങ്ങൾ തിരിച്ചറിയാൻ ബുദ്ധിമുട്ടുണ്ടായിരുന്നില്ല. അവരുടെ സ്വരം കാതിലല്ല, മറിച്ച് മനസ്സിലോ ഹൃദയത്തിലോ ആണ് ഞാൻ കേട്ടത്.

സവിശേഷമായ ചിലത് സംഭവിക്കുകയാണെന്നും ഭാര്യയും അമ്മയുമെന്ന പ്രാഥമിക ദൗത്യങ്ങൾക്കപ്പുറം എനിക്കായി പ്രത്യേക ജോലി കരുതിവെച്ചിട്ടുണ്ടെന്നും യേശു പറയുന്നതായും ഞാൻ മനസ്സിലാക്കി.

ലഭിക്കുന്ന സന്ദേശങ്ങൾ എഴുതിവയ്ക്കണമെന്നും അവ പ്രസിദ്ധപ്പെടുത്താനും പ്രചരിപ്പിക്കാനും ക്രമീകരണമേർപ്പെടുത്താമെന്ന് അവിടുന്ന് നിർദ്ദേശിച്ചു.

പിന്തിരിഞ്ഞുനോക്കുമ്പോൾ, അവിടുന്നിൽ പൂർണ്ണമായും വിശ്വാസമർപ്പിക്കുന്ന രീതിയിൽ എന്നെ മാറ്റിയെടുക്കുന്നതിന് ഈശോയ്ക്ക് ദീർഘകാലം വേണ്ടിവന്നുവെന്നു കാണാം. ഇന്ന് ഞാൻ അവിടുത്തെ സ്വരത്തിൽ വിശ്വാസമർപ്പിക്കുന്നു. ദൗർബല്യങ്ങളോടും വീഴ്ചകളോടും ലോകത്തിന്റെ പ്രലോഭനങ്ങളോടുമുള്ള നിരന്തര പോരാട്ടം തുടർന്നുകൊണ്ട് അവിടുത്തെ സേവിക്കാൻ എന്റെ കഴിവിന്റെ പരമാവധി ശ്രമിക്കും.

ഈശോയെ സേവിക്കുന്നതിനുള്ള പരിശ്രമം ഞാൻ തുടരവേ, നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുക. അവിടുത്തേക്ക് നമ്മെക്കൊണ്ട് ഏറെ ആവശ്യങ്ങളുള്ളതുകൊണ്ടും അവിടുന്ന് ഏറെ കാരുണ്യവാനായതുകൊണ്ടും അവിടുന്ന് ഏറെ കാരുണ്യവാനായതുകൊണ്ടും ഈശോയുടെ ചോദ്യങ്ങൾക്ക് എപ്പോഴും ഉവ്വ് എന്നു പ്രത്യുത്തരം നൽകുക. നിങ്ങൾ അനുവദിച്ചാൽ അവിടുന്ന് നിങ്ങളെ അവിടുത്തെ ഹൃദയത്തിലേക്ക് കൂട്ടിക്കൊണ്ടുപോകും. ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. നിങ്ങൾക്കായി ഈ വാക്കുകൾ നൽകിയ ദൈവത്തിന് നന്ദിയർപ്പിക്കുന്നു. അടുത്തറിയുന്ന ആരും സ്നേഹിക്കുംവിധം മഹത്വവാനാണ് അദ്ദേഹം. നിങ്ങൾക്ലേശങ്ങൾസഹിച്ചുവരികയാണെങ്കിൽഅതാണ് നിങ്ങളുടെ ഉത്തരം. അവിടുന്ന് ഈ വാക്കുകളിലൂടെ, അവയിലൂടെ ഒഴുകുന്ന അനുഗ്രഹങ്ങളിലൂടെ സവിശേഷമായ രീതിയിൽ നിങ്ങളിലേക്ക് വരികയാണ്.

അവിടുത്തേയ്ക്ക് നിങ്ങളെ വിശുദ്ധിയുടെ ഉന്നതതലങ്ങളിലെത്തിക്കാനാവില്ലെന്ന മട്ടിലുള്ള ചിന്തകളുടെ കെണിയിൽ ദയവുചെയ്ത് വീഴരുത്. എന്റെ കുറിപ്പുകളിൽ ചിലേടത്ത് സൂചിപ്പിച്ചിട്ടുള്ളതുപോലെ എന്നെപ്പോലെയുള്ളവരെ കാര്യദർശികളാക്കിയാണ് ഈശോ ഇക്കാലഘട്ടത്തിലെ വലിയ അടയാളങ്ങൾ പ്രവർത്തി

ക്കുന്നത്. പ്രിയ സുഹൃത്തുക്കളേ, അവിടുത്തെ ബി–ടീമായാണ് ഞാൻ സ്വയം കണക്കാക്കുന്നത്. എനിക്കൊപ്പം ചേരുക. നമുക്കൊന്നിച്ച് അവിടുത്തേക്കുവേണ്ടി എളിയ പ്രവർത്തനം കാഴ്ചവയ്ക്കാം.

മുകളിൽ കൊടുത്തിരിക്കുന്ന ജീവചരിത്രഭാഗം എഴുതിയതിനു തൊട്ടുപിന്നാലെ ഈശോയിൽ നിന്ന് ലഭിച്ച സന്ദേശം.

എന്റെ കുഞ്ഞേ, ഞാനും നീയും ദീർഘകാലമായി ഒന്നിച്ചായിരുന്നല്ലോ. നീ ഈ ജോലി ആരംഭിക്കുന്നതിനു മുമ്പ് ഞാൻ നിന്റെ ജീവിതത്തിൽ നിശബ്ദമായി പ്രവർത്തിച്ചുവരികയായിരുന്നു. ആൻ, ഞാൻ നിന്നെ എത്രമാത്രം സ്നേഹിക്കുന്നു. നിന്റെ ജീവിതത്തിലേക്ക് തിരിഞ്ഞുനോക്കി എനിക്കു മുന്നിൽ ഉവ്വ് എന്ന ഉത്തരം നൽകിയ അനേകം അവസരങ്ങൾ കാണാനാകും. അത് നിന്നെ സന്തുഷ്ടയാക്കുന്നില്ലേ ?

അസാധാരണമായ അനുഗ്രഹങ്ങൾ അനുഭവിക്കുന്നതിനു വളരെ മുമ്പുതന്നെ നീ എനിക്ക് ഉവ്വ് എന്ന ഉത്തരം നൽകിത്തുടങ്ങിയിരുന്നു. അങ്ങനെ ചെയ്തിരുന്നില്ലെങ്കിൽ പ്രിയപ്പെട്ടവളേ, ഞാൻ നിനക്ക് അനുഗ്രഹങ്ങൾ തരുകയോ ഈ ദൗത്യം ഭരമേൽപ്പിക്കുകയോ ഇല്ലായിരുന്നു. നിന്റെ സാധാരണ ജീവിതത്തിലെ പ്രതിസന്ധികൾക്കും പ്രലോഭനങ്ങൾക്കും ക്ലേശങ്ങൾക്കും നടുവിൽ ഓരോ ദിവസവും ഉറക്കമുണർന്ന് നിന്റെ കർത്താവിനോട് ഉവ്വ് എന്ന് പറയുന്നത് എത്രമാത്രം പ്രധാനമായിരുന്നു എന്ന് നിനക്കറിയുമോ ?

ഞാൻ കണ്ടിരുന്നതുപോലെ ഈ വലിയ പദ്ധതി നിനക്ക് കാണാനാകുമായിരുന്നില്ല. നിനക്ക് നിന്റെ വിശ്വാസത്തിൽ ആശ്രയമർപ്പിക്കേണ്ടിയിരുന്നു. ആൻ, ഇന്ന് ഞാൻ നിന്നോടു പറയുന്നു. ഇപ്പോഴും കാര്യങ്ങൾ അങ്ങനെതന്നെയാണ്. നിന്റെ മനുഷ്യമനസ്സിന്

സ്വീകരിക്കാൻ കഴിയുന്നതിനേക്കാൾ വിപുലമായ എന്റെ പദ്ധതി നിനക്ക് കാണാനാവില്ല. എനിക്ക് മഹത്വം നൽകുന്ന നിന്റെ വിശ്വാസത്തിൽ തുടർന്നും ആശ്രയമർപ്പിക്കുക. നീ എനിക്കുവേണ്ടി വളരെ സൗമ്യ വും വിനീതവുമായ ഒരു തീരുമാനമെടുത്തതുകൊണ്ട് നിന്നിലൂടെ എനിക്ക് എത്രമാത്രം പ്രവർത്തിക്കാനായി എന്നു നോക്കുക. ഇന്നും ഇനിയുള്ള ഓരോ ദിവസവും ഞാൻ ദൈവത്തെ സേവിക്കും എന്നു പറഞ്ഞു കൊണ്ട് സമാനമായ മറ്റൊരു തീരുമാനമെടുക്കുക. വേദനയിൽ കഴിഞ്ഞ ഒരു ആത്മാവിന് സമാശ്വാസം നൽകിക്കൊണ്ട് കഴിഞ്ഞ ദിവസം രാത്രി നീ എന്നെ സേവിച്ചു. അവനെ സേവിച്ചപ്പോൾ സ്വന്തം ഇംഗിതത്തിനെതിരായി എനി ക്കുവേണ്ടി തീരുമാനമെടുക്കുകയായിരുന്നു.

അതുകൊണ്ട് സ്വർഗ്ഗത്തിൽ സന്തോഷമുണ്ടായി. ആൻ, നീ എന്റേതാണ്. ഞാൻ നിന്റേതും. എന്റെ കുഞ്ഞേ, എന്നോടൊപ്പമായിരിക്കുക.എന്നോടൊപ്പമായിരിക്കുക.

## നിത്യപിതാവായ
## ദൈവത്തോടുള്ള പ്രാർത്ഥന

**സ്വർഗ്ഗസ്ഥനായ പിതാവേ, അങ്ങയോടുള്ള വിധേയത്വം ഞാൻ ഏറ്റുപറയുന്നു. എന്റെ ജീവിതവും പ്രവൃത്തികളും ഹൃദയവും അവിടുത്തേക്ക് സമർപ്പിക്കുന്നു. അങ്ങയുടെ എല്ലാ നിർദ്ദേശങ്ങളും സാധ്യമായ വിധത്തിൽ പൂർണ്ണമായും അനുസരിക്കാനുള്ള അനുഗ്രഹം എനിക്കു നൽകേണമേ. ആമ്മേൻ.**

**പിതാവായ ദൈവമേ, കാര്യങ്ങൾ വിവേചിച്ചറിയാൻ എന്നെ സഹായിക്കണമേ. ആമ്മേൻ.**

2

## ഓഗസ്റ്റ് 17, 2003
## ഈശോ

*എന്റെ കുഞ്ഞുങ്ങളേ, എന്റെ ദിവ്യകാരുണ്യ ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നാണ് ഞാൻ നിങ്ങളോട് സംസാരിക്കുന്നത്. ഈ ലോകത്തിൽ എനിക്ക് ഏറ്റം പ്രിയപ്പെട്ട കുഞ്ഞ് ആത്മാവുകളേ, തീർച്ചയായും നിങ്ങൾ എന്നിലേക്ക് മടങ്ങിവരണം.*

*മുൻപ് എന്നത്തേക്കാളുമുപരിയായി നിങ്ങളുടെ സ്നേഹം നേടാനും നിങ്ങളെ സംരക്ഷിക്കാനും ഞാൻ ആഗ്രഹിക്കുന്നു. കാരണം ഞങ്ങളുടെ കാലഘട്ടം നിങ്ങളുടേതുപോലെയല്ല. കാലത്തിന് അതീതമായി എനിക്ക് നിങ്ങളോട് സംവദിക്കാൻ സാധിക്കും. ഇതാണ് ഞാൻ നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്നത്. ഏറ്റവും വലിയ രഹസ്യങ്ങൾ വരെ ഞാൻ നിങ്ങളുമായി പങ്കുവയ്ക്കാൻ പോകുന്നു.*

*ദിവ്യസക്രാരിയുടെ തിരശ്ശീല മുൻപെന്നത്തേക്കാളധികമായി ഞാൻ നീക്കം ചെയ്യാൻ പോകുന്നു. തിരുവോസ്തിയുടെ രൂപത്തിൽ നിങ്ങൾ എന്നെ അറിയണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഞാൻ ജീവന്റെ അപ്പമാകുന്നു. അതെ, ഞാൻ നിങ്ങളുടെ യേശുവുമാണ്.*

*നിങ്ങളെപ്പോലെതന്നെ ക്ലേശങ്ങളുടെയും ആവശ്യങ്ങളുടെയും പാതകൾ താണ്ടിയ ഒരു എളിയ മനുഷ്യനായിരുന്നു ഞാൻ. പലരും എന്നെ ദ്വേഷിച്ചു. അതുകൊണ്ട് വ്യഥിതഹൃദയന്റെ വേദന എനിക്കറിയാം. ഞങ്ങൾക്ക് പണം കുറവായിരുന്നു. അതുകൊണ്ട് എനിക്ക് വിശപ്പിന്റെ വേദന മനസ്സിലാകും. ഞാൻ*

*വ്യത്യസ്തനായിരുന്നു. അതുകൊണ്ട് ഒറ്റപ്പെടലിന്റെ വേദനയും എനിക്കറിയാം.*

*കുഞ്ഞുങ്ങളെ, ഞാൻ നിങ്ങൾക്കൊപ്പമുണ്ട്. മുൻകാലങ്ങളിലെ ആത്മാവുകൾ സ്വർഗ്ഗത്തിലെത്തുന്നതുവരെ പഠിക്കാതിരുന്ന കാര്യങ്ങൾ നിങ്ങളെ പഠിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.*

*എന്റെ പിതാവ് ഏറെ വാത്സല്യത്തോടെ സൃഷ്ടിച്ച ഈ ലോകത്തിന്റെ നിയന്ത്രണം പിടിച്ചെടുത്തിരിക്കുന്ന തിന്മയുടെ തീരങ്ങൾ കഴുകി ശുദ്ധീകരിക്കുന്നതിനായി ക്രിസ്ത്യാനികളുടെ ഒരു വേലിയേറ്റ തരംഗം സൃഷ്ടിക്കുകയാണ് എന്റെ ലക്ഷ്യം.*

*ഈ പ്രക്രിയ നിങ്ങളുടെ ലോകത്തെ ശുചീകരിച്ച് ഒരിക്കൽകൂടി ദൈവമക്കളുടെ സുരക്ഷിതസ്ഥലമാക്കി മാറ്റും. ഞാൻ നിങ്ങൾക്ക് അറിവും ബുദ്ധിയും സ്നേഹവും പകരും. നിങ്ങളുടെ ഹൃദയങ്ങൾ സ്വർഗ്ഗീയ സ്നേഹത്തിന്റെ തീച്ചൂളകളായി ജ്വലിക്കത്തക്കവിധം നിങ്ങളെ ഞാൻ ദൈവത്തിലേക്ക് അടുപ്പിക്കും. എനിക്കൊപ്പം ജോലി ചെയ്യുന്നതിന് നിങ്ങൾക്ക് അവസരം നൽകും.*

*കുഞ്ഞുങ്ങളെ, ഇപ്പോൾ എന്നോടൊപ്പം വരിക. നിങ്ങളുടെ രക്ഷകനായ എനിക്കൊപ്പം ഈ സ്വർഗ്ഗീയ പാതയിലൂടെ നടക്കുക. നമുക്കൊന്നിച്ച് നമ്മോടൊപ്പം ചേരാൻ മറ്റുള്ളവരെയും ക്ഷണിക്കാം. അങ്ങനെ ഈ ജനത്തിനും സ്വർഗ്ഗത്തിൽ വാഴുന്ന ദൈവത്തിനും വേണ്ടി തിന്മക്കെതിരെ ഉണർന്നെണീറ്റ് ലോകത്തിൽ നന്മ വീണ്ടെടുക്കാം.*

*ഞാൻ സർവ്വശക്തനാണ്. എന്നോട് സഹകരിക്കുകയും എനിക്കൊപ്പം പ്രവർത്തിക്കുകയും ചെയ്യുകവഴി എന്റെ ശക്തിയിൽ നിങ്ങൾ പങ്കുകാ*

*രാകുകയാണ്. ഇതുവരെ പരിചിതമല്ലാത്ത വിധത്തിൽ സ്നേഹിക്കാൻ നിങ്ങൾപഠിക്കും. പുതിയൊരു രീതിയിൽ ഞാൻ സ്വയം നിങ്ങൾക്ക് വെളിപ്പെടുത്തുകയും ചെയ്യും.*

*വരിക, നമുക്കൊന്നിച്ച് പിതാവായ ദൈവത്തെ ആരാധിക്കുകയും അവിടുത്തേക്ക് സ്വയം സമർപ്പിക്കുകയും ചെയ്യാം. അവിടുന്നാണ് ഈ പ്രവൃത്തിയെ ഭരിക്കുന്നത്. ഈ അനുഗ്രഹങ്ങൾക്ക് അവിടുത്തേക്ക് ആവർത്തിച്ച് അഗാധമായ നന്ദിയർപ്പിക്കുക. അങ്ങനെ ലോകരക്ഷയിൽ എന്നെ സഹായിക്കാൻ നിങ്ങൾക്ക് സാധിക്കും.*

## ഓഗസ്റ്റ് 18, 2003

## ഈശോ

*എന്റെ കുഞ്ഞുങ്ങളുടെ കാര്യത്തിൽ എനിക്കുള്ള വലിയ കരുതൽ അവർക്കു വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ലോകമെമ്പാടുമുള്ള സക്രാരികളിൽ ഞാൻ വസിക്കുന്നു. ജീവിക്കുന്ന ക്രിസ്തു എന്റെ കുഞ്ഞുങ്ങളുടെ മധ്യേ ഉണ്ടാവണമെന്ന് ആഗ്രഹമുള്ളതുകൊണ്ടാണിത്.*

*തിരുവോസ്തിയെ സമീപിക്കുകയും എന്നെ ആരാധിക്കുകയും ചെയ്യുന്ന ഹൃദയങ്ങൾക്ക് ഏറെ പരിശുദ്ധി ലഭിക്കുന്നു.*

*ഞാൻ എല്ലാ വ്യാധികൾക്കും സ്വാസ്ഥ്യമാണ്. എല്ലാ കൊടുങ്കാറ്റുകൾക്കും ശാന്തതയാണ്. എല്ലാ ദുഃഖങ്ങൾക്കും സമാശ്വാസവുമാണ്. എന്റെ കുഞ്ഞുങ്ങളെ കൂടുതൽ മികച്ച നിലയിൽ നയിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. ഓരോ സക്രാരിയിലും കുടികൊള്ളുന്ന ജീവനെ ഞാൻ നിങ്ങൾക്ക് കാണിച്ചുതരാൻ പോകുകയാണ്. എന്റെ പ്രിയരേ, ഓരോ തവണയും ഇവിടെ എന്നെ സന്ദർശിക്കുന്നതിന്റെ യഥാർത്ഥമൂല്യം നിങ്ങൾക്ക് അറിയാമായിരുന്നെങ്കിൽ എല്ലാ രാപ്പകലുകളിലും വൻ ജനാവലിതന്നെ എന്റെ സന്നിധിയിലുണ്ടാകുമായിരുന്നു. ആത്മാവുകളുടെ ഈ സംഗമത്തിനുവേണ്ടിയാണ് ഞാൻ ഇപ്പോൾ നിങ്ങളെ ക്ഷണിക്കുന്നത്.*

*ഈ ലോകത്തിലെ എന്റെ കുഞ്ഞുങ്ങളേ, നിങ്ങളുടെ ഈശോയാകുന്ന ഞാൻ പ്രകൃതിയുടെ നിയമങ്ങൾക്ക് അതീതനാണ്. എനിക്ക് എന്തും ചെയ്യാനാകും. സ്വർഗീയവീക്ഷണം ലഭിക്കാത്ത ആത്മാവുകൾക്ക്, മറ്റൊരുതരത്തിൽ പറഞ്ഞാൽ ഭൂമിയിൽ തുടരുന്നവർക്ക് സങ്കൽപ്പിക്കാനാവുന്നതിനുമപ്പുറമാണ് എന്റെ ശക്തി.*

*നിങ്ങളുടെ ലോകത്ത് ശക്തിയെക്കുറിച്ച് ഒട്ടേറെ ചർച്ച കൾ നടക്കുന്നു. ഒരാൾക്ക് പ്രത്യേക ശക്തിയുണ്ട്, മറ്റൊ രാൾക്ക് വേറൊരു ശക്തി എന്നിങ്ങനെ. ഗൂഢ, മാന്ത്രിക ശക്തികളുടെ പ്രതിരൂപങ്ങളുടെ പ്രളയത്തിനു നടുവി ലാണ് കുഞ്ഞുങ്ങൾ ജീവിക്കുന്നത്. ഇതിന് അന്ത്യംകു റിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.*

*സ്വർഗ്ഗീയമല്ലാത്ത ശക്തികളുടെ ഒഴിയാബാധകൾ ലോകത്തിൽ നിലനിൽക്കുന്നു. എന്റെ കുഞ്ഞുങ്ങളേ, ഇവ നല്ലതാണെന്നും അല്ലെങ്കിൽ നിരുപദ്രവകരമാ ണെന്നും പ്രകാശത്തിന്റെ മക്കളിൽ ചിലർപോലും പ റയുന്നു. ദൈവികമായ എല്ലാ മഹത്വത്തോടും കൂടി ഞാൻ നിങ്ങളോടു പറയട്ടെ. ഒരു ശക്തി എന്നിൽനി ന്നുള്ളതല്ലെങ്കിൽ അത് തിന്മയാണ്. ഓരോ ദിവസവും ഇത്തരം കപടവേഷക്കാരെ തിരഞ്ഞു കണ്ടെത്തുകയും അവരെ നിങ്ങളുടെ ജീവിതത്തിൽ നിന്ന് ഒഴിവാ ക്കുകയും ചെയ്യുവിൻ. ഇത്തരക്കാർ സൃഷ്ടിക്കുന്ന നഷ്ടമെന്തെന്ന് നിങ്ങൾ കാണുന്നില്ല. പക്ഷേ, നിങ്ങൾ തുറക്കാനാഗ്രഹിക്കാത്ത ആത്മാവിലേക്ക് ഒരു വാതിൽ തുറക്കാൻ ഇത് അവസരമൊരുക്കുകയാണെന്ന് നിങ്ങ ളുടെ രക്ഷകനായ ഞാൻ ഉറപ്പുനൽകുന്നു. ശക്തികളെ കേന്ദ്രീകരിച്ചുള്ള വിനോദങ്ങളിൽ നിന്നും കളികളിൽ നിന്നും നിങ്ങളുടെ കുട്ടികൾ സംരക്ഷിക്കപ്പെട്ടേതീരൂ.*

*നിയതമായ രീതിയിൽ നിങ്ങളെ നയിക്കാൻ, താക്കീതു ചെയ്യാനും തിരുത്താനും പഠിപ്പിക്കാനും ഞാൻ ആഗ്ര ഹിക്കുന്നു. എല്ലാത്തിനുമുപരിയായി ഞാൻ നിങ്ങളെ സ്നേഹിക്കാൻ ആഗ്രഹിക്കുന്നു.*

*നിങ്ങൾ എന്നെങ്കിലും ആരെയെങ്കിലും തീവ്രമായി സ്നേഹിക്കുകയും ആ സ്നേഹം നിരാകരിക്കപ്പെ ടുകയും ചെയ്തിട്ടുണ്ടോ? നിങ്ങളുടെ സ്നേഹം നിങ്ങളിലേക്കുതന്നെ എന്നെങ്കിലും തിരിച്ചുപോന്നിട്ടു*

ണ്ടോ? അങ്ങനെ എന്നെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ എന്റെ അവസ്ഥ നിങ്ങൾക്ക് മനസ്സിലാക്കാനാകും. ഭൂരിഭാഗം മനുഷ്യരും എന്നെ നിരാകരിച്ചു. മനുഷ്യകുലത്തിന്റെ പാപങ്ങൾ മറക്കപ്പെടുന്നതിനും അവയ്ക്ക് മാപ്പുലഭിക്കുന്നതിനും വേണ്ടി ഞാൻ എന്റെ ജീവനേകി. എന്നാൽ വിഡ്ഢികളായ പാവം മനുഷ്യകുലം "നിന്റെ സമ്മാനങ്ങൾ മൂല്യമില്ലാത്തവയാണ്, അതിന് ഇനി യാതൊരു പ്രസക്തിയുമില്ല" എന്ന് വിളിച്ചുപറയുന്നതുപോലെ ഞാൻ നൽകിയവ എന്റെ കാൽച്ചുവട്ടിലേക്ക് വലിച്ചെറിയുന്നു.

എന്റെ ഏറ്റം പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, ചിലരുടെ കാര്യത്തിൽ ഇത് അജ്ഞതകൊണ്ട് സംഭവിക്കുന്നതാണ്. സ്വന്തം അനശ്വരതയും രക്ഷയുമാണ് വലിച്ചെറിയുന്നതെന്ന് ഈ കുഞ്ഞുങ്ങളിൽ പലർക്കും അറിയില്ല. കാരണം അവരോട് ഇതേക്കുറിച്ച് ആരും പറഞ്ഞിട്ടില്ല.

യേശുക്രിസ്തു ഇന്നും ജീവിക്കുന്നുവെന്നും രക്ഷിക്കുന്നുവെന്നും സംശയലേശമെന്യേ വ്യക്തമാകുന്ന രീതിയിൽ എന്നെത്തന്നെ ലോകത്തിന് വെളിപ്പെടുത്തിക്കൊണ്ട് അധികം വൈകാതെ ഞാൻ ഈ സാഹചര്യത്തിന് മാറ്റമുണ്ടാക്കും.

അന്ന് ആത്മാക്കൾ എന്നെ അറിയുകയും അറിവിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കത്തക്കവിധം സ്വതന്ത്രമായിരിക്കുകയും ചെയ്യും.

കുഞ്ഞുങ്ങളേ, ആ ദിവസത്തിനു മുൻപേ വിശ്വാസത്തിൽ അധിഷ്ഠിതമായി തീരുമാനമെടുക്കുന്ന ആത്മാക്കൾ എനിക്ക് നൽകുന്ന സമാശ്വാസം എത്ര വലുതായിരിക്കും. ഞാൻ എന്റെ ആത്മാവിനെ ഇപ്പോൾ ലോകത്തിലേക്കയയ്ക്കുന്നു. ത്രിത്വത്തിലെ മൂന്നാമത്തെ ആളായ പരിശുദ്ധാത്മാവ്, അവിടുത്തെ സ്വാ

*ഗതം ചെയ്യുന്ന എല്ലാ ആത്മാവുകളിലും വസിക്കുന്നു. എന്റെ വാക്കുകൾ ലോകമെങ്ങും പ്രചരിക്കപ്പെടണം. പരിശുദ്ധാത്മാവിനെ സംവഹിക്കുന്ന ഒരു ആത്മാവ് ഈ വാക്കുകൾ കേൾക്കുമ്പോൾ സവിശേഷമായി പ്രോജ്ജ്വലിക്കും. സത്യമായും ഇത്തരം ഓരോ ആത്മാവിന്റേയും പ്രകാശം സ്വർഗ്ഗത്തിലെത്തുകയും വിജയശ്രീലാളിതമായ ഓരോ ആത്മാവും ലക്ഷ്യത്തിലേക്ക് മടങ്ങുന്ന മറ്റൊരു പോരാളിയെ കണ്ട് ആനന്ദിക്കുകയും ചെയ്യും.*

*പ്രിയപ്പെട്ടവരേ, എന്റെ എല്ലാ ആഗ്രഹങ്ങളെയും പ്രതി സദാ ജാഗരൂകരായിരിക്കുക. എന്റെ അഭ്യർത്ഥനകളോട് അനുസരണാപൂർവ്വം പ്രതികരിക്കാൻ പരിശീലിക്കുക. നിങ്ങൾ സമാധാനം അനുഭവിക്കും. ഞാൻ നിങ്ങൾക്ക് അത് ഇന്ന് വാഗ്ദാനം ചെയ്യുന്നു. ഞാൻ നിങ്ങളെ സ്നേഹത്തെക്കുറിച്ച് പഠിപ്പിക്കുന്നതിനാൽ ദിവ്യകാരുണ്യത്തിൽ സന്നിഹിതനായിരിക്കുന്ന എന്നെ ആരാധിക്കുക.*

## ഓഗസ്റ്റ് 19, 2003
## ഈശോ

*ഇന്ന് ഞാൻ നിങ്ങളോട് സ്നേഹത്തെക്കുറിച്ച് സംസാരിക്കാൻ ആഗ്രഹിക്കുന്നു. എല്ലാ സ്നേഹവും ഞാനാണ്. ഈ ലോകത്തിലെ എന്റെ മക്കൾ സ്നേഹത്തെക്കുറിച്ച് വീണ്ടും പഠിച്ചേ തീരൂ. കാരണം, പലർക്കും സ്നേഹത്തിന്റെ അന്തസത്ത വികൃതമാക്കപ്പെട്ടതാണ്. അവർ സ്നേഹത്തെ വിലയേറിയതായി കാണാനോ അത് നേടിയെടുക്കാനോ ശ്രമിക്കുന്നില്ല. എന്റെ കുഞ്ഞുങ്ങളേ, സ്നേഹം പ്രശാന്തവും സുസ്ഥിരവുമാണ്. സ്നേഹം വിശ്വസ്തമാണ്. പ്രലോഭനങ്ങൾക്കുമുന്നിൽ അതിന് തിളക്കം മങ്ങുന്നില്ല. ഭൂമുഖത്ത് സ്നേഹം അനേകതരമുണ്ട്. അകൃത്രിമമായ എല്ലാ സ്നേഹങ്ങൾക്കും അവയുടേതായ ഇടവുമുണ്ട്.*

*എന്റെ മക്കൾ സ്വന്തം ജീവിതത്തിൽ സ്നേഹത്തിനുള്ള യഥാർത്ഥ അവസരങ്ങൾ പരിശോധിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. തീർച്ചയായും സ്നേഹത്തിന്റെ പ്രാഥമിക ഉറവിടം കുടുംബമാണ്. പക്ഷേ, പല കുടുംബങ്ങളും സ്നേഹത്തിന്റെ കാര്യത്തിൽ പരാജയപ്പെടുകയും കുടുംബാംഗങ്ങൾ ഭിന്നിച്ച് പിരിയുകയും ചെയ്യുന്നു. കുഞ്ഞുങ്ങളേ, മറ്റൊരാളെ സ്നേഹിക്കാനുള്ള കർത്തവ്യമെന്നാൽ നിങ്ങൾക്ക് ക്ലേശങ്ങൾ ഉണ്ടാവില്ല എന്നർത്ഥമില്ല. നിങ്ങൾ പീഡിപ്പിക്കപ്പെടാം. ക്ഷമിക്കുക എന്ന മറ്റൊരു കർത്തവ്യം കൂടി ഇതിലൂടെ ഭരമേൽപ്പിക്കപ്പെടുന്നു.*

*ക്ലേശങ്ങൾ നേരിട്ട ഒരാളുടെ ഉദാഹരണം വേണമെന്നുണ്ടെങ്കിൽ നിങ്ങൾ എന്നെ നോക്കുക. കുഞ്ഞേ, നീ വേദനിപ്പിക്കപ്പെടേണ്ടവനല്ല. ഞാൻ എല്ലാം കാണു*

*കയും മനസ്സിലാക്കുകയും ചെയ്യുന്നു. ഞാനും ക്ലേശങ്ങൾക്ക് അർഹനല്ല. പക്ഷെ, പ്രിയപ്പെട്ടവരേ നിങ്ങൾ എന്നെ പലവട്ടം വേദനിപ്പിച്ചിട്ടുണ്ടെന്ന് ഞാൻ ഇപ്പോൾ പറയട്ടെ. നിങ്ങളുടെ അവഗണന മാത്രം എന്നെ ഏറെ മുറിവേൽപ്പിക്കുന്നു. എങ്കിലും ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങൾ എല്ലാം തികഞ്ഞവരല്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. നിങ്ങളെ നിരീക്ഷിക്കുകയും നിങ്ങളോട് സത്യമായും പൊറുക്കുകയും ചെയ്യുന്നു. ദയവായി എന്റെ വാഗ്ദാനം സ്വീകരിക്കുക. നമുക്കൊന്നിച്ച് പുതിയൊരു നടത്തം തുടങ്ങാം.*

*മുറിവേൽപ്പിക്കപ്പെട്ട എന്റെ പ്രിയ കുഞ്ഞേ, എന്റെ മാപ്പ് നിന്റെ ഹൃദയത്തിൽ ഉൾക്കൊള്ളുക. അവിടെ ഒരു പുതിയ ഭവനം പണിയാൻ അനുവദിക്കുക. സ്വാഗതം ചെയ്യപ്പെടുന്ന ഒരു അതിഥി ഒരിക്കലും ആതിഥേയന് യാതൊരു ബുദ്ധിമുട്ടും ഉണ്ടാക്കുന്നില്ല. അത്തരമൊരു അതിഥി സ്വന്തം ആവശ്യങ്ങൾ നിവർത്തിക്കുന്നതിനൊപ്പം ആതിഥേയനെ സഹായിക്കാനും തയ്യാറാകുന്നു. അതു ശരിയല്ലേ കുഞ്ഞേ? ഞാൻ നിങ്ങളുടെ അതിഥിയാണ്; നിങ്ങളുടെ ആത്മാവിലെ അതിഥി. എന്നെ സ്വാഗതം ചെയ്യുക. ഞാൻ നിങ്ങളുടെ ആത്മാവിനെ സുഖപ്പെടുത്തുകയും പോഷിപ്പിക്കുകയും രക്ഷിക്കുകയും ചെയ്യും. നിങ്ങളുടെ ഹൃദയം സ്നേഹത്തികവോടെ മിടിക്കും. ഞാൻ എല്ലാ മാലിന്യങ്ങളും ശുചീകരിക്കുകയും മുറിവുകൾ എന്നെന്നേക്കുമായി നീക്കം ചെയ്യുകയും ചെയ്യും. നിങ്ങളെ വേദനിപ്പിക്കുന്ന എല്ലാവർക്കുമേലും ചൊരിയാൻ തക്കവിധം നിങ്ങൾക്ക് ഞാൻ ധാരാളമായി ക്ഷമാശീലം നൽകും.*

*ഏകസത്യദൈവത്തിന്റെ പ്രിയമക്കളേ, നിങ്ങളെ വേദനിപ്പിച്ചിട്ടുള്ളവരെ, പ്രത്യേകിച്ച് സ്വന്തം കുടുംബത്തിലുള്ളവരെ അന്വേഷിച്ചു കണ്ടെത്തി അവരോട് ക്ഷമി*

*ക്കുവിൻ. പ്രിയപ്പെട്ട കുഞ്ഞേ, ക്ഷമാശീലത്തിനുവേണ്ടി നിങ്ങൾ എവിടെയും അന്വേഷിക്കേണ്ടതില്ല അത് എവിടെയെന്ന് എന്നോടു ചോദിക്കുവിൻ. ഞാൻ നിങ്ങൾക്ക് ക്ഷമാശീലം നൽകാം. അതു ചെയ്താൽ നിങ്ങൾക്ക് സൗഖ്യം ലഭിക്കും.*

*"ഈശോയെ, അത് ഏറെ വിഷമകരമാണ്. ഞാൻ ഏറെ വേദന സഹിച്ചിട്ടുള്ളതുകൊണ്ട് മാപ്പുനൽകാനാവില്ല" എന്ന് നിങ്ങൾ പറയുമായിരിക്കും. എന്റെ കുഞ്ഞേ, ക്ഷമാശീലം സ്വായത്തമാക്കാൻ ഞാൻ നിന്നോട് വീണ്ടും ഉപദേശിക്കുന്നു.*

*മാപ്പുനൽകാനുള്ള വാക്കുകൾ നിങ്ങളുടെ മനസ്സിലാണ് ആദ്യം പറയേണ്ടത്. പിന്നെ, അത് ഉച്ചത്തിൽ പറയുക. തുടർന്ന് ആ ശബ്ദവുമായി പൊരുത്തപ്പെടുക. എന്റെ അനുഗ്രഹം കൊണ്ട് അത് സാധ്യമാകുമെന്നു മാത്രമല്ല, അനായാസവുമായിരിക്കും. നിങ്ങളെ ആത്മാർത്ഥമായി സ്നേഹിക്കുകയും നിങ്ങളുടെ സമാധാനം കാംക്ഷിക്കുകയും ചെയ്യുന്ന എന്നിൽ വിശ്വാസമർപ്പിക്കുവിൻ.*

*നമുക്കിടയിൽ പാരുഷ്യത്തിന്റേതായ യാതൊരു തടസ്സവുമുണ്ടാകരുത്. ഞാൻ നിങ്ങളെ സുഖപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഞാൻ കുടുംബങ്ങളെ സുഖപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഭയപ്പെടേണ്ട. ആരോടെങ്കിലും നിങ്ങൾ ക്ഷമിക്കുകയും അവർ അത് നിരസിക്കുകയും ചെയ്താൽ അത് അവന്റെ നഷ്ടമായിരിക്കും. നിങ്ങൾക്ക് സൗഖ്യവും അർഹമായ പ്രതിഫലവും ലഭിക്കും. നിങ്ങളുടെ സമ്മാനം സ്വീകരിച്ച ഒരാൾ അതുകൊണ്ട് എന്തു ചെയ്യുന്നു എന്നത് ഞാൻ കാര്യമാക്കുന്നില്ല. നിങ്ങളുടെ ജീവിതം ഞാൻ പരിശോധിക്കുമ്പോൾ നിങ്ങൾ നൽകി എന്നതുമാത്രമേ കണക്കിലെടുക്കൂ. അതുകൊണ്ട് എന്റെ പ്രിയപ്പെട്ട കുഞ്ഞേ*

*എന്നെ നിന്റെ അതിഥിയായി സ്വാഗതം ചെയ്യൂ. നിനക്ക് പെട്ടെന്ന് നൽകിത്തീർക്കാനാവാത്തത്ര സ്നേഹവും ക്ഷമാശീലവും നിന്റെ ഹൃദയത്തിൽ ഞാൻ നിക്ഷേപിക്കും. ഞാൻ നിന്റെ ദൈവമാണ്. എന്നിൽ വിശ്വസിക്കുക.*

## ഓഗസ്റ്റ് 20, 2003

## ഈശോ

*ഐക്യത്തെക്കുറിച്ചാണ് ഇന്ന് ഞാൻ സംസാരിക്കുന്നത്. ലോകത്തിൽ വലിയതോതിൽ അനൈക്യം നിലനിൽക്കുന്നു. ആധുനികജീവിതത്തിൽ ഇത് വ്യാപകമാണ്. പക്ഷേ, കുടുംബജീവിതത്തിലെ പ്രത്യേക അനൈക്യത്തെക്കുറിച്ചാണ് ഞാൻ സംസാരിക്കുന്നത്, എനിക്ക് അനുവാദം നൽകുന്ന എല്ലാ കുടുംബങ്ങളിലും ഐക്യബോധം തിരിച്ചുകൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുന്നു.*

*കുഞ്ഞുങ്ങളേ, കുടുംബത്തിൽ ഐക്യമുള്ളപ്പോൾ അംഗങ്ങൾ സുസ്ഥിരമായ സ്നേഹപ്രവാഹം അനുഭവിക്കുന്നു. എന്നെന്നും ലഭ്യമായ എന്റെ സ്നേഹം കുടുംബങ്ങളെ ജീവിതത്തിലെ അനിവാര്യമായ പ്രതിസന്ധിഘട്ടങ്ങളിലൂടെ കടന്നുപോകാൻ സഹായിക്കുന്നു. അത്തരം കുടുംബങ്ങളിലുള്ളവർ ശാന്തവും സുസ്ഥിരവുമായ സഹനം കൈമുതലായുള്ളവരാണ്. പ്രാർത്ഥനയിലൂടെ കുടുംബത്തിൽ അതിവേഗം ഐക്യമുണ്ടാകുന്നു. കുടുംബപ്രാർത്ഥനയ്ക്ക് മുൻഗണന കൊടുക്കാൻ തീരുമാനിക്കുന്ന ഭവനത്തിനുമേൽ ഒട്ടേറെ അനുഗ്രഹങ്ങൾ ചൊരിയാൻ എനിക്കു സാധിക്കും. നമ്മുടെ അമ്മയ്ക്കായി സമർപ്പിക്കപ്പെട്ടിരിക്കുന്ന കുടുംബങ്ങൾക്ക് പ്രാർത്ഥനയും കുടുംബഐക്യവും തമ്മിലുള്ള ബന്ധം നേരത്തെതന്നെ അറിയാം.ഈ തിരിച്ചറിവ് എല്ലാ കുടുംബങ്ങൾക്കും ഉണ്ടാവണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.*

*നിങ്ങളുടെ കുടുംബം ഒന്നിച്ച് പ്രാർത്ഥിക്കേണ്ടത് എപ്പോഴാണ് എന്നതു സംബന്ധിച്ച് ഉറച്ച തീരുമാനമെടുക്കുക. ഈ സമയത്ത് എന്തെങ്കിലും അസൗക*

ര്യമുണ്ടായാൽ നിങ്ങളുടെ തീരുമാനം തെറ്റായിരുന്നു എന്നതിന്റെ സൂചനയായി അതിനെ കാണരുത്. കൂടുതൽ സൗകര്യപ്രദമായ മറ്റൊരു സമയത്ത് പ്രാർത്ഥിക്കുക. ഞാൻ, നിങ്ങളുടെ ഈശോ, എല്ലാം കാണുന്നു. എനിക്ക് എല്ലാം മനസ്സിലാകും.

കുടുംബത്തിന് ഒന്നിച്ചു പ്രാർത്ഥിക്കാൻ സമയം കിട്ടുന്നില്ലെന്ന് നിങ്ങൾ പറഞ്ഞാൽ ഉചിതമായ ഒരു സമയം കണ്ടെത്തുന്നതിന് ഞാൻ സഹായിക്കാം. നിങ്ങൾ എല്ലാവരും വളരെ തിരക്കിലായിരിക്കാനും അതുകൊണ്ടുതന്നെ ചില കാര്യങ്ങൾ ഒഴിവാക്കാനുമുള്ള സാധ്യതയുണ്ട്. തിരക്കേറിയ ഈ ലോകത്തിൽ കഴിയുന്ന എന്റെ മക്കൾ വിനോദവും ചുമതലയും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയണം. സുഹൃത്തുക്കൾക്കൊപ്പം ചെലവഴിക്കുക എന്നത് കുടുംബപ്രാർത്ഥനയോളം പ്രാധാന്യമുള്ള കാര്യമല്ല. നിങ്ങളുടെ ദിനചര്യകളുടെ മുൻഗണനാക്രമം പരിശോധനാവിധേയമാക്കേണ്ടതുണ്ടാവാം. ഈ പരിശോധനയുടെ കാര്യത്തിൽ ആശങ്കവേണ്ട, ഞാൻ നിങ്ങളെ സഹായിക്കാം. കുടുംബാംഗങ്ങൾക്കൊപ്പമിരുന്ന് നിങ്ങൾക്ക് പ്രാർത്ഥിക്കാൻ സാധിക്കുന്നത് എപ്പോഴാണെന്ന് നമുക്കൊന്നിച്ച് പരിശോധിക്കാം. ഈ തീരുമാനത്തിന്റെ പേരിൽ നിങ്ങൾക്ക് ധാരാളം അനുഗ്രഹങ്ങൾ ലഭിക്കുമെന്ന എന്റെ വാഗ്ദാനത്തിൽ വിശ്വാസമർപ്പിക്കുവിൻ. നിങ്ങളുടെ കുടുംബത്തിൽ ഞാൻ ഐക്യം കൊണ്ടുവരും.

അസ്ഥിത്വത്തിനും ഐക്യം അനിവാര്യമാണ്. പ്രത്യേകിച്ചും കുട്ടികൾക്ക്, ക്രിസ്ത്യാനികൾ എന്ന നിലയിൽ ജീവിതത്തെ വ്യത്യസ്തമായി വീക്ഷിക്കുകയും അതിനോട് വ്യത്യസ്തമായി പ്രതികരിക്കുകയും ചെയ്യേണ്ടവരാണ് തങ്ങളെന്ന ബോധ്യമുണ്ടാവണം. നിങ്ങളുടെ വീട്ടിലാണ് ഇത് തുടങ്ങേണ്ടത്.

ഈ ലോകത്തിലെ എന്റെ കുഞ്ഞുമക്കൾ അവരുടെ പാരമ്പര്യം മനസ്സിലാക്കുന്നില്ല. മുതിർന്നവരുടെ കാര്യത്തിൽ ഈ അവസ്ഥ കുറെക്കൂടി ഗൗരവതരമാണ്. അവർ തങ്ങളുടെ പാരമ്പര്യം നിരാകരിച്ചിരിക്കുകയാണ്. അതുകൊണ്ട് നമ്മുടെ ഉത്തരവാദിത്വം ഇരട്ടിയാണ്. നമ്മുടെ ചെറുപ്പക്കാരെ പഠിപ്പിക്കുകയും മുതിർന്നവരെ സ്നേഹത്തിലേക്ക് ക്ഷണിക്കുകയും വേണം. ഈ ലോകത്തിലെ നിങ്ങളുടെ സഹോദരീസഹോദരന്മാരെ നോക്കുക. പലരും കുടുംബത്തിൽ അനൈക്യം നേരിടുകയും പാരുഷ്യത്തിന്റെ പാതയിൽ സഞ്ചരിക്കുകയും ചെയ്യുന്നു. അവർ എന്റെ സഹായത്തിനായി അപേക്ഷിക്കുന്നതേയില്ല. ഇങ്ങനെയാണ് ആളുകൾ പെരുമാറുന്നതെന്ന് അവർ ധരിച്ചുവെച്ചിരിക്കുന്നു. ഞാൻ ഉറപ്പിച്ചുപറയുന്നു. എന്റെ കുഞ്ഞുങ്ങളേ, ക്രിസ്ത്യാനികൾ ഇങ്ങനെ പെരുമാറില്ല. കുടുംബങ്ങളെ ഒന്നിച്ചുകൂട്ടാൻ ഞാൻ ഉദ്ദേശിക്കുന്നു. മറ്റുള്ളവരോടും ദൈവത്തോടുമുള്ള ഉത്തരവാദിത്വം എന്താണെന്ന് സ്നേഹത്തിന്റെ ഈ സുരക്ഷിത ഉറവിടത്തിൽ നിന്ന് കുഞ്ഞുങ്ങൾ പഠിക്കും. ഇതായിരിക്കണം ഇനിയുള്ള മാതൃക. നിങ്ങൾ എന്നെ സഹായിക്കുമോ? ഒന്നിച്ചു പ്രാർത്ഥിച്ചുകൊണ്ട് ഓരോ കുടുംബവും ഈ സന്ദേശത്തോട് പ്രതികരിക്കുമെന്ന് നമുക്ക് ഒന്നുചേർന്ന് ഇന്ന് തീരുമാനിക്കാം.

സാഹചര്യത്തിനൊത്ത് ഒരു സ്വർഗ്ഗസ്ഥനായ പിതാവേ മാത്രം ചൊല്ലി ചെറിയതോതിൽ തുടക്കം കുറിക്കാം. ക്രമേണ വിശദമായ പ്രാർത്ഥന ചൊല്ലാം. കുടുംബങ്ങൾ പരിശുദ്ധ ജപമാല ചൊല്ലണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അതായിരിക്കട്ടെ നിങ്ങളുടെ ലക്ഷ്യം. എന്റെ അമ്മയോടുള്ള ഭക്തി ഒരു കുടുംബത്തെ വളരെവേഗം എന്റെ പക്കലെത്തിക്കും. അമ്മയോടുള്ള ഭക്തി ആഴമേറിയ പല മുറിവുകളും സുഖപ്പെടുത്തും. ഈ ദൗത്യ

*ത്തിൽ എന്നോടൊപ്പമുള്ള അമ്മ ഒട്ടേറെ ആത്മാക്കളെ എന്നിലേക്ക് തിരിച്ചുകൊണ്ടുവരുന്നു. ഒരു കുടുംബ മായി പ്രാർത്ഥിക്കുക. നിങ്ങളുടെ കുടുംബത്തിൽ ഞാൻ ഐക്യം പുനഃസ്ഥാപിക്കുമ്പോൾ ആഹ്ലാദിക്കുക.*

## ഓഗസ്റ്റ് 21, 2003
## ഈശോ

*ആധുനിക ലോകത്തിന്റെ ഭ്രാന്തമായ പ്രയാണത്തിലേക്ക് ഒരിക്കൽകൂടി നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കുഞ്ഞുങ്ങളേ, വരിക, ദിവ്യകാരുണ്യമെന്ന കൂദാശയിലൂടെ എന്നോടൊപ്പമായിരിക്കുക. ലോകമെമ്പാടുമുള്ള സക്രാരികളിൽ ഞാനുണ്ട്. ഇപ്പോൾ ഒരു സക്രാരിയെക്കുറിച്ച് ചിന്തിക്കുക. അവിടെ എന്റെ രൂപം കാണുക. എനിക്ക് ടെലിവിഷനോ റേഡിയോയോ ഉണ്ടോ? തീർച്ചയായും ഇല്ല. എന്നിരുന്നാലും സത്യമായും ഞാൻ അവിടെയുണ്ട്. അവൻ അവിടെ എന്തുചെയ്യുകയാണ് എന്ന് നിങ്ങൾ ചോദിച്ചേക്കാം.*

*എന്റെ കുഞ്ഞേ, ഞാൻ അവിടെ മുഷിഞ്ഞിരിക്കുകയല്ലെന്ന് പറയട്ടെ. ഞാൻ നിന്നെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. നീ ഒരുപാട് അകലത്തിലാണോ എന്ന് എനിക്ക് ആശങ്കയുണ്ട്. ലൗകികവഴികൾ തെരഞ്ഞെടുത്ത് നീ സ്വന്തം ആത്മാവിനെ അപകടത്തിലാക്കിയിട്ടുണ്ടെങ്കിൽ ഞാൻ സഹനം നേരിടുന്നു. നിന്റെ സന്ദർശനത്തിന് യാതൊരു സാധ്യതയുമില്ലെങ്കിൽ ഓരോ ദിവസവും ഞാൻ ദുഃഖിക്കുന്നു.*

*നിന്നോട് കരുണ കാണിക്കേണമേ എന്ന് ഞാൻ എന്റെ പിതാവിനോട് അപേക്ഷിക്കുന്നു. ഒരിക്കൽ നീ എന്നിലേക്ക് തിരിച്ചുവരുമെന്ന പ്രതീക്ഷയിൽ നിനക്കു കാവൽ നിൽക്കാൻ എന്റെ മാലാഖമാരോട് ഞാൻ നിർദ്ദേശിക്കുന്നു. എന്റെ കുഞ്ഞേ, ദിവസം എത്രവട്ടം നീ എന്നെക്കുറിച്ച് ഓർക്കുന്നുണ്ട്? ഈ വാക്കുകൾ വായിക്കുന്നതുകൊണ്ട് ഇപ്പോൾ നീ എന്നെക്കുറിച്ച് ചിന്തിക്കുന്നുണ്ട്. നിന്റെ മനസ് എന്റെ സവിധത്തിൽ*

*വിശ്രമിക്കുമ്പോൾ ഞാൻ ഒരു കാര്യം പറയട്ടെ; ഞാൻ നിന്നെ സ്നേഹിക്കുന്നു. നിന്റെ സന്തോഷം മാത്രമാണ് ഞാൻ ആഗ്രഹിക്കുന്നത്. എല്ലാക്കാര്യങ്ങളിലും എനിക്കു നിന്നെ സഹായിക്കാൻ കഴിയും. നിന്റെ പ്രശ്നങ്ങൾ പരിഹരിക്കാനും മുറിവുകൾ സുഖപ്പെടുത്താനും എനിക്കു സാധിക്കും. എന്റെ കുഞ്ഞേ വരിക, ഏതെങ്കിലും സക്രാരിയിലുള്ള ദിവ്യകാരുണ്യത്തിനു മുന്നിൽ ഇരിക്കുക. എന്റെ കൃപകളും അനുഗ്രഹങ്ങളും നിന്നിലേക്ക് ഒഴുകും. നീ നിശബ്ദതയിൽ ലയിച്ചിരിക്കുക. കണ്ണുകൾ അടയ്ക്കുക. അപ്പോൾ നിന്റെ അമൂല്യമായ ശിരസ്സിനെ സ്വർഗ്ഗീയ ചിന്തകൾകൊണ്ട് ഞാൻ നിറയ്ക്കും. എനിക്ക് നിന്നോട് പങ്കുവയ്ക്കാൻ ഒരു പാടുണ്ട്. നിനക്കുണ്ടായ എല്ലാ മുറിവുകളും ഞാൻ കണ്ടു. നിന്നെ ആശ്വസിപ്പിക്കാൻ ഞാൻ ആഗ്രഹിച്ചു. ഇപ്പോൾ ആശ്വസിപ്പിക്കാൻ എന്നെ അനുവദിക്കുക.*

*ജീവിതത്തിലെ ശബ്ദകോലാഹലങ്ങളെ പരമാവധി ഒഴിവാക്കാൻ നിന്നോട് ഞാൻ അഭ്യർത്ഥിക്കുന്നു. ശബ്ദം വിശുദ്ധർക്ക് ഉപകരിക്കില്ല. ലോകത്തിലെ ശബ്ദങ്ങൾ സഹിക്കേണ്ടതുള്ളപ്പോൾ സ്വന്തം വീട്ടിലെയും കാറിലേയുമൊക്കെ ശബ്ദങ്ങൾ കുറയ്ക്കാനാകും. കുഞ്ഞുങ്ങളേ, സ്വച്ഛതയിൽ സമാധാനമുണ്ടാകുന്നു. നിശബ്ദതയിൽ നിങ്ങൾ എന്നെ കണ്ടെത്തും. ഞാൻ നിങ്ങൾക്കുവേണ്ടി കാത്തിരിക്കുകയാണ്. ഒരിക്കൽ പോലും നിങ്ങളിൽ നിന്ന് ഞാൻ കണ്ണെടുത്തിട്ടില്ല. എല്ലാ തെറ്റുകളും ഞാൻ ക്ഷമിക്കുമെന്ന് നിങ്ങൾ മനസ്സിലാക്കണം. എനിക്ക് നിങ്ങളുടെ സ്നേഹം മാത്രം മതി.*

*ആധുനിക ലോകം നിസ്വാർത്ഥസ്നേഹത്തെ പരിഹസിക്കുകയും സംശയദൃഷ്ടിയോടെ വീക്ഷിക്കുകയും ചെയ്യുമ്പോൾ ഈ ആശയം ബുദ്ധിമുട്ടേറിയതാണെന്ന് മനുഷ്യർക്ക് തോന്നും. യേശു എന്തുകൊണ്ട് എന്നെ*

*സ്നേഹിക്കുന്നു? ഞാൻ അത്രമാത്രം സ്നേഹിക്കപ്പെടാൻ യോഗ്യനല്ല എന്ന് അവർ ചിന്തിക്കും. യഥാർത്ഥത്തിൽ ഈ ലോകത്തിലെ അനേകം ആത്മാക്കൾക്ക് അവരവരെ പോലും ഇഷ്ടപ്പെടുന്നില്ല.*

*അതുകൊണ്ട് മറ്റാർക്കെങ്കിലും, പ്രത്യേകിച്ചും എല്ലാവരുടെയും ദൈവത്തിന് തങ്ങളുടെ ക്ഷേമം ആഗ്രഹിക്കാനും തങ്ങളെ പൂർണ്ണമായും സ്നേഹിക്കാനും കഴിയുമെന്ന് സങ്കൽപ്പിക്കാൻപോലും അവർക്ക് ബുദ്ധിമുട്ട് തോന്നും. എന്റെ പ്രിയപ്പെട്ട കുഞ്ഞേ, സത്യം നിഷേധിക്കാനാവില്ലെന്ന് ഞാൻ നിന്നോടു പറയട്ടെ. ഞാനാണ് സത്യം. നിങ്ങൾക്ക് സങ്കൽപ്പിക്കാവുന്ന എന്തിനെയുംകാൾ ഉപരിയായി ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങളെ എന്നിലേക്ക്, എന്റെ സുരക്ഷയിലേക്ക് തിരിച്ചുകൊണ്ടുവരിക മാത്രമാണ് എന്റെ ആഗ്രഹം. ഭയപ്പെടേണ്ട, നിങ്ങളുടെ അകൃത്യങ്ങളുടെ പേരിൽ നിങ്ങൾ ശിക്ഷിക്കപ്പെടുകയില്ല. ഇപ്പോൾ എന്നിലേക്ക് തിരിച്ചുവരിക, ഞാൻ നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കാം. ഈ പാപങ്ങൾ നിങ്ങൾ ഒരിക്കലും ചെയ്തിട്ടില്ലെന്ന മട്ടിൽ നാമൊന്നിച്ച് മുന്നോട്ടുപോകും.*

*പാപങ്ങളുടെ ചില ശേഷിപ്പുകൾ മനസ്സിലുണ്ടായേക്കാം. എന്റെ പ്രിയപ്പെട്ട കുഞ്ഞേ, ഇപ്പോൾ എന്റെ പക്കലേക്ക് വരിക. സ്വർഗ്ഗീയ നിശ്വാസം കൊണ്ട് പാപത്തിന്റെ ശേഷിപ്പുകൾ ഞാൻ ഊതിയകറ്റാം. അങ്ങനെ നിങ്ങളുടെ ആത്മാവ് ആഹ്ലാദത്തിലും നവീകരണത്തിലും മുന്നോട്ടുപോകും. ഞാൻ നിന്റെ ദൈവമാണ്. ഞാൻ നിന്നെ സ്നേഹിക്കുന്നു. അതിന് ഒരിക്കലും മാറ്റമുണ്ടാവില്ല.*

** വാല്യം മൂന്നിൽ ഓഗസ്റ്റ് 9, 2003ൽ അനുരഞ്ജനത്തിന്റെ കൂദാശയെക്കുറിച്ചുള്ള പരാമർശം കാണുക.*

## ഓഗസ്റ്റ് 22, 2003

## ഈശോ

*എന്റെ ഹൃദയത്തിലെ സ്നേഹം നിങ്ങളുടെ ലോകത്തിനുമേൽ പ്രവഹിക്കുന്നു. സമാനതകളില്ലാത്ത രീതിയിൽ ഞാൻ ആത്മാക്കൾക്കുമേൽ അനുഗ്രഹങ്ങൾ ചൊരിഞ്ഞുകൊണ്ടിരിക്കുന്നു. എന്റെ സ്നേഹം എനിക്ക് അധികകാലം സംഭരിച്ചുവയ്ക്കാവുന്നതല്ല. എന്നെ ആവശ്യമുള്ള അനേകമാളുകളെ ഞാൻ കാണുന്നു. തീർച്ചയായും അവർക്ക് എന്നെ ലഭിക്കും. സഹിക്കുന്നവർക്ക് എന്റെ വചനം നൽകുക. ആത്മാവുകളെ സൗഖ്യത്തിലേക്ക് മടക്കിക്കൊണ്ടുവരാൻ നിങ്ങൾ ഉപയോഗിക്കുന്ന ലേപനമായിരിക്കും എന്റെ വചനങ്ങൾ. സ്വർഗ്ഗത്തിലെ ആതുരസേവകരെപ്പോലെ നിങ്ങൾ എല്ലാ മുറിവുകളിലും എന്റെ വാക്കുകൾ പ്രയോഗിക്കുകയും അത്ഭുതകരമായ ഫലം കാണുകയും ചെയ്യും.*

*എന്റെ കുഞ്ഞുങ്ങളെ, നിങ്ങളിലൂടെ ഞാൻ പ്രവർത്തിക്കുന്നു. നിങ്ങളെ ഞാൻ സൗഖ്യത്തിന്റെ ഉപകരണങ്ങളാക്കുകയാണ്. നിങ്ങളുടെ ലോകം രോഗാതുരമാണ്. ശരീരത്തെ ബാധിക്കുന്ന ഏതു രോഗത്തെയുംകാൾ മാരകമായ രോഗമാണ് ലോകത്തെ ബാധിച്ചിരിക്കുന്നത്. ലോകത്തിന്റെ ആത്മാവ് ആയതിന് അനിവാര്യമായ സൗഖ്യത്തിന്റെ ഉറവിടം കണ്ടെത്താൻ ക്ലേശിക്കുന്നു.*

*അതിന് ഞാൻ ഇവിടെയുണ്ട്. ലോകത്തെ സുഖപ്പെടുത്താൻ ഞാൻ ഉദ്ദേശിക്കുന്നു. നിങ്ങൾ ദിവ്യകാരുണ്യ ഈശോയുടെ സന്തുഷ്ടരായ പ്രതിനിധികളായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ദിവ്യകാരുണ്യനാഥൻ തികഞ്ഞ നിശ്ചയദാർഢ്യത്തോടെ തന്റെ കുഞ്ഞുങ്ങളെ വിളിക്കുന്നു. നിങ്ങളെ ഓരോരുത്തരെയും പേരുചൊല്ലി വിളിച്ച് ഞാൻ ഇങ്ങനെ പറയുന്നു. എന്നി*

ലേക്ക് മടങ്ങാൻ സമയമായി, ദിവ്യസക്രാരിയിൽ കാത്തിരിക്കുന്ന എന്നിലേക്ക് വരിക. സംശയലേശ മെന്യേ ഞാൻ സ്വയം നിങ്ങൾക്ക് വെളിപ്പെടുത്താം. നിങ്ങൾ ഹൃദയത്തിൽ ആഹ്ലാദിക്കുകയും ആത്മാവിൽ സമാധാനം അനുഭവിക്കുകയും ചെയ്യും. നിങ്ങളുടെ രക്ഷകന്റെ ദിവ്യകാരുണ്യഹൃദയത്തിനു ചാരെ വിശ്രമി ക്കുക. ആവശ്യമുള്ളതെല്ലാം നിങ്ങൾക്കു ലഭിക്കും.

പ്രിയപ്പെട്ട കുഞ്ഞേ, വിശ്വാസം ഒരു സമ്മാനമാണ്. ഈ സമ്മാനം നിങ്ങൾക്ക് നൽകാൻ ഞാൻ ആഗ്രഹി ക്കുന്നു. അതിനായി നിങ്ങൾ എന്നിലേക്ക് തിരിയണം. നിന്നോടുള്ള സ്നേഹം ഒന്നുകൊണ്ടുമാത്രമാണ് എന്റെ ഹൃദയം മിടിക്കുന്നത്. ഞാൻ നിന്നെ ശകാരിക്കുകയി ല്ലെന്ന് വാഗ്ദാനം ചെയ്യുന്നു. ദൈവത്തിന്റെ മക്കൾക്ക് ആഹ്ലാദവും പ്രകാശവും മാത്രമാണ് അനുയോജ്യമാ കുകയെന്ന് മനസ്സിലാക്കാൻ ഞാൻ നിന്നെ സഹായി ക്കാം. നീ ഒരു ദിവസം ഞങ്ങളുടെ പക്കലേക്ക് മടങ്ങും. അത് ജീവിതത്തിലെ ഏറ്റവും ആഹ്ലാദപൂർണ്ണമായ ദിവസമാക്കി മാറ്റാൻ നമുക്ക് പരിശ്രമിക്കാം. എന്റെ കുഞ്ഞേ, എന്റെ പക്കലേക്ക് വന്നാൽ അത് എങ്ങനെ യെന്ന് ഞാൻ കാട്ടിത്തരാം.

നിങ്ങൾ പറയുന്നു. "ഈശോയേ, പ്രാർത്ഥിക്കുന്നത് എങ്ങനെയെന്ന് ഞാൻ മറന്നുപോയി" എന്ന്. എന്റെ കുഞ്ഞേ, മുറിവേൽക്കുമ്പോൾ കരയുന്നത് എങ്ങനെ യെന്ന് ഏതെങ്കിലും കുട്ടി മറന്നുപോകുമോ? തീർച്ച യായും ഇല്ല. എന്റെ മുന്നിൽ വന്ന് നിങ്ങളുടെ വേദന കളും മുറിവുകളും ഭയങ്ങളും കരഞ്ഞുപറയുക. എല്ലാം നമ്മൾ ഒരു ദിവസംകൊണ്ട് ചെയ്യേണ്ടതില്ല. പക്ഷേ, ആദ്യപടിയായി എന്റെ മുന്നിൽ വരിക. എന്റെ ദിവ്യകാ രുണ്യസവിധത്തിൽ നിങ്ങളെ സമർപ്പിക്കുക. ബാക്കി ഞാൻ ചെയ്തുകൊള്ളാം. ഞാനാണ് പ്രവർത്തി

*ക്കുക. എന്റെ തിരുഹൃദയത്തിൽ നിങ്ങൾക്കുമാത്രമായി നീക്കിവച്ചിരിക്കുന്ന സ്ഥലത്തേക്ക് അതിവേഗം ഞാൻ നിങ്ങളെ തിരികെ കൊണ്ടുവരും.*

*എന്റെ കുഞ്ഞേ, നീ എന്നിൽനിന്ന് അകലെയാണെങ്കിൽ ആ സ്ഥലം ശൂന്യമായിരിക്കും. നിന്റെ തിരിച്ചുവരവിനു വേണ്ടി കാത്തിരുന്ന എനിക്ക്, നിങ്ങളുടെ ഈശോയ്ക്ക് ഘോരമായ ശൂന്യത അനുഭവപ്പെട്ടു.നിനക്കുവേണ്ടി യുള്ള കാത്തിരിപ്പിൽ എന്റെ ഹൃദയം വേദനിക്കുന്നു. മറ്റൊരു നിമിഷംകൂടി സഹിക്കാൻ എനിക്ക് ഇടവരു ത്തരുത്. നിനക്ക് മനസ്സിലായിത്തുടങ്ങിയോ? ഞാൻ നിന്നെ പൂർണ്ണമായി സ്നേഹിക്കുന്നു. നീ എന്നോ ടൊപ്പം ആയിരിക്കേണ്ടവനാണ്. നിന്റെ തിരിച്ചുവരവിന് തടസമാകാൻ ഒന്നിനെയും അനുവദിക്കരുത്. ഞാൻ നിന്റെ ദൈവമാണ്, എല്ലാവരുടെയും ദൈവം. നിന്നെ പൈതൃകത്തിൽ നിന്ന് വ്യതിചലിപ്പിക്കാൻ ലോകം ആഗ്രഹിക്കുന്നു. പക്ഷേ, ഞാൻ നിന്റെ പൈതൃകം അച ഞ്ചലമായി നിലനിർത്തുന്നു. അത് എന്റെ പക്കൽ സുര ക്ഷിതമാണ്. അതുകൊണ്ട് എന്റെ കുഞ്ഞേ, ഇപ്പോൾ എന്റെ പക്കലേക്ക് മടങ്ങുക. ഞാൻ നിന്നെ സുഖപ്പെടു ത്താനാരംഭിക്കാം.*

## ഓഗസ്റ്റ് 25, 2003

## യേശു

*നമ്മുടെ ജോലി തുടരുകയാണ്. ഞാൻ ഇപ്പോഴും ഈ സക്രാരിയിൽ ഒരു തടവുകാരനാണ്. എന്നിൽ നിന്ന് അകന്നുനിൽക്കുന്ന എല്ലാ ആത്മാവുകൾക്കും വേണ്ടി ഞാൻ കാത്തിരിക്കുന്നു. ഞാൻ എന്നിലേക്ക് ആത്മാവുകളെ വലിച്ചടുപ്പിക്കുന്നവനാണെന്ന് എന്റെ മക്കൾ മനസ്സിലാക്കണം. അനേകം ആത്മാവുകൾക്ക് നിത്യത നഷ്ടമാകുന്നത് എനിക്ക് ഇനി കണ്ടുനിൽക്കാനാവില്ല. മുൻകാലങ്ങളിൽ വളരെ കുറച്ച് ആത്മാവുകൾ മാത്രമാണ് എന്നിൽനിന്നകന്ന് നിത്യത നഷ്ടപ്പെടുത്തിയിരുന്നത്. സത്യമായും ഇത് എനിക്ക് ഏറെ സഹനം നൽകി.*

*എന്റെ സാന്നിധ്യവും ലോകത്തിനുമേലുള്ള അധീശത്വവും തികച്ചും സാധാരണമായി കാണുന്ന ഈ ലോകത്ത് ഇരുട്ടി വഴി തെരഞ്ഞെടുക്കുന്ന അനേകം ആത്മാക്കൾ എന്റെ പക്കലേക്ക് വരിക എന്നത് അർത്ഥശൂന്യമായ തീരുമാനമാണെന്ന് ധരിച്ചുവച്ചിരിക്കുന്നു. ഇതിന്റെ പ്രത്യാഘാതം അവർ മനസ്സിലാക്കുന്നില്ല. നിത്യതയെയും എന്റെ മക്കളിൽ പലരും തികഞ്ഞ ലാഘവത്തോടെയാണ് സമീപിക്കുന്നത്. ഭൂമിയിൽ നിരവധി അവസരങ്ങൾ ലഭിക്കുമെന്ന് അവർ കരുതുന്നു. കുഞ്ഞുങ്ങളേ, ഇത് ഈ കാലഘട്ടത്തിൽ നിങ്ങൾ ചെയ്യുന്ന കാര്യങ്ങളുടെ പ്രാധാന്യം തമസ്കരിക്കുന്ന തിന്മയുടെ ശക്തികൾ സൃഷ്ടിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന ദൈവരഹിത ആശയമാണെന്ന് ഞാൻ നിങ്ങളോട് പറയുന്നു.*

*ഓരോ ആത്മാവിനും ഒരു ജീവിതം മാത്രമാണ് അനു*

വദിക്കപ്പെട്ടിട്ടുള്ളത്. അതേക്കുറിച്ചുള്ള ചോദ്യങ്ങൾ അപ്രസക്തമാണ്. മറ്റൊരു അവസരത്തിനായി നിങ്ങൾക്ക് ഭൂമിയിലേക്ക് തിരിച്ചുവരാനാകുമെന്ന് കരുതരുത്. ഇപ്പോൾ നയിക്കുന്ന ജീവിതമാണ് നിങ്ങളുടെ നിത്യത നിർണ്ണയിക്കുന്നത്.

അതുകൊണ്ട് എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്ന ഈ ദിവസത്തിന്റെ, പ്രാധാന്യം നമുക്കെല്ലാവർക്കും മനസ്സിലാകും. നിങ്ങളുടെ ശേഷിക്കുന്ന സമയം എങ്ങനെ ചെലവഴിക്കുമെന്നതു സംബന്ധിച്ച് നമുക്ക് ഒരു തീരുമാനമെടുക്കാം. എനിക്ക് നിങ്ങളുടെ സഹായമുണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

അടുത്ത ജീവിതത്തിൽ നിങ്ങൾ എനിക്കു മുൻപിൽ ഹാജരാകുന്നതിന് മുമ്പ് എത്ര ദിവസങ്ങൾ ശേഷിക്കുന്നു എന്ന് എനിക്ക് കൃത്യമായി അറിയാം. ശേഷിക്കുന്ന ഈ ദിവസങ്ങളിൽ നിങ്ങൾക്കുവേണ്ടി ചെയ്തുതീർക്കാൻ എനിക്ക് പ്രത്യേക ജോലികളുണ്ട്. എന്റെ സഹായവാഗ്ദാനത്തിന് അനുകൂല മറുപടിയാണ് നിങ്ങൾ നൽകുന്നതെങ്കിൽ നിങ്ങൾക്കുവേണ്ടി ചെയ്യേണ്ട കാര്യങ്ങൾ പൂർത്തീകരിക്കപ്പെടുമെന്നും അതുമായി ബന്ധപ്പെട്ട് രക്ഷിക്കപ്പെടേണ്ട ആത്മാവുകൾ രക്ഷിക്കപ്പെടുമെന്നുള്ള ബോധ്യത്തോടെ എനിക്ക് അനായാസം വിശ്രമിക്കാനാകും.

അതിനപ്പുറം നിങ്ങളോടുള്ള എന്റെ അളവില്ലാത്ത സ്നേഹത്തിന് പ്രതിഫലം ലഭിച്ചതിലുള്ള ആഹ്ലാദവും എനിക്കനുഭവിക്കാനാകും. എന്റെ കുഞ്ഞേ, എന്റെ പക്കലേക്ക് വന്ന് എനിക്കായി വേല ചെയ്യുക. ഭൂമിയിൽ അതിലും വലിയ സന്തോഷം നിനക്ക് കണ്ടെത്താനാവില്ല. എന്റെ യഥാർത്ഥ അനുയായികളോട് ചോദിക്കുക. ആത്മാവിൽ എന്റെ ആഹ്ലാദം അനുഭവിച്ചതിന്റെ

*പരമാനന്ദമെന്തെന്ന് അവർക്കറിയാം. നിങ്ങളും അത് അനുഭവിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.*

*നിനക്കുവേണ്ടിയുള്ള എന്റെ ഭൂരിഭാഗം പ്രവൃത്തികളിലും നിങ്ങൾ ഇപ്പോഴത്തെ കൃത്യം തുടർന്നാൽ മതിയാകുമെന്ന് ഞാൻ ഉറപ്പുനൽകുന്നു. നിങ്ങൾ സമാധാനത്തിൽ തുടരണമെന്നും സ്നേഹിക്കപ്പെടുന്നുണ്ട് എന്ന ബോധ്യമുണ്ടാകണമെന്നും ഞാൻ ആഗ്രഹിക്കുന്നു. നിന്റെ ക്ലേശങ്ങളിൽ നിന്നോടൊപ്പമായിരിക്കാനും നിന്റെ സുരക്ഷ ഉറപ്പാക്കാനും ഞാൻ ആഗ്രഹിക്കുന്നു. എനിക്കു സമർപ്പിക്കുമ്പോൾ നിന്റെ ദിനങ്ങൾ വ്യത്യസ്തമായി അനുഭവപ്പെടും.*

*നേരത്തെ നേരിട്ട ദുരിതങ്ങൾ ഞാൻ വാഗ്ദാനം ചെയ്യുന്ന വലിയ സമാധാനത്തിനെതിരായ ചെറിയ അലയൊലികൾ മാത്രമായിത്തീരും. സ്നേഹത്തിന്റെയും അനുസരണയുടെയും ഏറ്റവും ചെറുതും വിനീതവുമായ പ്രവൃത്തികൾപോലും ഒരു ആത്മാവിനെ രക്ഷിക്കുന്നതിനായി എനിക്ക് വിനിയോഗിക്കാനാകും.*

*അതുകൊണ്ട് ഭൂമിയിൽ ആയിരിക്കുന്ന കാലത്ത് വെറുതെ ജീവിക്കുന്നതിനു പകരം പരിമിതമായ നിങ്ങളുടെ സമയം എന്നെക്കൂടാതെയോ ചിലപ്പോൾ എനിക്കെതിരായോ ജീവിക്കുന്ന ആത്മാക്കളുടെ രക്ഷക്കായി വിനിയോഗിക്കുക. പ്രിയപ്പെട്ട കുഞ്ഞേ, നമുക്ക് എല്ലാ ആത്മാക്കളെക്കുറിച്ചും പ്രത്യാശയുണ്ടായിരിക്കണം. എന്റെ വലിയ രഹസ്യങ്ങൾ ഞാൻ നിനക്ക് വെളിപ്പെടുത്തുന്നത് തുടരവേ എന്റെ വലിയ കൃപയിൽ വിശ്രമിക്കുക.*

## ഓാഗസ്റ്റ് 26, 2003

## ഈശോ

*കുഞ്ഞുങ്ങളേ, നിങ്ങളുമായി അനുസരണയെക്കുറിച്ച് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ ദൈവം എന്ന നിലയിൽ ഞാൻ നിങ്ങൾക്ക് വിധേയ നാണ്. ആവശ്യപ്പെടുമ്പോൾ ഞാൻ നിങ്ങളെ സംരക്ഷി ക്കുകയും പിന്തുണയേകുകയും ചെയ്യുന്നു.*

*സ്നേഹത്തെക്കുറിച്ച് പഠിക്കാനും അതുവഴി സ്വർഗ്ഗ രാജ്യം സ്വന്തമാക്കാനും ഉതകുംവിധം സുന്ദരമായ ഒരു ലോകം നിങ്ങൾക്കുവേണ്ടി ഞാൻ സൃഷ്ടിച്ചു.*

*ഞാൻ, നിങ്ങളുടെ ദൈവം എന്റെ ഭാഗം ചെയ്യുന്നു. ഇനി നിങ്ങളുടെ ഭാഗം നിങ്ങൾ ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. കുഞ്ഞുങ്ങളേ, ഉത്കണ്ഠ ഒന്നു കൊണ്ടു മാത്രമാണ് ഞാൻ സംസാരിക്കുന്നത്. അനു സരണം പ്രതിലോമകരവും നിങ്ങളെ ദുർബലരാക്കു ന്നതുമാണെന്ന് തെറ്റിദ്ധരിപ്പിക്കാൻ നാശോന്മുഖമായ നിങ്ങളുടെ ലോകം ശ്രമിക്കുന്നു. എന്റെ കുഞ്ഞേ, ഞാൻ ഉറപ്പുനൽകുന്നു. ഞാൻ സർവശക്തനാണ്. ഞാൻ യേശുക്രിസ്തുവാണ്. ഞാൻ നിങ്ങളുടെ ലോക ത്തിലായിരുന്ന കാലം പരിശോധിച്ചാൽ എല്ലാവർക്കും വിധേയനായിരുന്നതായി കാണാം.*

*ഞാൻ ദൈവത്തിനും അക്കാലത്തെ ഭരണാധികാരിക ളുടെ നിയമങ്ങൾക്കും മതാധികാരികൾക്കും മുന്നിൽ അനുസരണയുള്ളവനായിരുന്നു. എന്റെ മാതാപിതാ ക്കളെയും ഞാൻ അനുസരിച്ചിരുന്നു. എന്റെ ജീവിത ത്തെക്കുറിച്ച് പഠിച്ചാൽ പരിശുദ്ധമായ അനുസരണ വും ക്ഷമാശീലവും നിറഞ്ഞ ജീവിതമാണ് നിങ്ങൾക്ക് കാണാൻ കഴിയുക. എന്നിട്ടും അതിലും അധികാ*

*രമുള്ള ഒരു മനുഷ്യൻ നിങ്ങളുടെ ഭൂമുഖത്ത് നടന്നിട്ടില്ല. അനുസരണത്തിൽ വലിയ ശക്തിയുണ്ട്. അത് നിങ്ങൾക്ക് കാണിച്ചു തരാൻ ഞാൻ ആഗ്രഹിക്കുന്നു. ദിവ്യകാരുണ്യമെന്ന കൂദാശയിലൂടെ എന്റെ പക്കലേക്കു വരിക. അനുസരണത്തെക്കുറിച്ച് ഞാൻ നിങ്ങളെ പഠിപ്പിക്കാം. തെറ്റിദ്ധരിക്കപ്പെട്ട ഈ സദ്ഗുണത്തിൽ അന്തർലീനമായിട്ടുള്ള സൗന്ദര്യവും ശക്തിയും വെളിപ്പെടുത്തിത്തരാം.*

*ഞാൻ നിങ്ങളിൽ നിന്ന് ആവശ്യപ്പെടുന്നതെന്ത് എന്ന് നിങ്ങൾക്ക് സന്ദേഹം തോന്നിയേക്കാം. ആദ്യമായി നിങ്ങളുടെ സഭയെ അനുസരിക്കുക എന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ഇക്കാലഘട്ടത്തിൽ എന്റെ സഭയ്ക്ക് സഹനങ്ങളുണ്ട്. സഭയുടെ ഈ സഹനകാലം അനുസരണക്കേടിനുള്ള അനുമതിപത്രമായി പല കുഞ്ഞുങ്ങളും തെറ്റിദ്ധരിച്ചിരിക്കുന്നു. കുഞ്ഞുങ്ങളേ, ഇത് അവസാനിപ്പിച്ചേ തീരൂ. നിങ്ങളുടെ സഭയോടും അതുവഴി എന്നോടും അനുസരണയുള്ളവരായിരിക്കുന്നതിനാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. എന്റെ കുഞ്ഞേ, നിന്റെ നാശമല്ല, രക്ഷയാണ് ഞാൻ ലക്ഷ്യമിടുന്നത്. അതുകൊണ്ട് തന്നെയാണ് സർവ്വജ്ഞാനത്തോടെ ഈ സഭയെ ഞാൻ നിങ്ങൾക്കായി നൽകിയിരിക്കുന്നത്. ലോകം മാറിയിരിക്കുന്നതിനാൽ സഭയും മാറിയേ തീരൂ എന്ന് പലരും പറയുന്നു.*

*പക്ഷേ, ഞാൻ ഇപ്പോൾ നിങ്ങൾക്ക് ഉറപ്പുനൽകുന്നു. ഞാൻ മാറിയിട്ടില്ല. സ്വർഗ്ഗം മാറിയിട്ടില്ല. ഒരു ദിവസം നിങ്ങൾ ഇത് നേരിട്ട് മനസ്സിലാക്കും. നിങ്ങളുടെ ലോകത്തിൽ മാറ്റങ്ങൾ സംഭവിച്ചു. ഈ മാറ്റങ്ങൾ മനുഷ്യകുലത്തെ നശിപ്പിക്കുകയാണെന്ന് പറയാൻ ഈ പ്രവാചികയിലൂടെ ഞാൻ നിങ്ങളുടെ പക്കലേക്ക് വരികയാണ്. തീർച്ചയായും മാറ്റം എല്ലായ്പ്പോഴും മോശമല്ല. പക്ഷേ,*

നിങ്ങളുടെ ലോകം അനുസരണമില്ലായ്മയുടെ യുഗത്തിലേക്ക് അധഃപതിക്കുകയും ഒട്ടേറെ ആത്മാക്കൾ നഷ്ടമായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

നിങ്ങളുടെ മാർഗ്ഗവും ലക്ഷ്യവും പുനഃക്രമീകരിക്കുന്നതിനുവേണ്ടി അർത്ഥവത്തായ രീതിയിൽ ഞാൻ ഇപ്പോൾ ഇടപെടുകയാണ്. ഇന്ന് എന്റെ വാക്കുകൾ ശ്രദ്ധിക്കുക. എന്റെ കുഞ്ഞുങ്ങളേ, ഞാൻ സ്നേഹത്തികവിലാണ് നിങ്ങളിലേക്ക് വരുന്നത്. അളവില്ലാത്ത അനുഗ്രഹങ്ങളാണ് ഞാൻ നിങ്ങൾക്കായി കൊണ്ടുവരുന്നത്. തെറ്റുകൾ ചെയ്തിട്ടുണ്ടെന്ന ഏറ്റുപറച്ചിലാണ് അർത്ഥമാക്കുന്നതെങ്കിലും  നിങ്ങളുടെ ജീവിതത്തിൽ മാറ്റം വരുത്താൻ ഭയപ്പെടേണ്ടതില്ല. വിവേകമതിയായ മനുഷ്യൻ വീഴ്ചകളെ ഭയപ്പെടുന്നില്ല. കാരണം അവ ഒഴിവാക്കാനാവില്ലെന്ന് അവനറിയാം. യഥാർത്ഥത്തിൽ ഈ തെറ്റുകളിൽ നിന്നും പഴയതെറ്റുകളെക്കുറിച്ചുള്ള പഠനത്തിൽ നിന്നുമാണ് ഭാവിയിലേക്കുള്ള പാഠങ്ങൾ നാം ഉൾക്കൊള്ളുന്നത്.  ഭാവിയെക്കുറിച്ചാണ് എനിക്ക് ആശങ്കയുള്ളത്. നിങ്ങളുടെ ഭാവി മഹത്വപൂർണ്ണമായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾക്ക് നന്മ മാത്രം ഉണ്ടാകണമെന്നാണ് എന്റെ ആഗ്രഹം. നിങ്ങൾ ആത്മീയതലത്തിൽ വിജയം കൈവരിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനാവശ്യമായ കൃപ എന്റെ പക്കലുണ്ട്. എന്നെ പിന്തുടരാൻ മാത്രം വിശുദ്ധരല്ല നിങ്ങൾ എന്ന ആശങ്ക വേണ്ട. എന്റെ കുഞ്ഞേ, ഞാൻ എല്ലാം അറിയുന്നു. ഞാൻ നിന്നെ വിളിക്കുന്നു. കാരണം നിന്റെ വിധി എന്നിലാണ്. ഞാൻ നിന്റെ ദൈവമാണ്. സ്വർഗ്ഗരാജ്യ സേവനത്തിനായി ഞാൻ നിന്നെ പേരുചൊല്ലി വിളിക്കുന്നു. എന്നെ നിരാശനാക്കരുത്. നിന്റെ സഭയോടുള്ള ചെറിയ അനുസരണ പ്രവർത്തികളോടെ തുടക്കം കുറിക്കുക. നിന്റെ സൃഷ്ടിയിൽ ഞാൻ ലക്ഷ്യമിട്ട വിശു

ദ്ധിയുടെ ഉയരങ്ങളിലേക്ക് ഞാൻ നിന്നെ നയിക്കാം. ഒന്നിനെയും ഭയപ്പെടേണ്ട. നിശബ്ദതയിൽ എന്നോടൊപ്പമായിരിക്കുക. നിന്നെ ഞാൻ വഴി നടത്താം. നീ എന്റെ പക്കലേക്ക് വന്നാൽ മാത്രം മതി. മാറ്റങ്ങൾക്ക് തുടക്കം കുറിക്കും. ഈ മാറ്റങ്ങളെ നീ എങ്ങനെ സ്വാഗതം ചെയ്യും. നിങ്ങളുടെ ലോകം സമാധാനം നൽകുന്നില്ല. സമാധാനം എന്നിൽ നിന്നു മാത്രമാണ് വരുന്നത്. തിടുക്കത്തിൽ എന്റെ പക്കലേക്ക് മടങ്ങുക. എന്റെ അനുഗ്രഹങ്ങൾ നിനക്കായി കാത്തിരിക്കുന്നു.

## ഓഗസ്റ്റ് 27, 2003

## ഈശോ

*ഇന്ന് എന്റെ കുഞ്ഞുങ്ങളോട് സ്വർഗ്ഗത്തെക്കുറിച്ച് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രിയപ്പെട്ടവരേ, സ്വർഗ്ഗം ഒരു യാഥാർത്ഥ്യമാണ്. അത് ഒരു സ്ഥലമാണ്. ഞാൻ അവിടെയാണ്. നിങ്ങളിൽ നിന്ന് വേർപിരിഞ്ഞ കുടുംബാംഗങ്ങളിൽ ഏറെപ്പേരും നിങ്ങൾ നേരിട്ടുകണ്ടിട്ടില്ലാത്ത എല്ലാ വിശുദ്ധന്മാർക്കും മറ്റു പലർക്കുമൊപ്പം ഇവിടെയുണ്ട്. സ്വർഗ്ഗവാസികൾക്കിടയിൽ പ്രത്യേകിച്ച് സമാനരീതിയിൽ എന്നെ സേവിച്ചിരുന്നവർക്കിടയിൽ വലിയ സഹവർത്തിത്വം നിലനിൽക്കുന്നു. നിങ്ങൾക്ക് ഇവിടെ വേദനയോ തളർച്ചയോ അനുഭവപ്പെടില്ല. പക്ഷേ, ഇടയ്ക്ക് ആശയങ്ങളിൽ വിശ്രമിക്കാനും അവ പഠിക്കാനും നിങ്ങൾക്ക് കഴിയും. എന്റെ കുഞ്ഞുങ്ങളെ, നിങ്ങളുടെ പഠനം ഇവിടെ തുടരുകയാണ്. അറിവിനുവേണ്ടിയുള്ള ദാഹം ശമിപ്പിക്കുക എന്നത് സ്വർഗ്ഗത്തിന്റെ ഭാഗം തന്നെയാണ്. എന്തുകൊണ്ടെന്നാൽ ആകാംക്ഷയെ ജ്വലിപ്പിക്കുന്ന എന്തിനെക്കുറിച്ചും പഠിക്കാൻ എല്ലാവർക്കും സാധിക്കും.*

*നേടിയ അറിവിന്റെ ആഴം വർധിപ്പിക്കാനും അവസരം ലഭിക്കുന്നു. ഇത് ഔപചാരിക വിദ്യാഭ്യാസം പോലെ അനുഭവപ്പെടില്ല. ആഹ്ലാദവും വിസ്മയവുമാണ്. നിഷ്കളങ്കതയും സ്നേഹവുമാണ്. പ്രപഞ്ചത്തെ നിയന്ത്രിക്കുന്നതിൽ സഹായിക്കാൻ നിങ്ങൾക്ക് സാധിക്കുന്ന വിധത്തിൽ ഇത് പ്രപഞ്ചരഹസ്യത്തിലേക്കും കടന്നുവരുന്നു.*

*ഭൂമിയിലായിരിക്കവേ അനിവാര്യമായ നിങ്ങളുടെ ധാരണകൾ പരിമിതമായതിനാൽ എനിക്ക് എല്ലാക്കാര്യ*

ങ്ങളും നിങ്ങളോട് പറയാനാവില്ല. എങ്കിലും സ്വർഗ്ഗ ത്തെക്കുറിച്ച് ഏകദേശധാരണ തരാനും ക്രമേണ തിരശീല കൂടുതലായി മാറ്റി എവിടേക്കാണ് പോകുന്ന തെന്ന് നിങ്ങൾക്ക് മനസ്സിലാകുന്നതിനുള്ള സാഹചര്യ മൊരുക്കാനും ഞാൻ ആഗ്രഹിക്കുന്നു.

ലക്ഷ്യസ്ഥാനത്തെ അറിയുന്നത് അവിടേക്ക് പോകാൻ എങ്ങനെ തയ്യാറെടുക്കമെന്നറിയാൻ നിങ്ങൾക്ക് സഹാ യകമാകും. നിങ്ങളുടെ ഈശോയാകുന്ന ഞാൻ ഒരു ങ്ങാൻ നിങ്ങളെ സഹായിച്ചുകൊണ്ടിരിക്കുകയാണ്. എന്നെ ശ്രവിക്കുകയും നന്നായി ഒരുങ്ങുകയും ചെയ്യു മ്പോൾ ഇവിടെയെത്താൻ സമയമാകുമ്പോൾ നിങ്ങൾ ഇവിടെ പ്രവേശിക്കുന്നതിന് സജ്ജരാകും. അങ്ങനെ ഭൂ മിയിലെ മരണദിനം നിങ്ങൾക്ക് ജീവിതത്തിലെ ഏറ്റവും നല്ല ദിവസമായിത്തീരുകയും ചെയ്യും. എന്റെ കുഞ്ഞു ങ്ങളേ, സ്വർഗ്ഗത്തിലുള്ള ഞങ്ങളെല്ലാവരും നിങ്ങളുടെ വരവിനായി കാത്തിരിക്കുകയാണെന്ന് പറയുമ്പോൾ നിങ്ങൾ എന്നെ വിശ്വസിക്കുക. ഞങ്ങൾ നിങ്ങളു മായി ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധി എന്നാൽ മറ്റാർക്കോ വേണ്ടി നിശ്ചയിക്കപ്പെട്ടിരിക്കുന്ന വിളി യാണെന്ന് ചിന്തിക്കാനാണ് ഭൂമിയിലെ എന്റെ മക്കൾ ഇഷ്ടപ്പെടുന്നത്. നിങ്ങൾ ഇപ്പോൾ എന്റെ വാക്കുകൾ ശ്രവിക്കുന്നുവെങ്കിൽ വിശുദ്ധി നിങ്ങൾക്കുള്ള വിളിയാ ണെന്ന് മനസ്സിലാക്കുക. നിങ്ങളുടെ ലക്ഷ്യം സ്വർഗ മാണെങ്കിൽ, അങ്ങനെ തന്നെയായിരിക്കുന്നതിനാൽ ഇപ്പോൾതന്നെ തയ്യാറെടുപ്പ് തുടങ്ങണം. ഒരു വിദേ ശരാജ്യത്ത് ആവശ്യമുള്ളത് എന്തൊക്കെയാണെന്ന് മനസ്സിലാക്കാതെ നിങ്ങൾ അവിടേക്ക് യാത്ര ചെയ്യാ റില്ല. അതുകൊണ്ട് ഭൂമിയിലായിരിക്കുമ്പോൾ നന്മ പ രിശീലിക്കണമെന്ന് ഞാൻ പറയുന്നത് ഉൾക്കൊള്ളുക. ഇവിടെ എത്തുന്നതിനു മുൻപ് സ്വർഗ്ഗത്തിലെ ഭാഷ സംസാരിക്കാൻ പഠിക്കുന്നതിനു സമാനമായി അതിനെ കാണാൻ ശ്രമിക്കുക.

*സ്വർഗ്ഗത്തിലെ എല്ലാ വിശുദ്ധരും നിങ്ങളെ സഹായിക്കാൻ സന്നദ്ധരാണെന്ന് നിങ്ങളെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ ഇരുണ്ട കാലഘട്ടത്തിലാണ് ജീവിക്കുന്നത്. നിങ്ങളിൽ പലരും ആത്മീയനിദ്രയിൽ വീണുപോയിരിക്കുന്നു. ഉച്ചത്തിൽ സംസാരിച്ച് നിങ്ങളുടെ ലോകത്തെ ഉണർത്താനൊരുങ്ങുകയാണ് ഞാൻ. എന്റെ കുഞ്ഞേ, നിന്റെ കണ്ണുകൾ ശാന്തമായി തുറക്കുക. ഭയത്തെ ചെറുത്ത് സ്നേഹത്തിലും അനുസരണയിലും വർത്തിക്കുക. ഇപ്പോൾ എന്നെ പിന്തുടർന്നാൽ നിനക്ക് ജീവിതത്തിൽ നിന്ന് ഭയത്തെ ഏറെക്കുറെ അകറ്റാൻ സാധിക്കും.*

*ഗദ്സെമൻ തോട്ടത്തിൽ വച്ചും മരണശിക്ഷയ്ക്ക് വിധിക്കപ്പെട്ടപ്പോഴും മാനുഷിക ഭീതിയുടെ നിമിഷങ്ങൾ ഞാൻ അനുഭവിച്ചിരുന്നു. പക്ഷേ, മനുഷ്യർക്ക് എന്റെ ശരീരത്തിൽ ക്ഷതമേൽപ്പിക്കാൻ സാധിക്കുമെങ്കിലും ദൈവത്തിനും ഈ സ്വർഗ്ഗലോകത്തിനും അവകാശപ്പെട്ട എന്റെ ആത്മാവ് ഊനം തട്ടാതെ നിലനിൽക്കുമെന്ന വിശ്വാസവും അറിവും എനിക്ക് ഉറപ്പുനൽകി. കുഞ്ഞുങ്ങളേ, നിങ്ങളുടെ കാര്യത്തിലും ഇതുതന്നെയാകും സംഭവിക്കുക. നിങ്ങൾ ഒന്നിനെയും ഭയപ്പെടില്ല. അതിലുപരിയായി, എന്നെ അനുഗമിച്ചാൽ നിങ്ങളെ ഭയചകിതരാക്കുന്ന എന്തിനെയും നേരിടുന്നതിനുള്ള അസാധാരണ കൃപ ലഭിക്കുകയും ചെയ്യും.*

*ഇപ്പോഴും ഭാവിയിലും നിങ്ങളുടെ ഏതു ഭീതിയും ഞാൻ അകറ്റും. ഇത് ഞാൻ നിങ്ങൾക്ക് നൽകുന്ന പാവനമായ മറ്റൊരു വാഗ്ദാനമാണ്. അതിനൊപ്പം "തരാം എന്നു പറഞ്ഞിരുന്നതാ" എന്ന് മാതാപിതാക്കളെ ഇടക്കിടെ ഓർമിപ്പിക്കുന്ന കുഞ്ഞുങ്ങളെപ്പോലയായിരിക്കുന്നതിന് നിങ്ങൾക്ക് ഞാൻ അനുവാദം നൽകുകയും ചെയ്യുന്നു.*

# ഓഗസ്റ്റ് 28, 2003
# ഈശോ

*എന്റെ കുഞ്ഞുങ്ങളെ, ഞാൻ നിങ്ങളോടൊപ്പമുണ്ട്. മുമ്പ് പലവട്ടം ഇതു ഞാൻ പറയുന്നത് നിങ്ങൾ കേട്ടി ട്ടുണ്ട്. ഞാൻ അടിക്കടി ഇത് പറഞ്ഞിരുന്നെങ്കിലും ഒരു പക്ഷേ നിങ്ങൾ യഥാർത്ഥത്തിൽ കേട്ടിട്ടുണ്ടാവില്ല. ഇന്ന് നിങ്ങൾ എന്റെ വാക്കുകൾ കേൾക്കുകയും മനസ്സിലാ ക്കുകയും ചെയ്യണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.*

*ഞാൻ നിങ്ങളോടൊപ്പമുണ്ട്. നിങ്ങളുടെ എല്ലാക്കാ ര്യങ്ങളും നന്നായി മുന്നോട്ടു നീങ്ങുന്നുണ്ട് എന്ന പ്ര തീക്ഷയിൽ സ്വർഗ്ഗത്തിലിരുന്ന് ഞാൻ നിങ്ങളെ വീക്ഷി ക്കുകയാണെന്നാണോ അതിന്റെ അർത്ഥം? ഈ ലോ കത്തെ മുഴുവൻ ഞാൻ ഇമതെറ്റാതെ നോക്കുകയും വലിയ സംഭവങ്ങൾ മാത്രം കാണുകയാണെന്ന് കരു തുന്നുണ്ടോ? അല്ല. ഞാൻ നിങ്ങൾക്കൊപ്പമുണ്ട്. എന്റെ കുഞ്ഞേ, ഞാൻ നിനക്കൊപ്പമുണ്ട്. അതിനർത്ഥം ഞാൻ നിന്റെ കണ്ണിലൂടെ ഞാൻ ലോകത്തെ കാണുന്നു എന്നാണ്. നിന്റെ നടത്തം എന്റെ നടത്തമാണ്. നിന്റെ അനുഭവം എന്റേതും. നീ വേദനിക്കപ്പെടുന്നിടത്ത് ഞാ നുണ്ട്. നിന്നോടൊപ്പം ഞാൻ മനുഷ്യരുടെ ക്രൂരത യുടെ വേദനയനുഭവിക്കുന്നു. രോഗാതുരനായിരിക്കു മ്പോൾ നിന്റെ ശരീരത്തിലുണ്ടാകുന്ന ദൗർബല്യവും വേദനയും ഞാൻ അനുഭവിക്കുന്നു. എല്ലാ ദിവസവും എല്ലാ നിമിഷവും സ്നേഹത്തോടും സഹതാപവും നിറഞ്ഞ ആർദ്രമായ കണ്ണുകളാൽ ഞാൻ നിന്നെ ഉറ്റു നോക്കിക്കൊണ്ടിരിക്കുന്നു. നിന്റെ ഏതു പാപവും അത് ചെയ്യുന്നതിന് മുമ്പ് തന്നെ ഞാൻ ക്ഷമിച്ചിരിക്കുന്നു. പക്ഷേ, നീ പാപങ്ങൾ ഏറ്റുപറഞ്ഞ് മാപ്പപേക്ഷിച്ചേ*

തീരൂ. എന്റെ പ്രിയപ്പെട്ട കുഞ്ഞേ, നീ നിരാകരിക്കപ്പെട്ടവനാണെന്ന് കരുതരുത്. ദൈവിക പ്രൗഢിയോടെ ഞാൻ പറയട്ടെ, ഞാൻ നിന്നോടൊപ്പമുണ്ട്.

എല്ലാ ദിവസവും എല്ലാ നിമിഷവും നിന്റെ യേശു സന്നിഹിതനാണെന്ന സത്യത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുക. എന്റെ കുഞ്ഞേ, എന്നോട് സംസാരിക്കുക. എനിക്ക് നിന്നോട് ഒരുപാട് പറയാനുണ്ട്. നിന്റെ പ്രതിസന്ധികൾക്കുള്ള പരിഹാരങ്ങൾ എന്റെ പക്കലുണ്ട്. നിനക്ക് മനസ്സിലാകാത്ത കാര്യങ്ങൾക്കുള്ള വിശദീകരണങ്ങൾ എന്റെ പക്കലുണ്ട്. മനുഷ്യരോട് നിനക്ക് തോന്നാത്ത സ്നേഹം എന്റെ പക്കലുണ്ട്. എന്റെ സാന്നിദ്ധ്യം എന്ന യാഥാർത്ഥ്യത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചാൽ നീ എന്നിൽ ആശ്രയിച്ചുതുടങ്ങും. എന്റെ പ്രിയപ്പെട്ട കുഞ്ഞേ, അതോടെ മാറ്റത്തിന് തുടക്കം കുറിക്കാം. നീ എന്നിൽ ആശ്രയിച്ചു തുടങ്ങുന്നതോടെ നിന്റെ ജീവിതം അനായാസവും ക്ലേശങ്ങൾ കുറഞ്ഞതുമായി മാറും.

ഏറ്റവും വിഷമകരമായ സാഹചര്യങ്ങളിൽ നിന്നുപോലും നടന്നകന്ന് പ്രസ്തുത ആശങ്കയെ ജീവിതത്തിന്റെ അടുത്ത മേഖലയിലേക്ക് കൊണ്ടുപോകാതെ പിന്തള്ളും. ഏറെ സ്വാതന്ത്ര്യം തോന്നുന്ന ഈ സാഹചര്യം നിന്റെ ജീവിതത്തിൽ സാധാരണമായി മാറും. കുഞ്ഞേ, അപ്പോൾ നിന്നിലൂടെ ഞാനായിരിക്കും പ്രവർത്തിക്കുക. ആ ലക്ഷ്യം കൈവരിച്ചുകഴിഞ്ഞാൽ നിനക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾക്ക് പരിധിയുണ്ടാവില്ല. ജീവിതത്തിൽ എന്തെങ്കിലും ശീലമുണ്ടാക്കാൻ പരിശീലിക്കണമെന്ന് ഇന്ന് വീണ്ടും ഞാൻ നിന്നോടു പറയുന്നു. അതുകൊണ്ട് ഇപ്പോൾ എന്റെ സുസ്ഥിരസാന്നിദ്ധ്യത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുക. നീ എന്തു ചെയ്യണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നതെന്ന് എന്നോട് ആരായുക. നീ ഏതൊക്കെ വാക്കു

*കൾ ഉപയോഗിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്ന തെന്ന് ആരായുക. തുടർന്ന് എന്റെ ഉത്തരത്തിനായി കാതോർക്കുക. എന്റെ ആത്മാവ് നിന്നോട് സംസാരിക്കും. നിന്റെ ആത്മാവിൽ വിശ്രമിക്കുന്ന വാക്കുകൾ നിങ്ങൾ ശ്രവിക്കും. ഇങ്ങനെ ദിവസം മുഴുവനും നമുക്ക് ആശയവിനിമയം നടത്താം. വിശ്വാസമുള്ളവരായിരിക്കുക. ഞാനുമായി ഐക്യത്തിലായിരിക്കുന്നതിനുള്ള ആദ്യചുവടുകൾ വയ്ക്കുന്ന നിനക്ക് ഞാൻ ഇന്ന് വിശ്വാസം നൽകാം. നീ എന്നിൽ നിന്ന് അകലേണ്ട യാതൊരു സാഹചര്യവുമില്ല. ഏറ്റവും വലിയ വിഷമസന്ധിയിൽപോലും എന്നെ വിളിക്കുക. പാപം നിറഞ്ഞ സാഹചര്യത്തിൽ, പ്രത്യേക പാപസാഹചര്യങ്ങളിൽ എന്നെ വിളിച്ചപേക്ഷിക്കുക. എന്റെ കുഞ്ഞേ, എങ്ങനെയും ഞാൻ അവിടെയുണ്ട്. എന്നെ മറക്കുകയോ ഞാൻ വിദൂരത്തിലേക്ക് പോയെന്ന് പ്രതീക്ഷിക്കുകയോ ചെയ്തതുകൊണ്ട് നിനക്ക് നിന്റെ പാപങ്ങൾ ഒളിപ്പിക്കാനാവില്ല. അതുകൊണ്ട് എന്നോട് സംസാരിക്കുക. "പ്രഭോ എന്നെ സഹായിക്കൂ" എന്ന് അപേക്ഷിക്കുക. നിനക്ക് നിരാശപ്പെടേണ്ടി വരില്ല. ഞാൻ നിന്നെ സഹായിക്കാം.*

*ഞാൻ നിനക്കൊപ്പമുണ്ടെന്ന് നീ മനസ്സിലാക്കുന്നതിനുവേണ്ടിയാണ് ഇന്ന് ഈ വാക്കുകൾ നിന്നോടു പറയുന്നത്. ഞാൻ ഒരിക്കലും നിന്നെ ഉപേക്ഷിക്കില്ല. ഞാൻ മൂലം സന്തുഷ്ടരായതിനാൽ നിനക്ക് ഭൂമിയിൽ കഠിന ജോലികൾ നൽകില്ലെന്ന് ഉറപ്പേകുന്നതിനും നിന്റെ പ്രതികരണത്തിനും പങ്കാളിത്തത്തിനുമായി കാത്തുനിൽക്കുകയാണ് ഞാൻ.*

*നിന്റെ ജീവിതം കഠിനമാണെങ്കിൽ അതിനു കാരണം നീ തനിയെ അത് പൂർത്തീകരിക്കാൻ ശ്രമിക്കുന്നതാ*

ണ്. നിനക്ക് എന്റെ സഹായം വേണ്ടതുണ്ട്. നിനക്കായി ഞാൻ ഇവിടെയുണ്ട്. നമുക്ക് കൂടുതൽ സമയം പാഴാക്കാതിരിക്കാം. യേശു, നിന്റെ യേശു നിന്റെ ശ്രദ്ധക്ഷണിക്കുന്നു. നീ ശ്രദ്ധിക്കാൻ തയ്യാറായാൽ നമുക്ക് മുന്നോട്ടു നീങ്ങാം. എന്റെ പക്കലേക്ക് മടങ്ങിയതിന് നീ ഒരിക്കലും പശ്ചാത്തപിക്കില്ല. മടിച്ചുനിൽക്കേണ്ടതില്ല. വരിക, സക്രാരിയിൽ വസിക്കുന്ന എനിക്കു മുന്നിൽ ഇരിക്കുക. നമുക്ക് തുടക്കം കുറിക്കാം.

## ഓഗസ്റ്റ് 28, 2003

## ഈശോ

*ആത്മാക്കളെ എന്റെ തിരുഹൃദയത്തിലേക്ക് വശീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ പ്രിയപ്പെട്ടവരേ, ഇതാണ് നിങ്ങളുടെ സുരക്ഷിതസ്ഥാനം. ഇവിടെ, എന്റെ സ്നേഹത്തിന്റെ സുരക്ഷയിലാണ് നിങ്ങൾക്ക് വിശ്രമിക്കാനും നിങ്ങളുടെ ലോകത്തെ വ്യക്തതയോടെ കണ്ടുതുടങ്ങാനും സാധിക്കുക.*

*അൽപ്പം മുമ്പ് പറഞ്ഞതുപോലെ നിങ്ങളുടെ കണ്ണിലൂടെയാണ് ഞാൻ ലോകത്തെ കാണുന്നത്. എന്തുകൊണ്ടെന്നാൽ ഞാൻ എപ്പോഴും നിങ്ങൾക്കൊപ്പമുണ്ട്. നിങ്ങൾ എന്റെ കണ്ണിലൂടെ എല്ലാം കാണണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഈ വിധത്തിൽ ഞാനും നിങ്ങളും ക്രമേണ ഒന്നാകും. നിങ്ങളെ പ്രതിസന്ധിയിലാക്കുന്ന ഒരു സാഹചര്യത്തെ നിങ്ങൾ വീക്ഷിക്കുമ്പോൾ ഇതേക്കുറിച്ച് എന്റെ ഈശോ എന്തുപറയുന്നു? എന്ന് നിങ്ങൾ ചിന്തിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾക്ക് അതേക്കുറിച്ച് ഉറപ്പില്ലെങ്കിൽ എന്നോട് ചോദിക്കുക. തുടർന്ന് നമുക്കൊന്നിച്ച് ആഹ്ലാദിക്കാം. എന്റെ കുഞ്ഞേ, ആഹ്ലാദിക്കാൻ മറ്റു പലതുമുണ്ട്.*

*ഉദാഹരണത്തിന് നിങ്ങളുടെ കാര്യത്തിൽ ഞാൻ സന്തുഷ്ടനാണ്. നിങ്ങളുടെ കഷ്ടപ്പാടുകൾ കാണുമ്പോൾ ഞാൻ സന്തുഷ്ടനാകുന്നു. എന്തുകൊണ്ടാണെന്നറിയാമോ? കാരണം, നിങ്ങൾ നല്ലവരാകാൻ ശ്രമിക്കുകയാണ്. വളർച്ചയ്ക്കുവേണ്ടിയുള്ള ഈ കഷ്ടപ്പാട് വീക്ഷിക്കുന്ന സ്വർഗ്ഗത്തിലുള്ള ഞങ്ങൾ എല്ലാത്തരത്തിലുമുള്ള ചെറിയ സമ്മാനങ്ങളും പിന്തുണകളും നൽകുകയും ചെയ്യുന്നു.*

*നിന്റെ കഷ്ടപ്പാടുകളിൽ നിങ്ങൾക്ക് സങ്കൽപ്പിക്കാൻ കഴിയുന്നതിനേക്കാൾ ഉപരിയായി ഞങ്ങൾ കൂടെയുണ്ട്. നീ കഷ്ടപ്പെടുമ്പോൾ എന്റെ ഹൃദയം നിന്നോട് ഏറെ വാത്സല്യത്തോടെ കിടക്കുന്നു. എന്റെ കുഞ്ഞേ, ഇപ്പോഴത്തെ ദുരിതം പരാജയത്തിന്റെ സൂചനയായി കരുതുക. നീ കാണുന്ന തിന്മകൾക്ക് നടുവിൽ അൽപ്പം കഷ്ടപ്പാടുകളുണ്ടാകാം. നിശബ്ദവും അശുഭകരവുമായ സ്വീകാര്യതയോ പൊരുത്തപ്പെടലോ ഉണ്ടാകാം. അതുകൊണ്ട് ഭയപ്പെടേണ്ട. നിനക്ക് എന്നെ സേവിക്കാൻ ആഗ്രഹമുള്ളിടത്തോളം കാലം പ്രാരംഭഘട്ടത്തിൽ തന്നെ അവിടെ ഞാൻ നിന്നെ കാണുകയും വിജയത്തിന് ആവശ്യമായതെല്ലാം എത്തിച്ചു നൽകുകയും ചെയ്യും.*

*എന്റെ കുഞ്ഞേ, അത് നിനക്ക് ഞാൻ വളരെ എളുപ്പമാക്കും. ആശയക്കുഴപ്പമുണ്ടാക്കുന്നത് എന്റെ സ്വഭാവത്തിന്റെ ഭാഗമല്ല. അതുകൊണ്ടുതന്നെ ആശയക്കുഴപ്പം എന്നിൽനിന്നുള്ളതല്ലെന്ന് നീ വിശ്വസിക്കണം. പേടിയും ആശങ്കയും അസ്വസ്ഥതയും എന്നിൽനിന്നുള്ളതല്ല. പരുഷസമീപനവും വെറുപ്പും കാപട്യവും എന്നിൽനിന്നുള്ളതല്ല. അതിനർത്ഥം ഇതൊന്നും നീ ഒരിക്കലും അനുഭവിക്കില്ല എന്നാണോ? അല്ല. ഭൂമിയിലെ പീഡകളുടെ ഭാഗമായി ഇപ്പറഞ്ഞവയെല്ലാം നിനക്ക് അഭിമുഖീകരിക്കേണ്ടിവരും. ഇത്തരം പ്രശ്നങ്ങളെല്ലാം നീ എന്റെ പക്കലേക്ക് കൊണ്ടുവരണമെന്നാണ് ഞാൻ പറഞ്ഞുവരുന്നത്. ഞാൻ അവ ഏറ്റെടുക്കുകയും അതോടെ നീ സ്വതന്ത്രനാകുകയും ചെയ്യും. ഇതേ പ്രശ്നങ്ങൾ വീണ്ടും ഒരു പക്ഷേ ഒരു മണിക്കൂറിനുള്ളിൽ നിനക്ക് നേരിടേണ്ടിവന്നേക്കാം. ഹൃദയംകൊണ്ട് എന്നിലേക്ക് ഞാൻ ആയിരിക്കുന്നിടത്തേക്ക് മടങ്ങിയെത്തുക. വീണ്ടും ഞാൻ അവ നിന്നിൽ നിന്ന് എടുത്തുമാറ്റാം.*

*എന്റെ പ്രിയപ്പെട്ട കുഞ്ഞേ, ഇപ്പോൾ നിന്റെ ക്ലേശങ്ങൾ എന്റേതാണ്. അവ നേരിടാൻ കൂടുതൽ ശക്തനും ബുദ്ധിമാനും കഴിവുള്ളവനുമായ ഞാൻ നിന്നിലുള്ള ഏതു പ്രതിലോമ ചിന്തയെയും നീക്കം ചെയ്യാൻ ആഗ്രഹിക്കുന്നു. നിന്നെ സുഖപ്പെടുത്താനും നവീകരിക്കാനും ഞാൻ ആഗ്രഹിക്കുന്നു. നീ അനുവദിച്ചാൽ എനിക്ക് അതിനു സാധിക്കും. ഈ നിമിഷത്തിനു വേണ്ടിയല്ല ഞാൻ ഈ വാഗ്ദാനം നടത്തുന്നത്. നിന്നോട് ആയുഷ്കാലത്തേക്കുള്ള അഭ്യർത്ഥനയായാണ് ഞാൻ ഇത് അവതരിപ്പിക്കുന്നത്.*

*വികാരങ്ങളുമായി ബന്ധപ്പെട്ട് നീ പ്രതിസന്ധി നേരിടുമ്പോൾ അത് നേരിട്ട് എന്റെ പക്കൽ കൊണ്ടുവരിക. അവിടെയാണ് അത് അവസാനിക്കുക. എന്റെ മക്കൾ ഒഴിയാബാധകൾകൊണ്ട് കഷ്ടപ്പെടാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നീ എനിക്ക് സ്വന്തമായതിനാലും എന്നെ സേവിക്കാൻ ശ്രമിക്കുന്നതിനാലും ഞാൻ നിനക്ക് ഭരമേൽപ്പിക്കുന്ന അവകാശമാണിത്. നിന്റെ ശാശ്വത പാരമ്പര്യത്തിന്റെ മുന്നോടിയായി നീ ഇതിനെ കണ്ടേക്കാം. സ്വർഗ്ഗത്തിൽ ഞങ്ങൾ ആസ്വദിക്കുന്ന സമാധാനത്തിന്റെ ഒരു ഭാഗം നിനക്കു നൽകാൻ ഞാൻ ഉദ്ദേശിക്കുന്നു. ഇത് നിനക്കുള്ള പ്രത്യേക സമ്മാനവും നിങ്ങൾ ജീവിക്കുന്ന പ്രതിസന്ധിയുടെ കാലത്തിനുള്ള പ്രത്യേക ഇളവുമാണ്. എന്റെ ഹൃദയത്തിലെ കുഞ്ഞ് ആത്മാവേ, നിന്റെ പ്രതിസന്ധികൾ എന്റെ പക്കലേക്ക് കൊണ്ടുവരിക. നിന്റെ ദൈവമായ ഞാൻ നിനക്ക് ആശ്വാസം നൽകാൻ ആഗ്രഹിക്കുന്നു.*

## ഓഗസ്റ്റ് 28, 2003

## ഈശോ

*ഇന്ന് എല്ലാ കുടുംബങ്ങളുടെയും മുന്നിൽ ഞാൻ വില പിക്കുന്നു. അനേകം കുടുംബങ്ങൾ നഷ്ടമായതിൽ എന്റെ തിരുഹൃദയം ദുഃഖിക്കുന്നു. എന്റെ പ്രിയപ്പെട്ടവരെ, വിവാഹമെന്ന കൂദാശയെ ശക്തിപ്പെടുത്താൻ നാം ഒന്നിച്ച് പ്രവർത്തിക്കണം. ഈ കൂദാശയിലാണ് ഞാൻ കുടുംബത്തിന്റെ അടിസ്ഥാനമിടുന്നത്. രക്ഷിതാക്കളിൽ ഒരാൾ ഇല്ലാത്ത കുടുംബങ്ങൾ എപ്പോഴും ഉണ്ടാകാറുണ്ട്. മാതാപിതാക്കളിൽ ഒരാൾ മരിക്കുന്ന സാഹചര്യത്തിലെന്നപോലെ ചിലപ്പോൾ ഇത് എന്റെ തീരുമാന പ്രകാരമായിരിക്കും. ഇത് സംഭവിക്കുന്നതിന് എനിക്ക് എന്റേതായ കാരണങ്ങളുണ്ട്. പക്ഷേ, ഭൂരിഭാഗം കുടുംബങ്ങളുടെയും കാര്യത്തിൽ പരിശുദ്ധമായ വിവാഹത്തിലൂടെ ഒന്നുചേർന്ന പുരുഷനും സ്ത്രീയും കുട്ടികളെ വളർത്തിക്കൊണ്ടുവരണം എന്നതാണ് എന്റെ ഇംഗിതം.*

*പ്രിയപ്പെട്ടവരേ, നിങ്ങളുടെ ജീവിതം ഇപ്രകാരം ചിട്ടപ്പെടുത്തുന്നതിനും ദിവസങ്ങളോളം ഇതിനപ്പുറം മറ്റൊന്നും സംസാരിക്കാതിരിക്കുന്നതിനും എനിക്ക് എന്റേതായ കാരണങ്ങളുണ്ട്. ഇക്കാര്യം പറഞ്ഞുകൊണ്ട് കുടുംബങ്ങളെക്കുറിച്ചുള്ള ചർച്ച ഞാൻ ആരംഭിക്കട്ടെ. ഇക്കാര്യത്തിൽ ഞാൻ എന്റെ മനസ്സ് മാറ്റിയിട്ടില്ല. മാതാപിതാക്കളിൽ ഇരുവരും അനിവാര്യമല്ലെന്നാവാം ലോകം നിങ്ങളെ പഠിപ്പിച്ചിരിക്കുന്നത്. കുഞ്ഞുങ്ങളെ, ഇതല്ല വസ്തുത. ഒരു കുടുംബത്തിന്റെ രൂപീകരണത്തിൽ മാതാവിന് നൽകാൻ കഴിയാത്ത സംഭാവനയാണ് പിതാവ് നൽകുന്നത്. മാതാവാകട്ടെ, പിതാവിന് നൽകാൻ കഴിയാത്ത സംഭാവനയും. എനിക്ക് എല്ലാം*

*മനസ്സിലാകുന്നു. ദൈവമെന്ന നിലയ്ക്ക് എനിക്ക് വിശദീകരണങ്ങളുടെ ആവശ്യമില്ല. ഇന്നത്തെ കാലത്ത് മാതാപിതാക്കളിൽ ഒരാൾ കുടുംബത്തിന്റെ എല്ലാ ഉത്തരവാദിത്വങ്ങളും ഏറ്റെടുക്കാൻ നിർബന്ധിതമാകുന്ന ഒട്ടേറെ ഉദാഹരണങ്ങളുണ്ട്. ചില കുടുംബങ്ങളിൽ ഇത് എന്റെ ഹിതപ്രകാരമായിരിക്കും. മാതാപിതാക്കളിൽ ഒരാൾ കുട്ടികൾക്ക് ദോഷം ചെയ്യുന്ന സാഹചര്യത്തിലായിരിക്കും ഞാൻ ഇങ്ങനെ തീരുമാനിച്ചത്. നിങ്ങളുടെ കുഞ്ഞുങ്ങളുടെ ധാർമ്മികവും ശാരീരികവുമായ സുരക്ഷിതത്വത്തിന്റെ ഉത്തരവാദിത്വം നിങ്ങൾക്കുതന്നെയാണ്. നിങ്ങളുടെ കുഞ്ഞുങ്ങൾ സുരക്ഷിതമല്ലാത്ത സാഹചര്യത്തിലാണെങ്കിൽ അവരെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റാൻ നിങ്ങൾക്ക് എന്റെ അനുവാദമുണ്ടാകും. അത് ഒരു പക്ഷെ, ചൂഷണം ചെയ്യുന്ന മാതാവിനെയോ പിതാവിനെയോ ഒഴിവാക്കുന്നതാകാം. അല്ലെങ്കിൽ നിഷ്കളങ്കത നശിപ്പിക്കപ്പെടുന്ന സാഹചര്യത്തിൽ നിന്ന് കുട്ടിയെ അകറ്റി നിർത്തുന്നതാകാം. ഏറെ ഗൗരവമായ ഇക്കാര്യത്തിൽ നിങ്ങളോടൊപ്പം നിന്ന് ആവശ്യമായ ഉപദേശം നൽകാൻ ഞാനുണ്ട്. നിങ്ങളുടെ കുഞ്ഞുങ്ങൾ സംരക്ഷിക്കപ്പെടണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അതിന് ഞാൻ നിങ്ങളെ സഹായിക്കും.*

*മാതാപിതാക്കളിൽ ഒരാൾ അവന്റെയോ അവളുടെയോ ഉത്തരവാദിത്വം നിറവേറ്റാൻ വിസമ്മതിക്കുന്നതിനും ഉദാഹരണങ്ങളുണ്ട്. ഇത്തരക്കാർ മനസ്സുകൊണ്ട് സ്വന്തം ബാല്യകാലത്തേക്ക് തിരിച്ചുപോകാൻ തയ്യാറാകണം. പ്രിയപ്പെട്ടവരേ, കുട്ടിക്കാലം നിങ്ങളിലെ വ്യക്തിയെ രൂപപ്പെടുത്തുന്ന കാലമാണ്. അത് കഴിഞ്ഞാൽ ബാല്യം മറന്ന് എന്റെ ഇംഗിതം നിറവേറ്റുന്നതിനായി നിങ്ങൾ സമയം ചെലവഴിക്കുന്നതിനാണ്*

*ഞാൻ ആഗ്രഹിക്കുന്നതെന്ന് മനസ്സിലാക്കുക. ഞാൻ നിങ്ങൾക്ക് കുഞ്ഞുങ്ങളെ നൽകിയിട്ടുണ്ടെങ്കിൽ അവരെ പൂർണ്ണസ്നേഹത്തോടെയും ക്ഷമയോടെയും ഉത്തരവാദിത്വത്തോടെയും വളർത്തുക എന്നതാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇതാണ് നിങ്ങളുടെ പരിശുദ്ധമായ ചുമതല. ആ ചുമതലയ്ക്കാണ് ആദ്യ പരിഗണനനൽകേണ്ടത്. അങ്ങനെ ചുമതല പൂർണ്ണമായി നിർവ്വഹിക്കുമ്പോഴാണ് നിങ്ങൾ സ്വർഗ്ഗരാജ്യത്തിന് അർഹരാകുന്നത്. കുടുംബത്തിന് ആവശ്യമായ പിന്തുണ ലഭിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഓരോ ആത്മാക്കളും സ്വന്തം കുടുംബത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും കുടുംബതാൽപര്യങ്ങൾക്ക് മുൻഗണന കൊടുക്കുകയും വേണം.*

*ഭൂമിയിലെ നിങ്ങളുടെ പങ്കാളിയോട് പരിഗണന കാട്ടുക. വിവാഹത്തിന് പ്രഥമ പരിഗണന കൊടുത്തുകൊണ്ട് ഓരോ തീരുമാനവുമെടുക്കുക. പരസ്പരം സ്വർഗ്ഗത്തിലേക്ക് നയിക്കാനും കൗദാശികമായ പങ്കാളിത്തമില്ലാതെ നിങ്ങൾക്ക് ലഭിക്കുമായിരുന്നതിനേക്കാൾ ഉയർന്ന വിശുദ്ധി കൈവരിക്കുന്നതിന് സഹായിക്കാനും ലക്ഷ്യമിട്ടാണ് നിങ്ങൾക്ക് ഞാൻ ഇണയെ തന്നത്. അതുകൊണ്ട് നിങ്ങളുടെ വിവാഹത്തെ എപ്പോഴും ഞാൻ കൂടി ഉൾപ്പെട്ട വിശുദ്ധ ഉടമ്പടിയായി കാണുക. എന്റെ കുഞ്ഞുങ്ങളെ, നിങ്ങൾ ഇതു ചെയ്താൽ എനിക്ക് കുടുംബങ്ങളെക്കുറിച്ച് യാതൊരു ആശങ്കയും ഉണ്ടാവില്ല. എന്തുകൊണ്ടെന്നാൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നതുപോലെ നിങ്ങളുടെ കുഞ്ഞുങ്ങൾ ആദരിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ചെയ്യും.*

## ഓഗസ്റ്റ് 29, 2003
## ഈശോ

*ദിവ്യകാരുണ്യഹൃദയത്തിൽ നിന്ന് എന്റെ സ്നേഹം പ്രവഹിക്കുന്നു. എനിക്ക് അത് ഒതുക്കിനിർത്താനാവില്ല. എന്റെ മക്കൾ സംശയാലുക്കളും വഴിപിഴച്ചവരുമായിരിക്കുന്നത്, സ്വന്തം ആത്മാവിനു തന്നെ വലിയ വേദനയും നാശവും ഉണ്ടാകുന്ന രീതിയിൽ അവർ പെരുമാറുന്നത് ഞാൻ കണ്ടു. കാരണം അവർ എന്നിലേക്ക് തിരിയുന്നില്ല. ഞാൻ ആഗ്രഹിക്കുന്നതുപോലെ എനിക്ക് അവരെ സുഖപ്പെടുത്താനോ ഉപദേശിക്കാനോ കഴിയില്ല. അങ്ങനെ അവർ അതേ ജീവിതരീതി തുടർന്ന് ആയുഷ്കാലം മുഴുവൻ ഇടറി സഞ്ചരിക്കുകയും പാപത്തിന്റെ ആഴക്കയങ്ങളിൽ പതിക്കുകയും ചെയ്യുന്നു. അവരുടെ വേദനമൂലം അവർ മറ്റുള്ളവർക്കും വേദന നൽകുന്നു.*

*കുഞ്ഞുങ്ങളേ, ഞാൻ ഇപ്പോൾ നിങ്ങളോടു പറയുന്നു, അവസാനിപ്പിക്കുന്നതിനുള്ള സമയമാണിത്. നിങ്ങളുടെ നാശോന്മുഖമായ പെരുമാറ്റത്തിന് വിരാമം കുറിക്കാൻ ഞാൻ ആവശ്യപ്പെടുന്നു. നിങ്ങൾക്ക് ഞാൻ അതുല്യമായ ഒരു അവസരം നൽകുകയാണ്. നഷ്ടപ്പെട്ട കുഞ്ഞുഹൃദയമേ, ഇപ്പോൾ എന്റെ പക്കലേക്ക് തിരിച്ചുവരിക. നിന്നെ കാത്തിരിക്കുന്ന എല്ലാ ശിക്ഷകളും ഞാൻ ഒഴിവാക്കാം. പശ്ചാത്തപിച്ച് സ്വയം എന്റെ കൈകളിൽ സമർപ്പിക്കുക. എത്രയും വേഗം ഞാൻ നിനക്ക് മാപ്പേകാം. ഞാൻ അതു ചെയ്തുകഴിഞ്ഞു. പക്ഷേ, സൗഖ്യം ലഭിക്കുന്നതിനും സ്വർഗ്ഗത്തിൽ ആശ്വാസം അനുഭവിക്കുന്നതിനും നീ പശ്ചാത്തപിച്ച് എന്നോട് മാപ്പപേക്ഷിക്കണം. നീ എന്റെ പക്കലേക്ക് വന്ന് മാപ്പപേക്ഷിക്കണം. നീ വന്ന് എന്നിൽ*

നിന്ന് അത് സ്വീകരിക്കുക. ഞാൻ ഇവിടെ സക്രാരിയിലുണ്ട്. ഇവിടെ എന്നിലേക്ക് വരിക. എല്ലാ പാപങ്ങളും ഞാൻ ക്ഷമിക്കാം. ഒരിക്കലും പാപം ചെയ്തിട്ടില്ലാത്ത വണ്ണം നിന്നെ ഞാൻ വിശുദ്ധീകരിക്കും.

എന്റെ കുഞ്ഞുങ്ങളേ, സ്വർഗ്ഗത്തിൽ എല്ലാവരും എന്റെ ഈ വാഗ്ദാനത്തിന്റെ സാധ്യതയറിയാനുള്ള ആകാംക്ഷയിലാണ്. നിങ്ങൾ ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇത് നിങ്ങൾക്ക് എക്കാലവും ചെയ്യേണ്ടിവരില്ല. ഈ ഭൂമിയിൽ നിങ്ങൾക്ക് അനശ്വരതയില്ല. തെറ്റുകൾ ചെയ്ത് നിങ്ങൾ സ്വർഗ്ഗത്തിലേക്കുള്ള പാതവിട്ടിരിക്കുന്നു. ഏറെ വൈകുന്നതിനുമുമ്പ് ഇപ്പോൾ എന്റെ പക്കലേക്ക് മടങ്ങാൻ ഞാൻ നിങ്ങളോട് കേണപേക്ഷിക്കുന്നു. നിങ്ങളുടെ ആത്മാവ് നഷ്ടപ്പെട്ടേക്കാമെന്ന് നിങ്ങൾ മനസ്സിലാക്കണം. പാപത്തിന്റെ വഴിയിൽ നിന്ന് മാറാൻ വൈകുന്ന പക്ഷം കുഞ്ഞേ, ദുശീലങ്ങൾക്ക് അടിപ്പെട്ട കുട്ടിയെപ്പോലെ  നീ പാപങ്ങൾക്ക് വിധേയനാകുമെന്ന് മനസ്സിലാക്കുക. മടക്കത്തിനുള്ള സമയം ഇതാണ്. പ്രതിഫലം നൽകാതെ എന്റെ സ്നേഹത്തിന് ഇനി മുന്നോട്ടു പോകാൻ കഴിയാത്തതിനാലാണ് ഞാൻ ഇപ്പോൾ ഈ വാക്കുകൾ മുഖേന നിന്റെ പക്കലേക്ക് വരുന്നത്. എന്റെ സ്നേഹം സമാശ്വസിപ്പിക്കാനും സാന്ത്വനിപ്പിക്കാനും ആഗ്രഹിക്കുന്നു. എന്റെ കുഞ്ഞേ, നിനക്ക് ഇപ്പോൾ സമാശ്വാസവും സാന്ത്വനവും ആവശ്യമുണ്ട്. നിന്നോട് എനിക്കുള്ള സ്നേഹത്തെക്കുറിച്ച് സംസാരിക്കാൻ നീ അനുവദിച്ചാൽ എന്നെ സംബന്ധിച്ചിടത്തോളം നീ പകരം വയ്ക്കാൻ സാധിക്കാത്തവനാണ് എന്ന് നിനക്ക് ബോധ്യമായിത്തുടങ്ങും.

സ്വന്തം പിതാവിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന അനുസരണയുള്ള ഒരു കുഞ്ഞിനെപ്പോലെ ഭൂമിയിൽ

എന്റെ രാജ്യം പോഷിപ്പിക്കാൻ ഉതകുംവിധമാണ് നിനക്ക് കഴിവുകളും മികവുകളും കരുത്തും നൽകിയിരിക്കുന്നത്. പക്ഷേ, കുറച്ചുകാലത്തേക്ക് നീ അതു ചെയ്തില്ല. ഭോഗാസക്തിയോ ലൗകികസുഖങ്ങൾക്കു വേണ്ടിയുള്ള അഭിവാഞ്ഛയോ അടിമത്വമോ മൂലം നീ സ്വന്തം താൽപര്യങ്ങളാണ് സംരക്ഷിച്ചത്. എന്റെ കുഞ്ഞേ, ഇത് നിന്റെ സ്വകാര്യതയാണെന്നും സ്വയം മാത്രമാണ് വേദനിപ്പിച്ചിട്ടുള്ളതെന്നും നിനക്ക് തോന്നുന്നുണ്ടാകും. പക്ഷേ, ഇപ്പോൾ ഞാൻ നിന്നോടു പറയുന്നു. നീ എന്റെ കുഞ്ഞാണ്, ഞാൻ നിന്നെ സ്നേഹിക്കുന്നു. നീ സ്വയം വേദനിപ്പിക്കുമ്പോൾ ഞാൻ അത് വ്യക്തിപരമായാണ് പരിഗണിക്കുന്നത്. ഇത് അവസാനിപ്പിക്കാൻ ഞാൻ ഇപ്പോൾ നിന്നോടു പറയുന്നു. നിന്നെ എന്നിൽനിന്ന് അകറ്റുന്ന ഏതു പെരുമാറ്റവും അവസാനിപ്പിക്കുക. ആ പെരുമാറ്റങ്ങൾ ഏതൊക്കെയാണെന്ന് നിനക്ക് വ്യക്തമല്ലേ? ഇവിടെ ഈ സക്രാരിയിൽ എന്റെ പക്കലേക്കു വരിക. ഞാൻ ഏതൊക്കെ പെരുമാറ്റങ്ങളെക്കുറിച്ചാണ് പരാമർശിച്ചതെന്ന് വ്യക്തമാക്കാം. ഈ വാക്കുകൾ വായിക്കുമ്പോൾ തന്നെ നിനക്ക് മനസ്സിലാകും. ഈ പെരുമാറ്റങ്ങൾ നിത്യജീവിതത്തിന് ഉപകരിക്കുന്ന രീതിയിൽ വിനിയോഗിക്കാൻ നിനക്കു കഴിയില്ല. എന്റെ കുഞ്ഞേ, തീർച്ചയായും കഴിയില്ല. നീ എന്റെ പക്കലേക്ക് വരണമെന്ന് ഞാൻ സമ്മർദ്ദം ചെലുത്തുന്നതിന്റെ രണ്ടാമത്തെ കാരണം അതാണ്. നീ സ്വഭാവത്തിൽ മാറ്റം വരുത്തേണ്ടതിന്റെ മൂന്നാമത്തെ കാരണം എനിക്ക് നിന്നെ വേണ്ടതുണ്ട് എന്നതാണ്.

ഞാൻ നിന്റെ ദൈവമാണ്, എല്ലാത്തിന്റെയും ദൈവം സത്യമായും ഞാൻ നിന്നോടു പറയുന്നു. എനിക്ക് നിന്നെ ആവശ്യമുണ്ട്. നിന്റെ ലോകത്തിൽ നിനക്കു മാത്രം രക്ഷിക്കാൻ കഴിയുന്ന ആത്മാക്കളുണ്ട്. അവരെ

*രക്ഷിക്കാൻ നീ എനിക്കുവേണ്ടി പ്രവർത്തിക്കണം. എങ്ങനെ പ്രവർത്തിക്കണം എന്ന് ഞാൻ നിന്നോടു പറയും. നീ അതു കേൾക്കണം. അതുകൊണ്ട് എന്റെ ഹൃദയത്തിന്റെ കുഞ്ഞ് ആത്മാവുകളേ, ഇപ്പോൾ എന്റെ പക്കലേക്ക് വരിക. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ മടക്കത്തിന് സമ്മർദ്ദം ചെലുത്തുന്ന ആദ്യകാരണം ഞാൻ നിങ്ങളെ സ്നേഹിക്കുന്നു എന്നതാണ്. നിങ്ങളിൽനിന്നുള്ള അകൽച്ച ഞാൻ ഹൃദയത്തിൽ ഏകാന്തതയുടെ വേദന സൃഷ്ടിക്കുന്നു.*

## ഓഗസ്റ്റ് 29, 2003
## ഈശോ

*എന്റെ കുഞ്ഞുങ്ങളോട് അവരുടെ സംസാരത്തെക്കുറിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ ഭാവിയിൽ എന്താകാൻ ആഗ്രഹിക്കുന്നു എന്നത് നിങ്ങളുടെ വാക്കുകളിൽ കൃത്യമായി പ്രതിഫലിക്കുന്നുണ്ടോ? നിങ്ങൾ വിശുദ്ധി അനുഭവപ്പെടുന്നില്ലെന്നും എനിക്കറിയാം. നിന്റെ വിനയം സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഞങ്ങൾ ഇത് അനുവദിച്ചിരിക്കുന്നത്. പക്ഷേ, നിനക്ക് ലഭിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്ന വിശുദ്ധി കൈവരിച്ചതുപോലെ നീ സംസാരിക്കണം. ഈശോയേ, അങ്ങ് എന്താണ് ഉദ്ദേശിക്കുന്നത്? നിന്റെ ചോദ്യം എനിക്കു കേൾക്കാം. ഞാൻ നിന്നോടൊപ്പമുണ്ട്. നീ എന്നോടൊപ്പവും. നിന്റെ സംസാരം നമ്മുടെ ഐക്യം പ്രദർശിപ്പിക്കുന്നതായിരിക്കണം. ഈ ഐക്യം കൈവരിച്ചതായി ചിന്തിക്കരുത്. മറിച്ച്, അത് രഹസ്യമായി സൂക്ഷിക്കണം. എന്റെ കുഞ്ഞേ, മറ്റുള്ളവർ നിന്നെ നോക്കി എന്നെ കാണുക എന്ന നമ്മുടെ ലക്ഷ്യത്തിന്റെ ഒരു ഭാഗത്തിന് അത് ഭീഷണിയായേക്കാം. മറ്റുള്ളവർ നിന്റെ വാക്കുകൾക്ക് കാതോർക്കുകയും എന്നെ ശ്രവിക്കുകയും വേണം. ഒരു വിശുദ്ധ പരിശീലനം എന്ന നിലയിൽ നാം സ്വീകരിച്ചിരിക്കുന്ന പരിശീലനരീതിയുടെ അതേ മാർഗ്ഗത്തിൽ നീ പറയുന്നത് എന്തെന്ന് സ്വയം ശ്രവിക്കുകയും വേണം. നിന്റെ ശബ്ദം ശ്രവിക്കുക. നിനക്കൊപ്പം ഞാനും നിന്നെ ശ്രവിക്കുന്നുണ്ടെന്ന് തിരിച്ചറിയുക. സ്വന്തം വാക്കുകളിൽ ശ്രദ്ധകേന്ദ്രീകരിക്കുക. ഉപയോഗിക്കുന്ന സ്വരഭാവവും പദരൂപഭേദവും ശ്രദ്ധിക്കുക. വാക്കുകളും സ്വരഭാവവും പദരൂപഭേദവും സ്നേഹം പ്രകടിപ്പിക്കാൻ*

ലക്ഷ്യമിടുന്നുണ്ടോ? അവ നീ ഉള്ളിൽ വഹിക്കുന്ന ദൈവത്തെ കൃത്യമായി പ്രതിനിധീകരിക്കുന്നുണ്ടോ? നിന്റെ വാക്കുകൾ ചിലപ്പോഴൊക്കെ എന്നെ പ്രതിഫലിപ്പിക്കുന്നില്ലെന്ന് നീ കണ്ടെത്തുമെന്ന് എനിക്ക് ഉറപ്പുണ്ട്.

കാര്യങ്ങൾ പഠിച്ചുവരുന്ന കുഞ്ഞ് ആത്മാവേ, ഇതിൽ ആശങ്കവേണ്ട. അതുകൊണ്ടാണ് നമ്മൾ ഇപ്പോൾ പരിശോധന നടത്തുന്നത്. നിനക്ക് മനോഹരമായ സ്വർഗ്ഗീയ സമ്മാനം ലഭിക്കുന്നതിനുള്ള ഒരു സാധ്യതയും നമ്മൾ അവഗണിക്കില്ല. അതുകൊണ് നിന്റെ സംസാരത്തിൽ എന്റെ അംഗീകാരം ലഭിക്കില്ലെന്ന് തോന്നുന്ന എന്തെങ്കിലും കണ്ടെത്തിയാൽ അത് മറ്റൊരു രീതിയിൽ എങ്ങനെ പറയാം എന്ന് എന്നോട് ചോദിക്കുക. എന്റെ കുഞ്ഞേ, നീ എന്റെ വാക്കുകൾ വായിക്കുകയും അവ ഹൃദയത്തിൽ ശ്രവിക്കുകയുമായിരുന്നല്ലോ. നീ എന്നെ മനസിലാക്കണമെന്ന് ആഗ്രഹിച്ചതുകൊണ്ടാണ് ഞാൻ ഇത് ആഗ്രഹിച്ചത്. ഞാൻ നിന്റെ രക്ഷകനാണ്. നീ ഞാനുമായി ഗാഢമായി പൊരുത്തപ്പെട്ടിരിക്കുന്നു എന്നത് ഉചിതമാണ്. നീ എന്നെ ശ്രവിച്ചതുകൊണ്ട് ഞാൻ നിന്നോട് സംസാരിച്ചതുപോലെ നീ മറ്റുള്ളവരോട് സംസാരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നമുക്ക് പരിശോധിക്കാം. ഞാൻ എപ്പോഴും സത്യം സംസാരിക്കുന്നു. കുഞ്ഞുങ്ങളേ, കള്ളം പറയരുത്. കള്ളം പറയുന്നത് പാപമാണ്. ആ പാപം പശ്ചാത്താപം ആവശ്യപ്പെടുന്നു എന്ന് ഓർക്കുക. ഏറെ ദയാവായ്പോടെയാണ് ഞാൻ സംസാരിക്കുന്നത്. ഞാൻ സൗമ്യനാണ്, ഞാൻ സത്യം മറച്ചുവയ്ക്കില്ല. കാരണം ഞാൻ നിങ്ങളുടെ അരിശത്തെ ഭയപ്പെടുന്നു. ആരെയെങ്കിലും തിരുത്തുവാൻ നിങ്ങൾ നിയോഗിക്കപ്പെട്ടാൽ അതു ചെയ്യുക. സുഹൃത്തുക്കൾക്കോ സ്നേ

ഹിതർക്കോ ധാർമ്മിക കാര്യങ്ങളിൽ തെറ്റുപറ്റിയെന്നു തോന്നിയാൽ അവരെ ഉപദേശിക്കുക. നിങ്ങൾ ഇതു ചെയ്യണം എന്ന് ഞാൻ ആഗ്രഹിക്കുന്നുണ്ടോ എന്നറിയാൻ എന്നോട് ചോദിക്കുക. ഞാൻ പറയാം. എപ്പോഴും സ്നേഹിതരിൽ ഒരാളെ നേർവഴിക്കു നയിക്കാൻ ഞാൻ ഒരാത്മാവിനെ പ്രേരിപ്പിക്കുന്നു. ഇതിന് ധൈര്യം വേണ്ടതുണ്ടെന്ന് എനിക്കറിയാം. പക്ഷേ, എന്നെ അനുഗമിക്കുന്ന പക്ഷം നിങ്ങൾക്ക് ധൈര്യമുണ്ടെന്ന് ഞാൻ ഉറപ്പുവരുത്തും.

ഏറെ സൗമ്യതയോടും സ്നേഹത്തോടും കൂടി സംസാരിക്കുക. സത്യം പറയുക. പതിവായി സത്യം കേൾക്കുന്നത് ഒരു ആത്മാവിനെ അരിശം കൊള്ളിച്ചേക്കാം. ഈ അരിശത്തിനുമുന്നിൽ ശാന്തരും സ്നേഹസമ്പന്നരുമായി തുടരുക. ജനങ്ങൾ എന്നോട് അരിശം കൊണ്ടിരുന്നതായും ഇപ്പോഴും അരിശംകൊള്ളുന്നതായും ഓർക്കുക.

മറ്റുള്ളവരെക്കുറിച്ച് സത്യത്തിനു നിരക്കുന്നതോ അല്ലാത്തതോ ആയ അഹിതങ്ങൾ പ്രചരിപ്പിക്കരുത്. മറ്റുള്ളവരെ സംരക്ഷിക്കാനല്ലെങ്കിൽ സംസാരിക്കാതിരിക്കുക. സ്വന്തമായി ഏറെ തിരക്കുകളുള്ളതിനാൽ നിങ്ങളുടെ സഹോദരീസഹോദരന്മാരുടെ കുറ്റങ്ങളെക്കുറിച്ച് പൊതുവേ നിശബ്ദത പാലിക്കുക. നിങ്ങൾക്ക് സന്തോഷം പകരുന്ന കരുണയുടെയും സമർപ്പണത്തിന്റെയും സ്നേഹത്തിന്റെയും പ്രവൃത്തികളെക്കുറിച്ച് സംസാരിക്കുക. മറ്റുള്ളവരുടെ അനേകമനേകം നല്ല ഗുണങ്ങളിൽ ശ്രദ്ധവയ്ക്കുക. ഒരു ആത്മാവ് ഞാനുമായി ഐക്യത്തിലായില്ലെങ്കിൽ ആ ആത്മാവിന് വലിയ ശൂന്യതയും ഏകാന്തതയും വിഷാദവും തോന്നും. എന്റെ ഹൃദയത്തോടടുത്തു നിൽക്കുന്ന പ്രിയ കുഞ്ഞുങ്ങളേ, ഞാൻ നിങ്ങളോട് സഹാനുഭൂ

*തിയും ദയയും കാണിച്ചതുപോലെ നിങ്ങൾ മറ്റുള്ള വരോടും സഹാനുഭൂതിയും ദയയും കാണിക്കുവിൻ. ഞാൻ നിങ്ങളുടെ ദൈവമാണ്. മറ്റുള്ളവരോട് നിങ്ങൾ ഓരോ തവണ കാണിച്ച ദയാവായ്പ്പിനും നിങ്ങൾക്ക് എന്നിൽനിന്ന് വ്യക്തിപരമായി ദയാവായ്പ്പ് ലഭിക്കും. കുഞ്ഞുങ്ങളേ, നിങ്ങളുടെ ഭാഷണത്തിന് നന്നായി മുൻകരുതലെടുക്കുക. നിങ്ങളുടെ ഭാഷണം എന്നെ മാത്രം മറ്റുള്ളവരിലേക്ക് എത്തിക്കുന്നതാകട്ടെ. ഞാൻ നിങ്ങളെ സഹായിക്കാം. നിങ്ങളുടെ ഭാഷണം സ്വർഗ്ഗ ത്തിന് പ്രയോജനപ്പെടുന്നതാണെന്ന് നമുക്കൊന്നിച്ച് ഉറപ്പാക്കാം.*

## ഓഗസ്റ്റ് 29, 2003

## ഈശോ

*പ്രിയപ്പെട്ട കുട്ടികളെ, എന്നെ എങ്ങനെ പ്രീതിപ്പെടുത്തണമെന്ന് അറിയാൻ നിങ്ങൾക്ക് താൽപര്യമുണ്ടോ? അനുസരണമില്ലായ്മയും വിദ്വേഷവും വ്യാപകമായ സാഹചര്യത്തിൽ എന്നെ സാന്ത്വനിപ്പിക്കുകയും സമാശ്വസിപ്പിക്കുകയും ചെയ്യുന്നത് എന്താണെന്ന് നിങ്ങൾക്ക് അറിയേണ്ടതുണ്ടോ? വിനയം എന്നെ സാന്ത്വനിപ്പിക്കുന്നു. സമാശ്വാസിപ്പിക്കുന്നു. എന്റെ തെരഞ്ഞെടുക്കപ്പെട്ട ആത്മാക്കളുടെ വിനയം എന്റെ ഹൃദയത്തെ അലിവുള്ളതാക്കുകയും സ്രഷ്ടാവായ ദൈവത്തിന്റെ ദയയ്ക്ക് അർഹതയില്ലാത്ത ഈ തണുത്തുറഞ്ഞ ലോകത്തിനെതിരായ ശിക്ഷയെ വഴിതിരിച്ചു വിടുകയും ചെയ്യുന്നു. എന്റെ കുഞ്ഞുങ്ങളെ, നിങ്ങൾ എന്നോട് എത്രമാത്രം അടുക്കുന്നുവോ അത്രമാത്രം എന്റെ നന്മ അറിയുന്നു. നിങ്ങളുടെ ബുദ്ധിശക്തി നിങ്ങളുടെ വിശുദ്ധിയും എന്റെ പൂർണ്ണതയും സ്വയം താരതമ്യം ചെയ്യുകയും തൽഫലമായി വിനയമുണ്ടാകുകയും ചെയ്യുന്നു.*

*ഇത് നല്ലതാണ്. നിങ്ങൾ പൂർണ്ണരല്ലെന്നും മെച്ചപ്പെട്ടേ തീരു എന്നുമുള്ള തിരിച്ചറിവിൽ ഭയചകിതരാകരുത്. എന്റെ കുഞ്ഞേ, അതാണ് ആ യാത്ര. ഞാൻ നിങ്ങളുടെ ഭൂമിയിൽ നടന്നപ്പോൾ ആളുകൾ എന്നെ ഗുരു എന്നു വിളിച്ചു. ഇപ്പോഴും ഞാനൊരു ഗുരുവാണ്. ഞാൻ നിങ്ങളെ പഠിപ്പിക്കുകയാണ്. പല ഗുരുക്കന്മാരെയും പോലെ ഒരു കാര്യം എങ്ങനെ ചെയ്യണം എന്ന് ഞാൻ കാണിക്കുകയാണ്. എന്റെ കുഞ്ഞേ, വിശുദ്ധ ലിഖിതങ്ങൾ വായിക്കുമ്പോൾ ഞാൻ എങ്ങനെയാണ് ജീവിച്ചിരുന്നത് എന്ന് നിങ്ങൾക്ക് പരിചിതമാകും. എല്ലാ ദിവസ*

*വും നിങ്ങൾ വിശുദ്ധ ഗ്രന്ഥം വായിക്കണം. അതിലൂടെ നിങ്ങൾ എന്നെക്കുറിച്ച് പഠിക്കും. ദിവസങ്ങൾ കടന്നു പോകുകയും നിങ്ങളുടെ ജീവിതം നിങ്ങൾക്കു മുന്നിൽ വെളിവാക്കപ്പെടുകയും നിങ്ങൾ ഞാനായി മാറുന്ന തായി സ്വയം കണ്ടെത്തുകയും ചെയ്യും. എന്റെ ഹൃദ യം ആർദ്രമായതുപോലെ നിങ്ങളുടെ ഹൃദയം മനുഷ്യ കുലത്തോടുള്ള അനുകമ്പകൊണ്ട് ആർദ്രമാകുന്നത് നിങ്ങൾ കാണും.*

*പ്രതികാരത്തെക്കുറിച്ച് ചിന്തിക്കാതെ നിങ്ങൾ മുറി വുകൾ മഹത്വത്തോടും ധാരണയോടും കൂടി ഏറ്റു വാങ്ങും. അതെ, നിങ്ങളിൽ മാറ്റമുാകും. നാം ഒന്നിച്ച് തേടുന്നതും ഈ മാറ്റമാണ്. ഇന്നത്തെ നില തുടർന്ന് നിങ്ങൾക്ക് വിശുദ്ധിയിലേക്ക് നീങ്ങാനാവില്ല. അത് അസാധ്യമാണ്. വിശുദ്ധിയിലേക്കുള്ള ഓരോ വിളിയും നിനക്കുള്ളതാണെന്നും ഞാൻ സംസാരിക്കുന്നതും മാറ്റം ആവശ്യപ്പെടുന്നതും നിന്നോടാണെന്നും എന്റെ കുഞ്ഞ് ആത്മാവേ, നീ മനസ്സിലാക്കുന്നുവെന്ന് ഞാന റിയുന്നു.*

*വിശുദ്ധിയിലേക്കുള്ള യാത്രയിലാണ് നീ. നിനക്കു വേണ്ടി ഞാൻ നേരത്തെ നിശ്ചയിച്ചിരിക്കുന്നതും അതു തന്നെയാണ്.*

*എന്റെ കുഞ്ഞേ, മറ്റൊരാളുടെ വിശുദ്ധിയിൽ നീ അസൂ യാലുവാകരുത്. എന്റെ ഓരോ മക്കൾക്കും അവരിൽ നിന്ന് ഞാൻ പ്രതീക്ഷിക്കുന്ന അധ്വാനത്തിന് യോജിച്ച രീതിയിലുള്ള കഴിവുകളാണ് ഞാൻ നൽകിയിട്ടുള്ള ത്. അയൽവാസിക്കുള്ള ആത്മീയസമ്മാനം നിനക്ക് ന ൽകാനോ മറ്റൊരു ആത്മീയസമ്മാനം ആവശ്യമുള്ള ജോലികൾ നീ പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെ ടാനോ എനിക്കു കഴിയില്ല. എന്റെ മാർഗ്ഗം പരിപൂർണ്ണ*

മാണ്. എന്റെ പദ്ധതി പരിപൂർണ്ണമാണ്. ഞാൻ പരിപൂർണ്ണനാണ്. കുഞ്ഞ് ആത്മാവേ, നീ എന്റെ സ്നേഹിതനായിരിക്കാൻ ആഗ്രഹിക്കുക. നിന്റെ ഏകമാർഗ്ഗം ഞാനാണ്. വൈകാതെ നീ ഇത് തിരിച്ചറിയും. പക്ഷേ ഇപ്പോൾതന്നെ നീ തിരിച്ചറിയുകയും ഉൾക്കൊള്ളുകയും വേണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. എന്റെ വാക്കുകൾ ശ്രവിക്കുകയും എന്റെ കരം പിടിക്കുകയും ചെയ്യുക. ഞാൻ ഒരുക്കിയിട്ടുള്ള വഴിത്താരയിലേക്ക് നിന്നെ നയിക്കാം. വ്യക്തവും സമ്പൂർണ്ണവുമായി നിന്നെ അറിയുന്ന ദൈവം നിനക്കു വേണ്ടി മാത്രം രൂപകൽപ്പന ചെയ്തതാകയാൽ ആ വഴി നിനക്ക് ഉചിതമായി തോന്നും. നിനക്കുവേണ്ടി ഞാൻ കരുതിവച്ചിരിക്കുന്നവയിൽ സമാധാനവും ഉൾപ്പെടുന്നു. നീ എന്നെ പിന്തുടർന്നു തുടങ്ങുമ്പോൾ നിനക്ക് സമാധാനം ലഭിക്കും. പ്രിയ കുഞ്ഞേ, എനിക്ക് ഒട്ടേറെ ശത്രുക്കളും ഏതാനും സ്നേഹിതരുമുണ്ട്. ഞാൻ നിന്നെ സ്നേഹിതാ എന്നു വിളിച്ചോട്ടേ? അനുസരണക്കേടിന്റെ ഇക്കാലഘട്ടത്തിൽ നീ എനിക്കൊപ്പം നിൽക്കുമോ? ദയവായി നിന്റെ ഹൃദയം എന്റെ ഹൃദയത്തോടും നിന്റെ ഇച്ഛ എന്റെ ഇച്ഛയോടും ചേർക്കുക. നമുക്കൊന്നിച്ച് ആത്മാക്കളെ രക്ഷിക്കാം. എന്റെ കൃതജ്ഞത നിന്നിലേക്ക് ഒഴുകുന്നു. മനസുനിറഞ്ഞ ദൈവത്തിന്റെ ശക്തി നിങ്ങൾക്ക് ഒരിക്കലും മനസ്സിലാവില്ല. സത്യത്തിൽ പ്രതിസന്ധികൾക്കും അപമാനങ്ങൾക്കും നടുവിലും എന്നെ സേവിക്കുന്ന മക്കൾക്ക് വിധേയനാണ് ഞാൻ.

രോഷാകുലരായ ജനക്കൂട്ടത്തിനു നടുവിലൂടെ കുരിശുംവഹിച്ചുകൊണ്ട് ഞാൻ നിങ്ങളുടെ നഗരത്തിലൂടെയാണ് നടന്നുനീങ്ങിയിരുന്നതെങ്കിൽ സുരക്ഷിതമായ ഒരു അകലത്തിൽ നിന്ന് നിങ്ങൾ എന്നെ വീക്ഷിക്കുമായിരുന്നോ? അല്ലെങ്കിൽ എന്നോടൊപ്പം നിന്ന് കുരിശി

*ന്റെ ഭാരം പങ്കുവയ്ക്കുമായിരുന്നോ? എന്റെ കുഞ്ഞേ, ദൗർബല്യത്തിൽ നിന്നാണ് നീ ഉത്തരം പറഞ്ഞതെങ്കിൽ ഭയപ്പെടേണ്ട. നീ എന്റെ പക്കലേക്ക് വരികയും നിന്നിൽ മാറ്റം വരുത്താൻ എന്നെ അനുവദിക്കുകയും ചെയ്താൽ നിന്നെ ഏറ്റവും വിശ്വസ്തനും ധീരനുമായ സേവകനാക്കിമാറ്റാൻ എനിക്കു സാധിക്കും. ലോകത്തിൽ നിന്ന് വിടുതൽ നേടി എന്റെ വിശ്വസ്ത അനുയായികൾക്കൊപ്പം ചേരാൻ ക്ലേശിക്കുന്ന നിനക്കൊപ്പം ഞാനുണ്ട്. പരസ്പരം ശക്തി സ്വീകരിക്കാൻ സാധിക്കുംവിധം നിങ്ങളെ ഞാൻ ഒന്നിപ്പിക്കുകയാണ്. സമാധാനത്തിൽ വർത്തിക്കുക. ഞാൻ ദൈവമാണ്. ഞാൻ എന്റെ ലോകത്തെ എന്നിലേക്ക് തിരിച്ചുവിളിക്കുന്നു.*

## സെപ്റ്റംബർ 1, 2003

## ഈശോ

*ഞാൻ എന്റെ മക്കൾക്കൊപ്പമുണ്ട്. എന്റെ സാന്നിദ്ധ്യം നിശബ്ദമെങ്കിലും സുസ്ഥിരമാണ്. നിങ്ങളുടെ ജീവിതത്തിൽ അപ്രധാനമെന്നു തോന്നുന്ന പല കാര്യങ്ങളും എന്റെ ഹിതം നിറവേറ്റത്തക്കവിധം ഞാൻ നിയന്ത്രിക്കുന്നു. എന്റെ മക്കൾ വിശ്വാസം പരിശീലിക്കുന്നത് എന്നെ സന്തുഷ്ടനാക്കുന്നു. പക്ഷേ, എന്റെ മക്കൾക്ക് എന്നിൽ അളവില്ലാത്ത വിശ്വാസം ഉണ്ടായിരിക്കത്തക്ക വണ്ണം അനന്തമായ സംരക്ഷണമാണ് ഞാൻ അവർക്കു നൽകുന്നത്. അതുകൊണ്ടുതന്നെ അവർ എന്നിൽ കൂടുതൽ വിശ്വാസമർപ്പിക്കുന്നതിന് നീതീകരണമുണ്ട്.*

*എന്നെ സേവിക്കാനും വിശുദ്ധി പാലിക്കാനും ക്ലേശിക്കുന്ന എന്റെ വിശ്വസ്തരേ, എന്നിൽ ആശ്രയിക്കുക. എന്തെന്നാൽ ഞാൻ നിങ്ങൾക്കൊപ്പമുണ്ട്. ഞാൻ നിങ്ങൾക്ക് എന്റെ സംരക്ഷണം ഉറപ്പുനൽകിയിട്ടുണ്ട്. അതുകൊണ്ട് നിങ്ങൾക്ക് മുറിവേൽക്കാൻ അനുവദിക്കുകയില്ല. ഭയചകിതരോ ചഞ്ചലചിത്തരോ ആയിരിക്കുമ്പോൾ ചെറിയ പ്രാർത്ഥനകൾ എനിക്ക് സമർപ്പിക്കുക. സാന്ത്വനത്തിന്റെ കരങ്ങൾ ഞാൻ നിങ്ങൾക്കുമേൽ വയ്ക്കാം. നിങ്ങളുടെ വിശ്വാസം സുസ്ഥിരപ്പെടുത്തുകയും നിങ്ങളെ ധൈര്യപ്പെടുത്തുകയും ചെയ്യാം.*

*ഈ പ്രാർത്ഥനാവേളയിൽ നിങ്ങൾ എന്നിലേക്ക് തിരിഞ്ഞുനോക്കുക.നിങ്ങളുടെ ദൈവത്തോട് ഉവ്വ് എന്നു പറഞ്ഞതിന്റെ കൃതാർത്ഥത നിങ്ങൾക്ക് അനുഭവപ്പെടും.*

*എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾക്കൊപ്പം അനശ്വരത പങ്കിടുന്ന നിരവധി ആത്മാക്കളെ നിങ്ങൾ കാണും. നിങ്ങളുടെ സേവനമില്ലായിരുന്നെങ്കിൽ അവ നിലനിൽക്കുമായിരുന്നില്ല.*

ഈ ആത്മാക്കളുമായി നിങ്ങൾ പങ്കുവയ്ക്കുന്ന സന്തോഷം സങ്കൽപ്പിക്കാനാകുന്നുണ്ടോ? അതുകൊണ്ട് നിങ്ങൾക്കു മുന്നിൽ ഞാൻ പ്രകാശമാനമാക്കിയിരിക്കുന്ന പാതയിലൂടെ സഞ്ചരിച്ച് ധൈര്യപൂർവ്വം എനിക്കായി സേവനം ചെയ്യുക. അവിടെയാണ് സ്വന്തം സമാധാനവും അനശ്വരതയിലേക്കുള്ള താക്കോലും നിങ്ങൾ കണ്ടെത്തുക.

ഒരു കെണിയെക്കുറിച്ച് മുന്നറിയിപ്പു നൽകാൻ ഇന്ന് ഞാൻ ആഗ്രഹിക്കുന്നു.

എന്റെ മക്കൾ എനിക്കുവേണ്ടി പലപ്പോഴും വലിയ കാര്യങ്ങൾ ചെയ്യാൻ ആഗ്രഹിക്കുന്നു. സത്യമായും വലിയ കാര്യങ്ങൾ ആവശ്യമാണ്. അവ ഞാൻ നിങ്ങളിൽനിന്ന് ആവശ്യപ്പെടുകയും ചെയ്യും. പക്ഷേ, പ്രിയപ്പെട്ട ആത്മാവേ, നിന്റെ വിശുദ്ധി ചെറിയ കാര്യങ്ങളിലാണ് കുടികൊള്ളുന്നത്. ചെറുതും അദൃശ്യവുമായ ഉദ്യമങ്ങളിലും ഉത്തരവാദിത്വങ്ങളിലുമാണ് ഞാൻ ഇവിടെ അൽപ്പം മെനഞ്ഞുവച്ചിട്ടുണ്ട്, അവിടെ അൽപ്പം നവീകരിക്കുക, തുടങ്ങിയ കാര്യങ്ങൾ ഞാൻ നിന്റെ ആത്മാവിനോട് മന്ത്രിക്കുക. പക്ഷേ, ഈ മാറ്റങ്ങൾ അതിസൂക്ഷ്മമാകയാൽ നിങ്ങൾക്ക് അത് അനുഭവവേദ്യമാകില്ല. പക്ഷേ എന്റെ കുഞ്ഞേ, കൊച്ചുകാര്യങ്ങളിൽ മാറ്റം സംഭവിക്കുന്നുണ്ട്. അതുകൊണ്ട് എന്നോട് നീരസം തോന്നരുത്.

ഞാൻ നിങ്ങളുടെ ആത്മാവിൽ എന്റെ ജോലി കഴിവതും വേഗം ചെയ്യുന്നതിന് നിങ്ങളുടെ ചെറുതും എളിയവയുമായ പ്രവൃത്തികൾ സ്നേഹത്തോടും ക്ഷമയോടും കൂടി പൂർത്തീകരിക്കുവിൻ. അതെ, നാം അനേകം ആത്മാക്കളെ രക്ഷിച്ച് ലോകത്തെ വെളിച്ചത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ പോകുകയാണ്. പക്ഷേ, നമ്മൾ ഒരു സമയത്ത് ഒരു ആത്മാവിൽ മാത്രമാണ് അത്

ചെയ്യുക. ഇപ്പോൾ ഞാൻ നിന്നിൽ അതിന് തുടക്കം കുറിക്കുകയാണ്. അതുകൊണ്ട് ലോകത്തെ മാറ്റുന്നതിന് നിന്നെ എനിക്കു സമർപ്പിക്കുക. ഭൂമിയിലും സ്വർഗ്ഗത്തിലും നിന്റെ സുന്ദരമായ ആത്മാവിനെ സമ്പൂർണ്ണതയിലേക്ക് എത്തിക്കത്തക്കവണ്ണം നമുക്കൊന്നിച്ച് അതിനെ ഒരുക്കാം. എന്റെ കുഞ്ഞേ, നീ എന്നിൽ പ്രത്യാശയർപ്പിക്കുന്നുണ്ടോ? അതിന് ബുദ്ധിമുട്ടുകളുണ്ടാകാം, പക്ഷേ നിനക്ക് സമ്പൂർണ്ണ പ്രത്യാശയോടെയും ആത്മവിശ്വാസത്തോടെയും എന്റെ പക്കലേക്ക് വരാൻ അനുയോജ്യമായ സമയമാണിത്. കാരണം, നിനക്ക് വീഴ്ചയുണ്ടാവാൻ ഞാൻ അനുവദിക്കില്ല.

നിന്നെ രക്ഷിക്കാൻ സന്നദ്ധനായി ഞാൻ ഇവിടെയുണ്ട്. എന്റെ കുഞ്ഞേ, ഈ ദിവസത്തിനുവേണ്ടി ഞാൻ ഏറെക്കാലം കാത്തു. എന്റെ ഹൃദയം നിന്നോടുള്ള സ്നേഹം കൊണ്ട് വേദനിക്കുന്നു. നീ ഈ വാക്കുകൾ വായിക്കുന്നതു കാണുമ്പോൾ എന്റെ ഹൃദയത്തിൽ കൂടുതൽ തീവ്രമായ സ്നേഹമുണ്ടാകുന്നു.

ഞാൻ നിന്നെ പരിപാലിച്ചുകൊള്ളാം. നിനക്ക് കണ്ണുകളടച്ച് എന്റെ ഹൃദയത്തിൽ വിശ്രമിക്കാം. നമുക്കിടയിലുള്ള അകലംമൂലമാണ് നീ സഹിക്കേണ്ടിവന്നത്. പലപ്പോഴും നിന്റെ വേദനകളുടെ ഉറവിടമേതെന്ന് നിനക്ക് അറിയില്ലായിരുന്നു. പക്ഷേ, ഞാൻ ഉറപ്പുപറയുന്നു. നീ എന്നിൽ നിന്ന് അകന്നപ്പോഴാണ് വേദന തുടങ്ങിയത്. ഞാൻ നിന്റെ സന്തോഷം ആഗ്രഹിക്കുന്നതിനാൽ നമ്മുടെ നിലവാരം തീർച്ചയായും ഉയർന്നതായിരിക്കണം. ഇന്ന് ഞാൻ നിന്നെ പ്രതിഷ്ഠിക്കുന്ന എന്റെ ഹൃദയത്തിൽ നീ നിലനിൽക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. എന്റെ പ്രിയ കുഞ്ഞേ, ഞാൻ നിന്നെ സഹായിക്കാം. എന്നെ സംബന്ധിച്ചിടത്തോളം നീ അമൂല്യമാണ്. ഏറ്റവും ചെറിയതോതിലെങ്കിലും ആഗ്രഹം

*പ്രകടിപ്പിക്കുന്ന പക്ഷം അകറ്റാൻ ശ്രമിക്കുന്ന കാറ്റുകൾക്കിടയിലും നിന്നെ എന്നിൽ ഉറപ്പിച്ചുനിർത്താൻ എനിക്കു കഴിയും.*

*പ്രതിസന്ധിയുടെ ഇക്കാലഘട്ടത്തിൽ വിശ്വാസത്തിന്റെ ചെറുകണികയ്ക്കുപോലും പ്രതിഫലം ലഭിക്കുമെന്ന് ഉറച്ചുവിശ്വസിക്കുക. ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടിയുള്ള ഈ ദൗത്യത്തിൽ സ്വർഗ്ഗം ഭൂമിയുമായി ഒത്തുചേർന്നിരിക്കുന്നു. രക്ഷ ആഗ്രഹിക്കുന്ന ഓരോ ആത്മാവിനും എല്ലാ സഹായവും ലഭിക്കും. കുഞ്ഞ് ആത്മാവേ, ഇപ്പോൾ ശാന്തമായിരിക്കുക. ഞാൻ നിന്നെ മുറുകെ പിടിച്ചിരിക്കുന്നു.*

## സെപ്റ്റംബർ 1, 2003

## ഈശോ

*എന്റെ മക്കൾ ശാന്തരായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. എന്നെ സേവിക്കുമ്പോൾ പോലും എന്റെ മക്കൾ ജീവിതം ഒരു മത്സരമാണെന്ന ഭാവത്തിൽ തിരക്കുകൂട്ടാനുള്ള വ്യഗ്രത കാട്ടുന്നു. കുഞ്ഞുങ്ങളേ, നിങ്ങൾ തിരക്കുകൂട്ടുമ്പോൾ ഞാൻ പറയുന്നത് കേൾക്കാൻ എനിക്ക് നിങ്ങളെ സഹായിക്കാനാവില്ല. നിങ്ങളുടെ ആത്മാവിനോട് ചില കാര്യങ്ങൾ മന്ത്രിക്കാൻ ഞാൻ ആഗ്രഹിക്കുന്നുണ്ടാവാം. അത് ഒരു പക്ഷേ അപമാനിതനായ നിനക്കുള്ള ഒരു നിർദ്ദേശമോ പ്രോത്സാഹസനമോ ഒരു സ്നേഹവചസ്സോ ആവാം. പലപ്പോഴും നിങ്ങൾ അതിവേഗത്തിലാണ് മുന്നോട്ടു പോകുന്നത്. ഒരു പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ തന്നെ നിങ്ങളുടെ ഹൃദയവും മനസ്സും അടുത്ത പ്രവൃത്തിയിലേക്ക് നീങ്ങുന്നതുകൊണ്ട് ഇപ്പോൾ ചെയ്യുന്ന ജോലി അപൂർണ്ണമാക്കി ഉപേക്ഷിക്കുകയോ ശരിയായ രീതിയിൽ നിർവ്വഹിക്കപ്പെടാതെ പോകുകയോ ചെയ്യുന്നു. അതുകൊണ്ട് പ്രിയപ്പെട്ടവരേ, ജോലിയിലും വിനോദത്തിലും യേശുവിന്റെ പൂർണ്ണവും യഥാർത്ഥവുമായ പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുംവിധം നിങ്ങളുടെ വേഗം കുറയ്ക്കുക. തിരക്കുകൂട്ടുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല. നിങ്ങൾ എന്നെയും ഒപ്പം കൂട്ടുക. കുഞ്ഞേ, തീവ്രദുഃഖത്തിലായിരുന്ന ഒരു ആത്മാവിനെ വഴിനടത്താനോ ആശ്വസിപ്പിക്കാനോ നിന്നിലൂടെ പ്രവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്ന വേളകളുണ്ട്. നീ തിരക്കുകൂട്ടിയാൽ എന്റെ സൂചനകൾ നിനക്ക് നഷ്ടമാകുകയും ആ ആത്മാവ് ആവശ്യമായ ആശ്വാസവും മാർഗ്ഗനിർദ്ദേശവുമില്ലാതെ ശേഷിക്കുകയും*

*ചെയ്യും. കുഞ്ഞുങ്ങളേ, ഇക്കാലത്ത് നിങ്ങളുടെ ലോകത്തിലെമ്പാടും കാര്യങ്ങളുടെ സ്ഥിതി ഇങ്ങനെയാണ്. ഏകാന്തതയും നിരാശയും വ്യാപകമാണെന്ന കാര്യം നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? കുഞ്ഞുങ്ങളെ ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങൾക്ക് ഏകാന്തതയും നിരാശയും കാണാനാവില്ല. വാസ്തവത്തിൽ, ഏറ്റവും ദുരിതപൂർണ്ണമായ സാഹചര്യങ്ങളിൽപോലും എന്റെ സാന്നിദ്ധ്യമുണ്ടെങ്കിൽ പുഞ്ചിരിക്കുകയും ദയാവായ്പുകാട്ടുകയും ചെയ്യുന്ന കണ്ണുകളുണ്ടാകും. സഹനത്തിന്റെയും മരണത്തിന്റെയും മുന്നിൽപോലും വലിയ പ്രതീക്ഷ നിങ്ങൾക്ക് കാണാനാകും. അതുകൊണ്ട് ഈ ലോകത്തിന് നഷ്ടമാകുന്നത് എന്താണ്? ഞാനാണ് അവർക്ക് നഷ്ടമാകുന്നത്.*

*കുറച്ച് ആത്മാക്കൾ അവരിലൂടെ പ്രവർത്തിക്കാൻ എന്നെ അനുവദിക്കുന്നു. എന്നെ സ്വാഗതം ചെയ്യുമ്പോൾ വീണ്ടും പ്രതീക്ഷ തളിർക്കുന്നത് നിങ്ങൾ കാണും. വദനങ്ങളിൽ വലിയ സമാധാനം കളിയാടും. ആത്മാവുകളിൽ നിന്ന് ആത്മാവുകളിലേക്ക് ആഹ്ലാദം പ്രവഹിക്കും. ഞാനുമായുള്ള ഐക്യം മറച്ചുവയ്ക്കാൻ കഴിയാത്ത വിധം നിങ്ങളുടെ മുഖങ്ങളിൽ ഞാൻ സന്തോഷം നിറയ്ക്കും. കുരിശുകൾ ഭാരം കുറഞ്ഞവയും ഏറെ അർത്ഥവത്തുമായി തോന്നും. കുഞ്ഞുങ്ങളെ, ഈ വാക്കുകളിലൂടെയും നിങ്ങളുടെ ജീവിതത്തിലെ നിത്യസാന്നിദ്ധ്യത്തിലൂടെയും എനിക്ക് ഒരുപാട് വാഗ്ദാനങ്ങൾ നിങ്ങൾക്കു നൽകാനുണ്ട്. അതുകൊണ്ട് ഒരു ദിവസത്തേയ്ക്കു പോലും എന്നിൽ നിന്ന് അകലരുത്. എന്നോട് അടുത്തു നിൽക്കുക, നമുക്ക് മുന്നോട്ടു നീങ്ങാം. ജീവിതത്തിൽ സങ്കൽപ്പിക്കാൻപോലും കഴിയാതിരുന്ന മാറ്റങ്ങൾ അനായാസം യാഥാർത്ഥ്യമാകും. നിങ്ങൾക്ക് ഞാൻ നൽകുന്ന*

*മറ്റൊരു വാഗ്ദാനം ഇതാണ്. എല്ലാക്കാര്യത്തിലും നിങ്ങൾ എന്റെ അഭിപ്രായം ആരായും വിധമായിരിക്കും നമ്മുടെ ഐക്യം. നിങ്ങളുടെ ജീവിതം പറുദീസയെ പ്രതിഫലിപ്പിക്കും. ഇത് നിങ്ങളിലേക്ക് ആത്മാക്കളെ അടുപ്പിക്കുകയും നിങ്ങൾ ദൈവത്തിന്റെ പ്രതിനിധികൾക്ക് തുല്യരാകുകയും ചെയ്യും. ഇപ്പോൾ ആഹ്ലാദചിത്തരായിരിക്കുക, കാരണം എന്റെ പദ്ധതി പ്രാവർത്തികമായിത്തുടങ്ങുകയും എല്ലാ സൃഷ്ടികളും എന്റെ വരവിനായി കാത്തിരിക്കുകയും ചെയ്യുന്നു. ലോകത്തിൽ നിങ്ങൾ മാറ്റങ്ങൾ ദർശിക്കും. നിങ്ങളുടെ ഈശോ തന്റെ മക്കളുടെ പ്രാർത്ഥന കേട്ട് സ്നേഹത്തോട് പ്രതികരിക്കുന്നതിന്റെ സൂചനയാണെന്ന് തിരിച്ചറിഞ്ഞ് ഈ മാറ്റങ്ങളെ നിങ്ങൾ സ്വാഗതം ചെയ്യും. എന്റെ കുഞ്ഞേ, എല്ലാ ബുദ്ധിമുട്ടുകൾക്കും നടുവിൽ ശാന്തത പാലിക്കുക. എന്തുകൊണ്ടെന്നാൽ ഇപ്പോൾ ഈ ലോകത്തെ നയിക്കുന്നത് ഞാനാണ്. ഓരോ ദിവസത്തെയും അതിലെ ഓരോ മണിക്കൂറുകളെയും എന്റെ മക്കൾ ശാന്തതയോടും ശ്രദ്ധയോടും കൂടി സമീപിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. സാദ്ധ്യമാകുമ്പോഴെല്ലാം നിങ്ങളുടെ ചിന്തകൾ തീർച്ചയായും എന്നിലേക്ക് തിരിയണം.*

*നിങ്ങളുടെ ആത്മാവിൽ വിശ്വാസം ആളിക്കത്തിക്കാനും അതുവഴി നിങ്ങൾക്ക് ശാന്തി നൽകാനും ചെറിയൊരു പ്രാർത്ഥന അല്ലെങ്കിൽ ഹൃദയത്തിലെ ഒരു വാചകം പര്യാപ്തമാണ്. അങ്ങനെ ജീവിതത്തെ തകിടം മറിക്കുന്ന സംഭവങ്ങളുണ്ടാകുമ്പോൾ നിങ്ങളുടെ രക്ഷകനായ ഞാനുമായുള്ള ഐക്യത്തിൽ അവയെ നേരിട്ട്, സ്വസ്ഥരായിരിക്കാൻ നിങ്ങൾക്ക് സാധിക്കും.*

*ജീവിതം എത്ര വ്യത്യസ്തമായിരിക്കുമെന്ന് നിങ്ങൾ കാണും. എത്രയോ സമാധാനപരവും സന്തുഷ്ടവുമാ*

*യിരിക്കും. നിങ്ങൾ തിരക്കുകൂട്ടുന്ന അവസരങ്ങൾ അപൂർവ്വമായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. തിരക്കുകൂട്ടാൻ തോന്നുമ്പോൾ എന്നെ അറിയിക്കുകയും എന്നെ ശക്തമായി സേവിക്കാൻ തക്കവിധം ഞാൻ നിങ്ങളുടെ ശാന്തത പുനഃസ്ഥാപിക്കുകയും ചെയ്യും.*

## സെപ്റ്റംബർ 1, 2003
## ഈശോ

*എന്റെ കുഞ്ഞേ, നിറഞ്ഞ കൃതാർത്ഥതയോടെ നിന്റെ പരിശ്രമങ്ങൾ ഞാൻ വീക്ഷിക്കുന്നു. നിനക്ക് നന്ദി പറയാനും നിന്നെ പ്രോത്സാഹിപ്പിക്കാനുമായി ഈ സക്രാരിയിൽ ഞാൻ കാത്തിരിക്കുന്നു. ജീവിതത്തിൽ എന്നെ സേവിക്കാൻ നീ ശ്രമിക്കുന്നു. അത് എല്ലായ്പോഴും അനായാസമല്ല.*

*സമ്പൂർണ്ണ ഐക്യമോ വിധേയത്വമോ സാധ്യമാകും വരെ നീ ലോകത്തിന്റെ ആകർഷണങ്ങളോടും വ്യതിചലനങ്ങളോടുമുള്ള മൽപ്പിടുത്തം തുടരും. ഇത് നിങ്ങളുടെ ഉള്ളിൽ സംഘർഷമുണ്ടാക്കും. എന്തുകൊണ്ടെന്നാൽ ഞാൻ മറ്റൊരു ദിശയിലേക്ക് നിങ്ങളെ വിളിച്ചുകൊണ്ടിരിക്കുകയാണ്. ഈ സംഘർഷം നിങ്ങളിൽ നിരുത്സാഹമുളവാക്കും. പ്രിയപ്പെട്ട കുഞ്ഞേ, ഈ വികാരത്തിന് ഇടം കൊടുക്കരുത്. അൽപ്പം അസംതൃപ്തിയില്ലാതെ ഒരു വളർച്ചയും സംഭവിക്കുന്നില്ല.*

*അസ്വസ്ഥത തോന്നുകയോ പഴയ ശീലങ്ങളിലേക്ക് മടങ്ങാൻ തോന്നുകയോ ചെയ്യുമ്പോൾ ശൂന്യതയിൽ സ്വയം ആശ്വസിപ്പിക്കാനാണ് ആ ശീലങ്ങൾ നീ പ്രയോജനപ്പെടുത്തിയിരുന്നതെന്ന് ഓർക്കുക. നിന്നിലെ ആ ശൂന്യത ഞാൻ ഇപ്പോൾ നികത്തുന്ന സാഹചര്യത്തിൽ ഇനി നിനക്ക് പഴയശീലങ്ങളെ ആശ്രയിക്കേണ്ടതില്ല. എന്റെ കുഞ്ഞ് ആത്മാവേ, ലൗകീക ശീലങ്ങളും അടിമത്വങ്ങളും നിന്നെ സന്തുഷ്ടനാക്കില്ല. എന്റെ അഭാവത്തിൽ നിനക്ക് അശാന്തിയും പാരുഷ്യവും അനുഭവപ്പെടും. ഇപ്പോൾ എന്നോടൊപ്പം നീ യഥാർത്ഥ സമാധാനം, സ്വർഗ്ഗത്തിൽ നിന്നുള്ള സമാധാനം അനു*

*ഭവിച്ചുതുടങ്ങുകയാണ്. മനുഷ്യൻ ജീവിക്കേണ്ടതു പോലെ നിന്റെ ആത്മാവ് ശരീരത്തിന്റെ ദിശയും നീക്കങ്ങളും നിർദ്ദേശിക്കുന്നു എന്നതിന്റെ സൂചനയാണിത്.*

*ശരീരം നിന്റെ, അല്ലെങ്കിൽ നിന്റെ ആത്മാവിന്റെ അധീനതയിലാണ്. അമൂല്യവും പകരം വയ്ക്കാനാവാത്തതുമായ ആത്മാവാകട്ടെ എന്റെ അധീനതയിലും. അങ്ങനെ ഈ ചെറിയ മൂലയിൽ ലോകം അത് ആയിരിക്കേണ്ട രീതിയിൽ ആയിരിക്കുന്നു. എന്റെ കുഞ്ഞേ, നീ എനിക്ക് സ്വന്തമാണ്. നീ എന്നോടു കാട്ടുന്ന താൽക്കാലിക അകൽച്ച കണക്കിലെടുക്കാതെ ഞാൻ നിന്നെ തീവ്രമായി പ്രതിരോധിച്ചു. ഇനി നാം ഐക്യത്തിലേക്കുള്ള നമ്മുടെ യാത്ര തുടരും. ആത്മീയ കാര്യങ്ങളിൽ നിന്നിൽ അതിവേഗ മാറ്റങ്ങൾ സംഭവിക്കുന്നതായി തോന്നിയേക്കാം. ഇതിൽ ആശങ്ക വേണ്ട, നിന്റെ ഉയർച്ചയുടെ വേഗം ഞാൻ നേരിട്ടാണ് നിർണ്ണയിക്കുന്നത്. മുൻകാലങ്ങളിൽ നിങ്ങളുടെ സംഭാഷണം ഏറെ വിനയാന്വിതവും സാവകാശവുമായിരുന്നിരിക്കും. ഇപ്പോൾ ഞാൻ അത് ആഗ്രഹിക്കുന്നില്ല. അതല്ല എനിക്കുവേണ്ടത്. എന്റെ പോരാളികൾ അതിവേഗം സജ്ജരാകേണ്ടതുണ്ട്. എന്തുകൊണ്ടെന്നാൽ ഞാൻ ദൈവമാണ്. സൃഷ്ടികളെല്ലാം എന്നെ പ്രണമിക്കുന്നു. എന്നെ സഹായിക്കാനും പ്രീതിപ്പെടുത്താനും ആഗ്രഹിക്കുന്ന നിന്റേതുപോലെ ഒരു ആത്മാവിൽ ഈ മാറ്റങ്ങൾ എനിക്ക് സൃഷ്ടിക്കാനാകും.*

*എന്റെ കുഞ്ഞേ, പരിശുദ്ധിയെക്കുറിച്ച് ഒരിക്കലും ആശങ്കവേണ്ട. സംശയം തോന്നുമ്പോൾ നിങ്ങളുടെ ഉത്തരവാദിത്വത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, നിങ്ങളുടെ സംശയം ദൂരീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നതുവരെ ശാന്തരായിരിക്കുക. ഇടയ്ക്കിടെ നിങ്ങൾ ഭീതിയുടെയും സംശയത്തിന്റെയും ചെറിയ കുരിശുകൾ വഹി*

*ക്കും. പക്ഷേ, അത് കൂടുതൽ പരിശീലനത്തിന് ഉപകരിക്കും. ഇത്തരം ചെറിയ പരിശീലനങ്ങൾ നിങ്ങളുടെ ആത്മാവിന് നല്ലതാണ്.*

*എന്നോടുള്ള വിശ്വാസത്തിനുതകുന്ന ചെറിയ പ്രവൃത്തികൾ ചെയ്യുക. എനിക്കു വേലചെയ്യുന്നതിൽനിന്ന് വ്യതിചലിപ്പിക്കുന്നതിന് നിങ്ങളുടെ സംശയങ്ങൾക്ക് ശക്തിയില്ലാതാകും.*

*എന്റെ കുഞ്ഞ് ആത്മാവുകളേ, ഞാൻ നിങ്ങളോടൊപ്പമുണ്ട്. ഞാൻ ഉദ്ദേശിക്കുന്നത് എന്തെന്ന് നാം ചർച്ച ചെയ്തുകഴിഞ്ഞു. നീ എന്നോടൊപ്പമുണ്ട്. നമ്മൾ ബോധപൂർവ്വം നിന്റെ ജീവിതത്തിലൂടെ ഒന്നിച്ചു സഞ്ചരിക്കുകയാണ്. നിന്റെ പാതയിൽ ഞാൻ വിന്യസിച്ചിരിക്കുന്ന ജനങ്ങൾക്കിടയിൽ എന്നെ സേവിക്കുന്നതിനുള്ള അവസരങ്ങൾ അന്വേഷിക്കുക. നിങ്ങളുടെ സഹായം ഒരാത്മാവിന് വേണ്ടതുണ്ടെന്ന് ഞാൻ ആഗ്രഹിക്കുന്നതിന്റെ സൂചന ലഭിച്ചാൽ നിങ്ങളുടെ ഹൃദയത്തിലും മനസ്സിലും ഞാൻ മതിയായ പ്രചോദനം നൽകുന്നതുവരെ സ്വന്തം ആത്മാവിനെ ശാന്തമാക്കി വയ്ക്കുക. തുടർന്ന് എനിക്കുവേണ്ടി ഈ ആത്മാവിന്റെ ആവശ്യങ്ങളോട് പ്രതികരിക്കുക. അങ്ങനെ എന്റെ സാന്നിദ്ധ്യവും വാക്കും സാക്ഷാത്കരിക്കുക. എന്നെ സേവിക്കാൻ സന്നദ്ധമായ പ്രിയപ്പെട്ട കുഞ്ഞ് ആത്മാവേ, വളരെ കുറച്ച് ആളുകൾ ഈ മാർഗ്ഗത്തിൽ ജീവിക്കുന്ന അവസ്ഥയിൽ നിങ്ങളുടെ ലോകത്തെ സങ്കൽപ്പിക്കാൻ കഴിയുന്നുണ്ടോ? നിങ്ങളുടെ ലോകം മാറും. അത് യാഥാർത്ഥ്യമാക്കാനാണ് ഞാൻ ശ്രമിക്കുന്നത്. സമാധാനത്തിലായിരിക്കുക. നിങ്ങളുടെ ദൈവം സന്തുഷ്ടനാണ്.*

# സെപ്റ്റംബർ 2, 2003

# ഈശോ

*എന്റെ മക്കൾ സമാധാനത്തിലായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. കുഞ്ഞുങ്ങളേ, ഞാൻ പതിവായി പറയാറുള്ളതുകൊണ്ട് ഇത് നിങ്ങൾക്കറിയാം. എല്ലായ്പ്പോഴും നിങ്ങളുടെ ഹൃദയത്തിൽ സമാധാനം നിലനിർത്തുന്നത് എങ്ങനെയെന്നാണ് ഇന്ന് ഞാൻ നിങ്ങളെ പഠിപ്പിക്കാൻ പോകുന്നത്.*

*എന്റെ കുഞ്ഞുങ്ങളേ, ഒരു രക്ഷാകർത്താവ് താരാട്ടുപാടി തൊട്ടിലാട്ടുമ്പോൾ ഏറെ സമാധാനം അനുഭവിക്കുന്ന കുഞ്ഞ് പലപ്പോഴും കണ്ണടച്ച് അനായാസം ശാന്തമായ ഒരു ഉറക്കത്തിലേക്ക് വഴുതിവീഴുന്നു. എന്റെ കുഞ്ഞുങ്ങളേ, ഞാൻ നിങ്ങളെ എന്റെ കയ്യിൽ എടുത്തിരിക്കുന്നു. മൃദുവായി താരാട്ടുന്നു. ദിവസത്തിൽ പലപ്പോഴും ചെയ്യുന്ന പ്രവൃത്തി നിർത്തി ചെറിയൊരു സമയത്തേക്ക് നിങ്ങൾ കണ്ണുകളടയ്ക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അതേ, ആർദ്രതയോടെ അനുനിമിഷവും ഞാൻ ആത്മാവിനെ സാന്ത്വനിപ്പിച്ചുകൊണ്ടിരിക്കും. ചിലപ്പോൾ ഒരു നിമിഷത്തേയ്ക്കുമാത്രമാണെങ്കിലും ശാന്തമായ നിദ്ര നിങ്ങൾക്ക് അനുഭവവേദ്യമാകും. ഇന്ദ്രിയങ്ങളിൽ നിങ്ങൾ പൂർണ്ണബോധമുള്ളവരാകാം. പക്ഷേ, നിങ്ങളുടെ ആത്മാവ് ഞാനുമായുള്ള സമ്പൂർണ്ണ ഐക്യത്തിൽ വിശ്രമിക്കുകയും നിങ്ങളുടെ അസ്ഥിത്വം പൂർണ്ണമായും നവീകരിക്കപ്പെടുകയും സന്തുലിതമാക്കപ്പെടുകയും ചെയ്യും. എന്റെ കുഞ്ഞുങ്ങളേ, ഇങ്ങനെയാണ് നിങ്ങളെ സമാധാനത്തിൽ നിലനിർത്താൻ ഞാൻ ഉദ്ദേശിക്കുന്നത്. നിങ്ങൾ ഒന്നിനേയും ഭയപ്പെടേണ്ട, മരണത്തേപ്പോലും. എനിക്കൊപ്പം അനശ്വരത പങ്കിടാൻ വിധിക്കപ്പെട്ട*

ആത്മാവിനെ മരണത്തിന് ഭയപ്പെടുത്താൻ സാധിക്കുന്നതെങ്ങനെ? നിങ്ങൾ വീട്ടിലേക്ക് വരികയാണ്. മരണത്തിന്റെ ഹ്രസ്വസമയം ഏറെക്കുറെ ഒരു സഞ്ചാര മാർഗ്ഗം മാത്രമാണ്. വേണ്ട, മരണത്തെ ഭയപ്പെടേണ്ട. ഭയം നിങ്ങളെ ജീവിതത്തിൽനിന്ന് അകറ്റും. ഭൂമിയിലെ നിങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിൽ നിന്ന് അകന്നുനിൽക്കാൻ നാം ആഗ്രഹിക്കുന്നില്ല.

എന്റെ കുഞ്ഞുങ്ങളേ, ദിവസം മുഴുവൻ എന്നോടൊപ്പമായിരിക്കാൻ നിങ്ങൾ ശ്രമിക്കുന്നുണ്ടോ? നിങ്ങൾ പരിശീലിക്കുകയും എന്റെ സാന്നിദ്ധ്യം പരിഗണിക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ ഞാൻ എങ്ങനെയാവും സംസാരിക്കുക? ഞാൻ എന്താണ് ചെയ്യാൻ ആഗ്രഹിക്കുന്നതെന്ന് നിങ്ങൾ പലപ്പോഴും എന്നോട് ചോദിക്കുന്നു? കുഞ്ഞുങ്ങളേ, ഇതാണ് എന്റെ രീതി. നിങ്ങളുടെ ആത്മാവിൽ ഞാൻ സൃഷ്ടിക്കുന്ന മാറ്റങ്ങൾ നിങ്ങൾ കാണുന്നുണ്ടോ? നിങ്ങളുടെ സഹോദരീ സഹോദരന്മാരെ നിങ്ങൾ കാണുന്നതിൽ ഉണ്ടായ വ്യത്യാസം നിങ്ങൾ അറിയുന്നുണ്ടോ? ഈ മാറ്റങ്ങളുണ്ടാക്കുന്നത് ഞാനാണെന്നും വാക്കുപാലിക്കുന്നതിൽ നിങ്ങൾക്ക് എന്നെ വിശ്വസിക്കാമെന്നും ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുക. നമ്മൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്, എന്റെ കുഞ്ഞേ, അത് എന്നെ ആഹ്ലാദിപ്പിക്കുന്നു. ഒരു ആത്മാവ് വിശ്വസ്തതയിൽ എന്നോട് അടുക്കുമ്പോഴെല്ലാം ഈ ലോകത്തിൽ വളരെ ചെറിയ മാറ്റം സംഭവിക്കുകയാണ്. എന്റെ കുഞ്ഞേ, നീ ആഹ്ലാദം ആസ്വദിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നിന്റെ ലോകം സമാധാനത്തിലല്ല. പക്ഷേ, നീ സമാധാനത്തിലായിരുന്നേ പറ്റൂ. ഞാൻ നിങ്ങളുടെ ആത്മാവുകളിൽ സമാധാനം നൽകുന്നു. ഒരു ശിശു അതിന്റെ അമ്മയിൽ നിന്ന് പോഷണം സ്വീകരിക്കുന്നതുപോലെ ലോകം

നിങ്ങളിൽ നിന്ന് സമാധാനം സ്വീകരിക്കാം. അതുകൊണ്ടാണ് നിങ്ങളുടെ ദിവസത്തിൽ കൂടെക്കൂടെ എന്റെ സന്നിധിയിൽ എത്തണമെന്ന് ഞാൻ നിങ്ങളോടു പറയുന്നത്. അതിഘോരമായ അശാന്തിയകറ്റാൻ ലോകം നിങ്ങളിൽനിന്ന് സമാധാനം സ്വീകരിക്കുമ്പോൾ പകരം ഞാൻ നിങ്ങളിൽ സമാധാനം നിറയ്ക്കാം. അതുകൊണ്ട് നിങ്ങളുടെ സമാധാനം ലോകത്തിനു നൽകുന്നതിൽ ആശങ്കപ്പെടുകയോ ക്ഷുഭിതരാകുകയോ വേണ്ട. ലോകത്തിനുവേണ്ടിയാണ് ഞാൻ അത് നിങ്ങൾക്ക് നൽകിയത്. നിങ്ങളിലെ കുറവു നികത്താൻ എന്റെ പക്കൽ അനന്തമായ ശേഖരമുണ്ട്. നിങ്ങൾ എന്റെ പദ്ധതിയുടെ ആഴങ്ങൾ കണ്ടുതുടങ്ങിയോ? ഞാൻ ഒരുപാട് ആത്മാക്കളുടെ സഹായം ആഗ്രഹിക്കുന്നു.നിലവിൽ എനിക്ക് ആവശ്യത്തിന് ആളുകളില്ല. ദൈവത്തിന്റെ എല്ലാ ആത്മാക്കളും ഉത്തരം നൽകുകയും എന്നെ സഹായിക്കുകയും ചെയ്യുന്നതിന്, എന്റെ അപേക്ഷ ലോകത്തിനു മുന്നിൽ അവതരിപ്പിക്കാം.

ഓരോരുത്തർക്കും സ്വയം പ്രതിവചിക്കാൻ അവസരം നൽകുന്നത് ഉചിതവും ന്യായവുമാകുന്നു. ഞാൻ ചോദിക്കുന്നു. ഓരോ ആത്മാവും ഉത്തരം നൽകണം. എന്റെ ചോദ്യത്തിന് ഓരോ ആത്മാവും ഉത്തരം നൽകണം. എന്റെ ആവശ്യം ആത്മാവിൽ തിരിച്ചറിഞ്ഞ് അവർ തീരുമാനമെടുക്കട്ടെ. ഞാൻ എല്ലാം അറിയുന്നു. എനിക്ക് ആത്മാവുകളെ വേണം. എന്നിൽ നിന്ന് ആർക്കും ഒളിക്കാനാവില്ല. ഒരാത്മാവ് ഇപ്പോൾ എന്നെ നിരാകരിച്ചാൽ അതോടെ കഴിഞ്ഞു. ദൈവത്തെ നിരാകരിച്ചുകൊണ്ട് നിങ്ങൾക്ക് സ്വർഗ്ഗത്തിന്റെ പാരമ്പര്യം അവകാശപ്പെടാനാവില്ല. എന്റെ കുഞ്ഞേ, സമാധാനത്തിലായിരിക്കുക. എല്ലാ തെറ്റുകളും നിന്റെ ദൈവം തിരുത്തുന്നു.

## സെപ്റ്റംബർ 2, 2003
## ഈശോ

*എന്റെ കുഞ്ഞുങ്ങളേ, ഈ വാക്കുകൾ സ്നേഹത്തിന്റെ പാഠങ്ങളാണ്. സ്നേഹം സമർപ്പണമാണെന്ന് നിങ്ങളെ പഠിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സ്വർഗ്ഗീയ വീക്ഷണത്തിൽ സ്നേഹം, സമർപ്പണം എന്നീ വാക്കുകൾ ഏറെക്കുറെ പരസ്പരം പകരം വയ്ക്കാവുന്നവയാണ്. നിങ്ങൾ ആരെയെങ്കിലും സ്നേഹിക്കുന്നുങ്കിൽ അവരുടെ ക്ഷേമത്തിനുവേണ്ടി സമർപ്പിക്കാൻ നിങ്ങൾ സന്നദ്ധരാണ്. ഭൗമിക വീക്ഷണത്തിൽ നിങ്ങൾ ഏതെങ്കിലും ഒരു വസ്തുവിനെ വിലമതിക്കുകയോ സ്നേഹിക്കുകയോ ചെയ്താൻ അതു നേടുന്നതിനായി അധ്വാനിക്കാനും സ്വരൂപിക്കാനും ആസൂത്രണം ചെയ്യാനും നിങ്ങൾ തയ്യാറാണ്.*

*അതേ സങ്കൽപ്പം സ്വർഗ്ഗീയതലത്തിൽ പരിഗണിച്ചാൽ അനുസരണം പോലെ ഏതെങ്കിലും സദ്ഗുണങ്ങൾ നിങ്ങൾക്ക് സ്വന്തമാക്കാം. അനുസരണം നിങ്ങൾ ആഗ്രഹിക്കുന്ന ഒരു അമൂല്യവസ്തുവാണെങ്കിൽ അത് നേടുന്നതുവരെ നിങ്ങൾ അധ്വാനിക്കുകയും അതിനായി സ്വയം സമർപ്പിക്കുകയും അതു ലഭിക്കുന്നതുവരെ ക്ഷമയോടെ കാത്തിരിക്കുകയും ചെയ്യും. സ്വർഗ്ഗീയമായ എല്ലാ നന്മകളുടെയും കാര്യത്തിൽ ഇതുതന്നെയാണ് സംഭവിക്കുന്നത്. നിങ്ങൾക്ക് ഈ നന്മകൾ വിലമതിക്കുകയും അവയ്ക്ക് പ്രാധാന്യം നൽകുകയും വേണം. സ്വർഗ്ഗരാജ്യം സ്വന്തമാക്കുന്നതിന് നിങ്ങൾക്ക് ഈ ഗുണങ്ങൾ വേണ്ടതുണ്ടെന്ന് നിങ്ങളുടെ ഈശോയാകുന്ന ഞാൻ നിങ്ങളോടു പറയുന്നു.*

*നിങ്ങൾ എന്നെ വിശ്വസിക്കുകയും ഞാൻ സത്യം മാത്രമേ സംസാരിക്കൂ എന്ന് അറിയുകയും ചെയ്യുക.*

*അതുകൊണ്ട് ഈ നന്മകൾ നേടിയെടുക്കുന്നതിൽ നിങ്ങൾ ശ്രദ്ധ കേന്ദ്രീകരിച്ചു തുടങ്ങിയേ തീരൂ. അതിനായി സ്വയം സമർപ്പിക്കണം. നിങ്ങൾ അതിനായി പരിശീലിക്കുന്നതോടെ അനുദിന ജീവിതത്തിൽ ഈ നന്മകൾ കാണാൻ കഴിയുകയും പെരുമാറ്റത്തിൽ മാറ്റമുണ്ടാകുകയും ചെയ്യും.*

*ക്ഷമയും വിശ്വാസ്യതയും സഹനശക്തിയും നേടുന്നതിനായി നാം പ്രയത്നിക്കുകയാണ്. നിങ്ങൾ കൂടുതൽ ദയാവായ്പും സഹാനുഭൂതിയുമുള്ളവരായി മാറിക്കൊണ്ടിരിക്കുകയാണ്. എന്റെ കുഞ്ഞുങ്ങളേ, എല്ലാം അവ ആയിരിക്കേണ്ട രീതിയിൽ മുന്നോട്ടു നീങ്ങുകയാണ്. എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ വലിയ വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവരാണെന്നും ഞാനുമായി ഐക്യത്തിലായിരുന്നാൽ ഈ വിശുദ്ധി നിങ്ങൾക്ക് കൈവരിക്കാനാകുമെന്നും ഞാൻ പറയുന്നു. ഞാൻ നിങ്ങളെ സംരക്ഷിക്കുമെന്നതിനാൽ നിങ്ങൾ അതിനു തയ്യാറാകും.*

*കുഞ്ഞുങ്ങളേ, കൂടുതൽ ആഗ്രഹിക്കരുത്. നിങ്ങളെക്കുറിച്ചുള്ള മറ്റുള്ളവരുടെ അഭിപ്രായങ്ങൾ പ്രോത്സാഹിപ്പിക്കുകയുമരുത്. അത് അപ്രസക്തമാണ്. ഇതേക്കുറിച്ച് അത്ഭുതപ്പെടാനും ആശങ്കാകുലരാകാനും തെല്ലും സമയം പാഴാക്കാതിരിക്കുക. ലൗകികമായ അഭിപ്രായങ്ങൾ കാറ്റിനൊപ്പം മാറുന്നതാണ്. ഒരു ദിവസം നിങ്ങളെക്കുറിച്ച് നല്ല രീതിയിൽ ചിന്തിക്കുന്ന ഒരുവൻ അടുത്ത ദിവസം അപഖ്യാതി പ്രചരിപ്പിക്കാം. നിന്റെ സമാധാനത്തിന് ഇത്തരം അഭിപ്രായങ്ങളിൽ ആശ്രയിക്കാതിരിക്കുക. കാരണം, നിങ്ങൾക്ക് അറിയാവുന്നതുപോലെ നിങ്ങൾ നിരാശരാകും. പകരം, മാറ്റമില്ലാത്തവനായ എന്നിൽ ആശ്രയിക്കുക. നിന്നെക്കുറിച്ചുള്ള എന്റെ അഭിപ്രായം സ്ഥായിയാണ്. ഞാൻ നിന്നെ എല്ലാ*

*യ്പോഴും സ്നേഹിക്കും. ഞാൻ എപ്പോഴും നിന്റെ ക്ഷേമവും സന്തോഷവും ആഗ്രഹിക്കുന്നു. എല്ലായ്പോഴും നിന്നെ സഹായിക്കുകയും നിന്റെ താൽപര്യങ്ങൾ എന്റേതായി പരിഗണിക്കുകയും ചെയ്യും. അതുകൊണ്ട് ലോകം നിങ്ങളെ വിലമതിക്കുന്നില്ല എന്ന വിഷാദത്തിൽ സമയം നഷ്ടമാക്കാതിരിക്കുക. സ്വർഗ്ഗത്തിൽ നിങ്ങൾ വിലമതിക്കപ്പെടും. സത്യത്തിൽ അത് സംഭവിച്ചുകഴിഞ്ഞു. പരിശുദ്ധമായ ആത്മാക്കളിൽ സ്വർഗ്ഗം സംപ്രീതമാകുകയും അവരെ സഹായിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ദൈവത്തിൽ അധിഷ്ഠിതമല്ലാത്ത ലോകത്തിലെ സുഹൃത്തുകളേക്കാളധികമായി സ്വർഗ്ഗീയ സുഹൃത്തുക്കൾ നിങ്ങൾക്ക് നന്മ ചെയ്യും.*

*എന്റെ പ്രിയപ്പെട്ടവരേ, മറ്റൊരാൾ നിങ്ങളെ ഉപദ്രവിക്കാൻ ശ്രമിക്കുന്നതു സംബന്ധിച്ച് ഞാൻ മുന്നറിയിപ്പു നൽകുമ്പോൾ സമാധാനത്തിലായിരിക്കുക. ഞാൻ നിന്നെ സംരക്ഷിക്കും. നീ എന്നെ അനുഗമിക്കുന്ന പക്ഷം നിന്റെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം നിന്റെ ആത്മാവിന്റെ ഉയർച്ചയ്ക്കും നിന്റെ ആത്മാവിൽ ഉണ്ടായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്ന നന്മകൾക്കും വേണ്ടിയായിരിക്കുമെന്ന് വിശ്വസിക്കുക. നീ രോഗിയാണെങ്കിൽ നിന്റെ ദിനങ്ങൾ എനിക്കൊപ്പം ചെലവിടുക. നിന്നെ സ്തബ്ധനാക്കുന്ന വിശുദ്ധിയുടെ ഉന്നതതലങ്ങൾ ഞാൻ കാട്ടിത്തരാം. ശാരീരികമായി ക്ലേശിക്കുന്നവരുടെ ആത്മാവിൽ ഞാൻ വലിയ ഊർജ്ജത്തോടെ പ്രവർത്തിക്കുന്നു. എന്നിൽ പൂർണ്ണമായി വിശ്വസിക്കുക. ഞാൻ നിങ്ങളെ സ്നേഹപൂർവ്വം സംരക്ഷിക്കുന്നു.*

## സെപ്റ്റംബർ 2, 2003
## ഈശോ

*ഇന്ന് നമുക്ക് നൈർമ്മല്യത്തെക്കുറിച്ച് സംസാരിക്കാം. എന്റെ കുഞ്ഞുങ്ങളേ, വിശുദ്ധിയുടെ അഭാവം നിങ്ങളുടെ ലോകത്തിലെ ഒരു പ്രധാന പ്രശ്നമാണ്. വിശുദ്ധിക്കുവേണ്ടി ഞാൻ തിരയുകയാണെങ്കിലും അപൂർവ്വമായി മാത്രമാണ് കാണുന്നത്. കാരണം അശുദ്ധിയോടുള്ള സഹിഷ്ണുത വ്യാപകമാണ്. ഈ പ്രശ്നത്തിൽ നാം കഠിനാദ്ധ്വാനം ചെയ്യാൻ പോകുകയാണ്. ഭൂമിയിലെ എല്ലാ അസ്ഥിത്വങ്ങളിലും നൈർമല്യം പുനഃസ്ഥാപിക്കണം. വസ്ത്രത്തിന്റെ നൈർമ്മല്യത്തെക്കുറിച്ചാണ് ഞാൻ ആദ്യം സംസാരിക്കുന്നത്. തിന്മ പ്രവർത്തിക്കുമെന്ന് സൂചന നൽകുന്ന രീതിയിൽ വസ്ത്രധാരണം നടത്തരുത്. എന്റെ സേവകനും എന്റെ ഹിതം അന്വേഷിക്കുന്നവനുമാണെന്ന രീതിയിൽ വസ്ത്രം ധരിക്കുക. മറ്റുള്ളവരെ പാപത്തിലേക്ക് വഴിതെറ്റിക്കുന്ന രീതിയിലുള്ള വസ്ത്രധാരണം ഒരിക്കലും എന്റെ ഹിതമല്ല. കുഞ്ഞുങ്ങളേ, ഞാൻ എന്തിനെക്കുറിച്ചാണ് സംസാരിക്കുന്നതെന്ന് നിങ്ങൾക്ക് മനസ്സിലാകും. ഇത് അവസാനിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വിനയം പുനഃസ്ഥാപിക്കണം. നൈർമല്യവും വിനയവും വിലമതിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേതാണെന്ന വസ്തുത ജനങ്ങളെ അനുസ്മരിപ്പിക്കത്തക്കവണ്ണം നിങ്ങളുടെ സംഭാഷണങ്ങളിൽ ഈ വാക്കുകൾ ഇടയ്ക്ക് ആവർത്തിക്കുക.*

*ഭാഷണത്തിലെ നൈർമ്മല്യത്തെക്കുറിച്ചാണ് ഞാൻ അടുത്തതായി പറയുന്നത്. നിങ്ങളുടെ ആത്മാവിനും അവിടെ ഞാൻ ചെയ്യുന്ന ജോലിക്കും ഉതകുന്ന രീതിയിൽ ഒരു ക്രിസ്ത്യാനിയേപ്പോലെ നിങ്ങൾ സംസാരി*

*ക്കുക. അശുദ്ധിയുടെ പുഴുക്കുത്ത് പരത്താൻ ശത്രു പലപ്പോഴും ഉപയോഗിക്കുന്ന മാർഗ്ഗങ്ങളിലൊന്നാണ് ഭാഷ. എന്നെ വാഴ്ത്തുന്ന വാക്കുകൾ ഉപയോഗിക്കുക. ശപിക്കാൻ എന്റെ പേര് ഉപയോഗിച്ചാൽ എന്റെ കുഞ്ഞേ, ഞാൻ വ്യക്തിപരമായി വ്യണപ്പെടും. അതിന് നീ എനിക്ക് നഷ്ടപരിഹാരം നൽകേണ്ടിവരും.*

*എന്റെ കുഞ്ഞുങ്ങളേ, എല്ലാത്തരം വിനോദങ്ങളും നിങ്ങളെ അശുദ്ധിയിലേക്ക് നയിക്കുന്നുണ്ട്. കലാകാരന്മാരെന്ന് അവകാശപ്പെടുന്നവർ എന്നെ ആക്ഷേപിക്കുമ്പോൾ ഇനി മേലിൽ നിങ്ങൾ അലസരായി ഇരുന്നുകൂടാ. എനിക്കുവേണ്ടി പ്രതിരോധം തീർക്കുക. ഞാൻ നിങ്ങളുടെ ദൈവമാണ്. ഞാൻ അപകീർത്തിക്ക് ഇരയാകുമ്പോൾ അതിനെതിരെ നിങ്ങളുടെ സ്വരം ഉയരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. എന്നെ ഇത്രയും അടുത്തറിയാവുന്ന നിങ്ങൾ എനിക്കുവേണ്ടി പ്രതിരോധിച്ചില്ലെങ്കിൽ മറ്റാര് അതു ചെയ്യും? സംഗീതം, ടെലിവിഷൻ, എഴുത്തുകൾ, കല തുടങ്ങിയ മേഖലകളിൽ നിങ്ങൾ അപകീർത്തിക്കിരയാകുമ്പോൾ തികഞ്ഞ ആത്മാർത്ഥതയോടെ സംസാരിക്കുക. ശത്രുവിന് താൻ എല്ലാ ക്രൈസ്തവ ചിന്തകളെയും അതിജീവിച്ചു എന്ന ചിന്ത ഉണ്ടാകാൻ ഇടവരുത്തരുത്. അശുദ്ധിയുടെ ചാട്ടവാറിനെതിരായ പോരാട്ടത്തിന് നിങ്ങളുടെ ബോധ്യത്തിനപ്പുറം നിങ്ങൾക്ക് ഞാൻ പ്രതിഫലം നൽകും. ഇങ്ങനെ വിഷലിപ്തമായിക്കൊണ്ടിരിക്കുന്ന നിങ്ങളുടെ യുവതലമുറയിൽ മാറ്റമുണ്ടാക്കുന്നതിന് നമുക്ക് ഇപ്പോൾ തീരുമാനമെടുക്കാം.*

*അശുദ്ധ ചിന്തകൾ നിങ്ങൾക്ക് ഏറെ ബുദ്ധിമുട്ട് സൃഷ്ടിച്ചേക്കാം. പലപ്പോഴും നിങ്ങൾ ആഗ്രഹിക്കാതെ കടന്നുവരുന്ന ഇത്തരം ചിന്തകൾ നിങ്ങൾക്ക് കുരിശായിത്തീരുന്നു. വിശുദ്ധിക്ക് വിരുദ്ധമായ വസ്ത്രധാരണവും*

*സംഭാഷണവും വിനോദങ്ങളും ഒഴിവാക്കാൻ സാധിച്ചാൽ അതിവേഗം ഇല്ലാതാകുന്ന അശുദ്ധചിന്തകൾ എത്രമാത്രമുണ്ടാകുമെന്നുകാണാം. അശുദ്ധകാര്യങ്ങളുമായി തുടർച്ചയായി ബന്ധപ്പെട്ടിരിക്കുന്നതാണ് ഇത്തരം ചിന്തകൾക്ക് കാരണമാകുന്നത്. എന്റെ കുഞ്ഞുങ്ങളേ, അശുദ്ധവിചാരങ്ങളെ നിങ്ങളുടെ ശിരസ്സിൽ നിന്ന് ശാന്തമായി നീക്കം ചെയ്യുക. അശുദ്ധ വസ്തുക്കളിൽ നിന്ന് ശ്രദ്ധയകറ്റുക. എന്റെ സഹായം തേടുക. ഞാൻ നിങ്ങൾക്ക് പിന്തുണയേകാം. പ്രാർത്ഥനയും കൂദാശകളിലെ സ്ഥിരമായ ഭാഗഭാഗിത്വവും ശുദ്ധതയ്ക്കെതിരായ ആക്രമണത്തെ നേരിടാൻ നിങ്ങൾക്ക് കരുത്തേകും.*

*ശുദ്ധതക്കെതിരായി പ്രവർത്തിക്കുന്നതിനും മറ്റുള്ളവരെ അശുദ്ധിയിലേക്ക് നയിക്കുന്നതിനും ഇന്നത്തെ ലോകക്രമത്തെ കുറ്റപ്പെടുത്തുന്നത് നീതീകരണമായി പരിഗണിക്കപ്പെടില്ലെന്ന് നിങ്ങൾ മനസ്സിലാക്കണം. ബോധപൂർവ്വമുള്ള പ്രവൃത്തികൾക്ക് ഓരോ ആത്മാവും എന്നോട് മറുപടി പറയേണ്ടതുണ്ട്. മാതാപിതാക്കളേ, ഇക്കാര്യങ്ങളിൽ നിങ്ങളുടെ കുട്ടികൾക്ക് വഴികാട്ടുകയും നല്ല മാതൃകകൾ സൃഷ്ടിക്കുകയും ചെയ്യുക. കുട്ടികളേ, ഇക്കാര്യങ്ങളിൽ നിങ്ങളുടെ മാതാപിതാക്കളെ അനുസരിക്കുകയും എല്ലായ്പ്പോഴും ഞാൻ നിങ്ങൾക്കൊപ്പമുണ്ടെന്ന് മനസ്സിലാക്കുകയും ചെയ്യുക. നമുക്ക് ആത്മാർത്ഥവും ബോധപൂർവ്വവുമായ ചെറുത്തുനിൽപ്പിലൂടെ അശുദ്ധിയെ അതിജീവിക്കാം. ഞാൻ നിങ്ങൾക്കൊപ്പമുണ്ട്. ഇക്കാര്യത്തിൽ ഞാൻ എന്താണ് ആവശ്യപ്പെടുന്നതെന്ന് വ്യക്തമാക്കാം. എന്റെ കുഞ്ഞുങ്ങളേ, നിങ്ങളുടെ അനുസരണത്തിനും സേവനത്തിനും ഇപ്പോഴും എപ്പോഴും നിങ്ങൾക്ക് നന്ദിയർപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ ഓരോ പ്രയത്ന*

*വും കണക്കിലെടുക്കപ്പെടുകയും പ്രതിഫലം ലഭിക്കുകയും ചെയ്യും. നിങ്ങളുടെ പാപങ്ങൾ എന്റെ മുന്നിൽ അവതരിപ്പിക്കപ്പെടുമ്പോൾ ഞാൻ അവ ഗൗനിക്കില്ല. എന്നെ സേവിക്കാനുള്ള നിങ്ങളുടെ പ്രയത്നത്തിന്റെ ഫലമാണത്. ഇപ്പോൾ സമാധാനത്തിൽ വർത്തിക്കുക. പഴയകാലത്തെ തെറ്റുകൾ നിങ്ങളെ ആകുലപ്പെടുത്താതിരിക്കാൻ അനുവദിക്കാതിരിക്കുക. അവയെല്ലാം ക്ഷമിക്കപ്പെട്ടവയാണ്. എന്റെ അനുയായികളുടെ കാര്യം വരുമ്പോൾ എന്റെ ഓർമ്മ ഹ്രസ്വമാണ്.*

## സെപ്റ്റംബർ 3, 2003

## ഈശോ

*അയൽക്കാരന്റെ സ്നേഹത്തെക്കുറിച്ച് ആത്മാക്കളോട് സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ പ്രിയ കുഞ്ഞുങ്ങളേ, മനുഷ്യർ അമൂല്യരാണ്. എനിക്കും എന്റെ സ്വർഗ്ഗീയ പദ്ധതിക്കും ഈ ഭൂമിയിലെ ഓരോ വ്യക്തിയും വിലമതിക്കാനാവാത്തവരാണ്. പക്ഷേ, ജീവിതത്തെക്കുറിച്ചുള്ള ലൗകിക വീക്ഷണം മൂലം ഈ മൂല്യം പലപ്പോഴും അവഗണിക്കപ്പെടാറുണ്ട്. നിങ്ങളുടെ ഭൂമുഖത്തേക്ക് ഒരുവനെ ഞാനയച്ചിട്ടുണ്ടെങ്കിൽ അവനെ ഉചിതമായി പോറ്റണമെന്ന് എനിക്കറിയാം. ആ ബോധ്യത്തിൽ നിന്നാണ് നിങ്ങൾ തുടങ്ങേണ്ടത്.*

*വളരെ ആത്മാർത്ഥമായി എന്നെ സേവിക്കാൻ ശ്രമിക്കുന്ന കുഞ്ഞ് ആത്മാവേ, മതിയായ രീതിയിൽ പോഷണം ലഭിക്കാത്ത ഒരു ആത്മാവിനെക്കുറിച്ച് നീ അറിഞ്ഞാൽ ആ വ്യക്തിയെ നീ തന്നെ പോറ്റണമെന്നായിരിക്കാം ഞാൻ വിവക്ഷിക്കുന്നത്. അതുകൊണ്ടു തന്നെയാവാം അയാളുടെ ദുഃസ്ഥിതി നിനക്ക് ഞാൻ കാട്ടിത്തന്നത്.*

*വിശക്കുന്ന ഒരാളെയോ ഒരു കൂട്ടം ആളുകളെയോ കുറിച്ച് കേൾക്കുമ്പോൾ മതിയായ പരിഗണന നൽകുക. തുടർന്ന് അക്കാര്യത്തിൽ നീ എന്തു ചെയ്യണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നതെന്ന് എന്നോട് ചോദിക്കുക. ചിലപ്പോൾ ഞാൻ പ്രാർത്ഥന മാത്രമാവാം നിന്നിൽ നിന്ന് ആഗ്രഹിക്കുന്നത്. ചിലപ്പോൾ നിനക്ക് ലഭിച്ച വലിയ കൃപയെക്കുറിച്ച് ബോധ്യപ്പെടുത്തുകയാവാം. മറ്റു ചിലപ്പോൾ സമ്പത്തിന്റെ വിഹിതം നൽകുവാനും അവരെ പോറ്റാൻ ശ്രമിക്കുന്ന എന്റെ പ്രവർത്തകരെ*

*സഹായിക്കാനും ഞാൻ ആവശ്യപ്പെടുകയാവാം. മാനുഷികമായ നിലനിൽപ്പിനുവേണ്ട അടിസ്ഥാനസൗകര്യമില്ലാത്ത ആ നിർഭാഗ്യവാന്മാരെ നേരിട്ടു സഹായിക്കുന്നവരിലൊരാളായി മാറാനും ഞാൻ ആവശ്യപ്പെടാം. നിനക്ക് ഒരു ചുമതലയുണ്ട്. അത് വെളിപ്പെടുത്തുന്നതിന് നീ എന്നോട് ചോദിക്കുക. ഭക്ഷണമില്ലാത്തതുകൊണ്ട് വളർച്ച കൈവരിക്കാനാവാത്ത ശരീരങ്ങളിലല്ല ഭൂമിയിലെ ആത്മാക്കൾ കുടികൊള്ളുന്നത്.*

*ഭൂമിയിലെ എല്ലാ ആത്മാക്കളുടെയും എല്ലാ ആവശ്യവും ഞാൻ കാണുന്നു. എന്റെ മക്കൾ പരസ്പരം സേവിച്ച് വിശുദ്ധി കൈവരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ ലോകത്തിൽ ഇന്ന് അനേകർ പട്ടിണിയിലാണ്. എന്റെ കുഞ്ഞുങ്ങളേ, സേവിക്കുന്നതിനേക്കാൾ അധികം ആത്മാവുകൾ എന്നെ ധിക്കരിക്കുന്ന അനുസരണക്കേടിന്റെ യുഗത്തിന്റെ മറ്റൊരു ലക്ഷണമാണിത്. മനുഷ്യൻ വിശപ്പനുഭവിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നിങ്ങൾക്ക് എന്തു ചെയ്യാനാകുമെന്ന് എന്നോട് ചോദിക്കുക.*

*കുഞ്ഞുങ്ങളേ, ഈ ലോകത്തിൽ നിങ്ങൾ ഏറ്റവും കുറച്ച് സ്നേഹിക്കുന്ന വ്യക്തിയെക്കുറിച്ച് ചിന്തിക്കുക. ആ വ്യക്തിയെ ഇഷ്ടപ്പെടാതിരിക്കുന്നതിന് നിങ്ങൾക്ക് പല കാരണങ്ങളുണ്ട്. അയാൾ നിങ്ങളെ വ്രണപ്പെടുത്തിയിട്ടുണ്ടാകാം. ആ വേദന മറക്കാൻ ബുദ്ധിമുട്ടുണ്ടാകും. ഒത്തുതീർപ്പിന് ശ്രമിച്ചാൽ ആ വ്യക്തി വീണ്ടും നിങ്ങളെ വേദനിപ്പിക്കുമെന്ന് നിങ്ങൾ ഭയക്കുന്നുണ്ടാവാം. എങ്കിലും നിങ്ങളുടെ അയൽക്കാരനെ സ്നേഹിക്കണമെന്ന് ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നു. യേശുവേ, അങ്ങ് എന്നിൽ നിന്ന് എന്താണ് ആവശ്യപ്പെടുന്നത്.? എന്നു നിങ്ങൾ ചോദിക്കുന്നു. പാരുഷ്യം, അത് ഏത് ഉറവിടത്തിൽ നിന്നുള്ളതായാലും ഉള്ളിലു*

ണ്ടെങ്കിൽ നിങ്ങളുടെ ആത്മീയ വളർച്ചയെക്കുറിച്ച് എനിക്ക് ആശങ്കയുണ്ട്. കാരണം പാരുഷ്യം പൊതുവേ മറ്റൊരു ആത്മാവിലാണ് ഉത്ഭവിക്കുന്നത്. നിങ്ങളുടെ ഹൃദയത്തിൽ ഏതെങ്കിലും തരത്തിലുള്ള പാരുഷ്യ മുണ്ടോ എന്ന് സൂക്ഷ്മമായി പരിശോധിക്കണം. അത് കണ്ടെത്താൻ കഴിയുകയും അതിന് കാരണക്കാര നായ വ്യക്തിയെ തിരിച്ചറിയുകയും ചെയ്താൽ ഈ ദിവസം ആ വ്യക്തിക്കുവേണ്ടിയുള്ള പ്രാർത്ഥനക്കായി ചെലവഴിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. എന്റെ കുഞ്ഞേ, ആ വ്യക്തിയോട് കരുണകാണിക്കണമേ എന്ന് എന്നോട് അപേക്ഷിക്കുക.

എന്റെ നീതിപൂർവ്വകമായ ഉഗ്രകോപം ഭയാനകമായ തുകൊണ്ടുതന്നെ അത് നിങ്ങളുടെ നേരെ തിരിയാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് നിങ്ങൾ മറ്റുള്ളവരോട് ക്ഷമിക്കണം. അയൽക്കാരനെ സ്നേഹി ക്കുന്നത് എന്നെ സന്തുഷ്ടനാക്കുന്നു. നിസ്വാർത്ഥമായ ദയയും സഹാനുഭൂതിയും എന്നെ സന്തോഷിപ്പിക്കു ന്നു. ആത്മാക്കൾ പരസ്പരം ക്ഷമിക്കുമ്പോൾ ഞാൻ അനുഭവിക്കുന്ന ആഹ്ലാദം നിങ്ങളോട് പ്രത്യേകിച്ച് വിവരിക്കേണ്ടതില്ല. ചെറിയ ആത്മാക്കളേ, നിങ്ങളുടെ പാതയിൽ ഞാൻ ആളുകളെ വിന്യസിച്ചിരിക്കുന്നത് പ്ര ത്യേക ഉദ്ദേശത്തോടും സ്വർഗ്ഗീയമായ പ്രതീക്ഷയോടും കൂടെയാണ്. ഒരാത്മാവ് നിന്നെ പ്രീണിപ്പെടുത്തിയില്ല എന്നതുകൊണ്ടുമാത്രം അതിൽനിന്നും ഓടിയകലാൻ തിടുക്കം കാട്ടരുത്. എന്റെ ഇംഗിതം പരിഗണിക്കുക. ഓരോ വ്യക്തിയുടെയും കാര്യത്തിൽ നിനക്കായി ഞാൻ ഒരു സ്വർഗ്ഗീയ ഉദ്യമം നിർണ്ണയിച്ചിട്ടുണ്ടോ എന്ന് എന്നോട് ചോദിക്കുക. ഇങ്ങനെയാണ് അയൽക്കാര നോടുള്ള സ്നേഹത്തിലൂടെ ഓരോ ആത്മാവിലും ഞാൻ സ്നേഹം നിറയ്ക്കുന്നത്.

## സെപ്റ്റംബർ 3, 2003
## ഈശോ

*എന്റെ കുഞ്ഞുങ്ങളേ, നിങ്ങളുടെ പ്രവൃത്തികളുടെ നൈർമ്മല്യം അന്വേഷിക്കാൻ ഉദ്ദേശ്യങ്ങളെ തുടർച്ചയായി പരിശോധിക്കുക. നിങ്ങൾ ഹൃദയംകൊണ്ട് പ്രവർത്തിക്കണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. പ്രതീക്ഷിക്കാത്ത ഫലമുണ്ടാകുമ്പോൾ എന്റെ പക്കലേക്ക് മടങ്ങിവരിക. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം.*

*അനന്തരഫലം എന്തായിരിക്കുമെന്ന മുൻവിധിയോടെയാണ് ജീവിതത്തിൽ പലപ്പോഴും നിങ്ങൾ എന്നെ അനുസരിക്കുന്നത്. എന്റെ ലക്ഷ്യമോ ഉദ്ദേശിക്കുന്ന അനന്തരഫലമോ നിങ്ങൾ പ്രതീക്ഷിക്കുന്നതിന്റെ വിപരീതമാകാം. ജീവിതത്തിൽ ആഗ്രഹങ്ങൾക്ക് വിപരീതമായത് സംഭവിക്കുമ്പോൾ നിരാശരാകരുത്. നിങ്ങൾ എന്നെ അനുസരിക്കാൻ കഴിവിന്റെ പരമാവധി ശ്രമിച്ചാൽ അതുവഴി എന്റെ ഹിതം നിറവേറ്റപ്പെടുകയാണ്. ഞാൻ നിങ്ങളോട് എന്താണ് ചോദിക്കുന്നത് എന്നതു മാത്രം പരിഗണിക്കൂ. ഈ വിധത്തിൽ ദീപ്തവും സന്തുഷ്ടവുമായ ചേതനയോടെ നിങ്ങൾക്ക് ചരിക്കാനാകും. എന്തുകൊണ്ടെന്നാൽ നിങ്ങൾ നിങ്ങളുടെ ദൈവത്തെ സേവിക്കുകയും എന്റെ രാജ്യം യാഥാർത്ഥ്യമാക്കുന്നതിന് നിങ്ങളുടെ പങ്ക് നിർവ്വഹിക്കുകയുമാണ്.*

*എന്റെ കുഞ്ഞേ, നിന്നോട് ഞാൻ എത്രമാത്രം നന്ദിയുള്ളവനാണ്. സ്വർഗ്ഗത്തിലെ നിന്റെ ചങ്ങാതിമാർ നിന്റെ പാതയിലേക്ക് എന്തു ചാർച്ചാബന്ധമാണ് അയക്കുന്നത്. സന്തുഷ്ടനായിരിക്കുക.*

*തീരുമാനങ്ങളെടുക്കേണ്ട സാഹചര്യം അഭിമുഖീകരിക്കുമ്പോൾ എന്നെ നോക്കുക. ചിലപ്പോൾ ഒരു*

പ്രത്യേക മാർഗ്ഗം തെരഞ്ഞെടുക്കുന്നത് എന്തുകൊണ്ട് എന്ന് സൂക്ഷ്മ പരിശോധന നടത്തേണ്ടിവരും. സ്വന്തം ഉദ്ദേശ്യം വിവേചിച്ചറിഞ്ഞു തുടങ്ങേണ്ടിയതിനാലാണ് ഞാൻ നിങ്ങൾക്ക് ഇവ മുന്നറിയിപ്പു നൽകുന്നത്. ഇങ്ങനെ മാനുഷികബലഹീനതകളിൽ നിന്നുള്ള പ്രവർത്തനം ഒഴിവാക്കാനും ദൈവികവും വിശുദ്ധവുമായതിനെ മാത്രം അന്വേഷിക്കുവാനും നിങ്ങൾക്ക് സാധിക്കും.

എന്നെ സേവിക്കാനുള്ള നിന്റെ തീരുമാനത്തിൽ ഇടപെടാൻ ശത്രു ശ്രമിക്കുന്നുണ്ട്. പക്ഷേ സ്വർഗ്ഗീയ പാതയിൽ നിന്നുള്ള നിന്റെ വ്യതിചലനം ഇനി നമ്മൾ അനുവദിക്കില്ല. സ്വർഗ്ഗീയ പ്രചോദനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും നാം ഒന്നിച്ച് പ്രവർത്തിക്കുക. നിന്റെ എല്ലാ അധ്വാനങ്ങളും പദ്ധതികളും എന്റെ ഇച്ഛാശക്തിയെയും നിന്റെ ആത്മാവിനെയും പോഷിപ്പിക്കും. എന്റെ നുകം അനായാസവും എന്റെ ചുമട് ഭാരം കുറഞ്ഞതുമാണ്. നിന്റെ വിനയത്തിനും പുരോഗതിക്കും വേണ്ടിയാണ് ഞാൻ കുരിശുകൾ നൽകുന്നത്. ഒരു കുരിശ് ഭാരമേറിയതാണെന്നു തോന്നിയാൽ ഇളവിനുവേണ്ടി എന്നോട് ചോദിക്കുക. എന്റെ കുഞ്ഞേ അത് എന്നെ രോഷാകുലനാക്കില്ല. നിന്റെ ചുമലിൽ നിലനിർത്തേണ്ടതില്ലെങ്കിൽ ഞാൻ ആ കുരിശ് പൂർണ്ണമായി നീക്കം ചെയ്യുകയോ അല്ലെങ്കിൽ അതിന്റെ ഭാരം കുറയ്ക്കുകയോ ചെയ്യും. നമ്മൾ ഒന്നാണ്. എല്ലാ കാര്യങ്ങളും നമുക്ക് ചർച്ച ചെയ്യാം.

പലപ്പോഴും സാഹചര്യങ്ങളുടെ പേരിൽ നിങ്ങൾ പരാതികൾ ഉന്നയിക്കാറുണ്ടെങ്കിലും പ്രതിഷേധവുമായി എന്റെ പക്കലെത്താറില്ല. മറ്റുള്ളവരോട് പരാതി പറഞ്ഞിട്ട് എന്തു പ്രയോജനം? നിങ്ങളുടെ കുരിശ്

*എടുത്തു മാറ്റാനോ ചുമടിന്റെ ഭാരം കുറയ്ക്കാനോ അവർക്കു കഴിയില്ല. എന്നോട് സംസാരിക്കുകയും മറ്റുള്ളവരെ ശ്രവിക്കുകയും ചെയ്യുക. അങ്ങനെയാകുമ്പോൾ ഈ ലോകത്തിൽ ഏറെ നാശത്തിനിടയാക്കുന്ന നാവിന്റെ പാപത്തിലേക്ക് നിങ്ങൾ വീഴില്ല. നിങ്ങളുടെ എല്ലാ പരാതികളും ശ്രവിക്കുന്നതിനായി ഞാൻ ഇവിടെ കാത്തുനിൽക്കുന്നു. നിങ്ങൾ അനുഭവിക്കുന്ന എല്ലാ ദുഃഖങ്ങളും എന്റെ ഹൃദയത്തിൽ നിങ്ങൾക്ക് ഹൃദ്യവും തൃപ്തികരവുമായ ഒരിടം നൽകുന്നു. സത്യമായും നിങ്ങൾ എന്നോട് പങ്കുവയ്ക്കുമ്പോൾ ദുഃഖം കുറയുന്നു. സ്വർഗ്ഗീയ നേത്രങ്ങൾ നിങ്ങൾക്ക് നൽകാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ ജീവിതവും ഈ ലോകത്തെയും ഇവിടുത്തെ ജനങ്ങളെയും ഈ സ്വർഗ്ഗീയ നേത്രങ്ങൾകൊണ്ട് നിങ്ങൾ കാണുകയും നിങ്ങളെ ഏറെ സ്നേഹിക്കുന്ന നിങ്ങളുടെ ഈശോയാകുന്ന എന്നെപ്പോലെ നിങ്ങളും പ്രതികരിക്കുകയും ചെയ്യണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.*

*എന്റെ കുഞ്ഞേ, ഞാൻ നിനക്ക് പുതിയ ദൃഷ്ടി വാഗ്ദാനം ചെയ്യുന്നു. എന്നിൽനിന്നുള്ള ഈ വിസ്മയസമ്മാനം നീ സ്വീകരിക്കുമോ? സത്യമായും ഈ കാഴ്ചപ്പാട് നിന്റെ ജീവിതത്തെ മാറ്റിമറിക്കുന്നത് കണ്ട് നീ വിസ്മയിക്കും. മുൻകാലങ്ങളിൽ നിന്നെ അലോസരപ്പെടുത്തിയിരുന്നവയിലേറെയും നിന്റെ വീക്ഷണരേഖയിൽ നിന്ന് മാഞ്ഞുപോകും. കാരണം അതൊക്കെ നിന്നെ സംബന്ധിച്ചിടത്തോളം അപ്രധാനമാകും. നിനക്ക് ഇത് വേണോ? വേണം എന്ന് നീ മറുപടി പറയുമെന്ന് ഞാൻ ഏറെ പ്രതീക്ഷിക്കുന്നു. ലോകത്തെ എന്റെ കണ്ണിലൂടെ നിനക്ക് കാട്ടിത്തരാൻ ഞാൻ അത്യധികം ആഗ്രഹിക്കുന്നു. പ്രിയപ്പെട്ട കുഞ്ഞേ, എനിക്ക് നിന്നെ വലിയ കാര്യങ്ങൾ പഠിപ്പിക്കാനാകും. നീ*

*എന്റെ ദർശനം പങ്കുവയ്ക്കുകയാണെങ്കിൽ നമുക്ക് ഒരു ആത്മാവ് എന്നപോലെ സ്വതന്ത്രമായി സംസാരിക്കാം. എനിക്കുവേണ്ടി അങ്ങനെയായിരിക്കുക. നിന്റെ വീക്ഷണത്തെ നിയന്ത്രിക്കാൻ എന്നെ അനുവദിക്കുക.*

## സെപ്റ്റംബർ 3, 2003

## ഈശോ

*സ്വർഗ്ഗത്തിലെ സന്തോഷങ്ങളെക്കുറിച്ച് എന്റെ ആത്മാവുകളോട് സംസാരിക്കാൻ ആഗ്രഹിക്കുന്നു. എന്റെ കുഞ്ഞുങ്ങളേ, സ്വർഗ്ഗത്തിൽ തിക്താനുഭവങ്ങളൊന്നുമില്ല. ഭൂമിയിൽ പോലും തിക്താനുഭവങ്ങളും ദുരിതങ്ങളും നിങ്ങൾക്കുള്ളതല്ല. എല്ലാ ആത്മാക്കളും ഭൂമിയിലെ ജീവിതകാലത്ത് ചിലപ്പോഴൊക്കെ ഈ അനുഭവങ്ങളിലൂടെ കടന്നുപോകുന്നു. എന്നാൽ ആത്മാക്കൾ തിക്താനുഭവങ്ങളെയും ദുരിതങ്ങളെയും ജീവിതത്തിന്റെ നിർണ്ണായകമായ ഭാഗമായി കാണരുത്. എന്റെ കുഞ്ഞേ, വിനാശകരമായ ഇത്തരം സാഹചര്യങ്ങൾ പലപ്പോഴും നേരിടേണ്ടിവരുന്നതായി തോന്നുന്നുവെങ്കിൽ എനിക്കൊപ്പം സമയം ചെലവിടുക. ഞാൻ സ്വർഗീയ സൗഖ്യദായകനാണ്. നിങ്ങളുടെ ഹൃദയത്തിൽ നിന്ന് എല്ലാ കാഠിന്യങ്ങളും നീക്കം ചെയ്യാൻ എനിക്കു കഴിയും. അതുവഴി അതിരുകളില്ലാത്ത സ്നേഹത്തിലേക്ക് നിങ്ങൾ മോചിതരാകും. അങ്ങനെ സ്നേഹം സ്വതന്ത്രമായി നൽകുകയും വാങ്ങുകയും ചെയ്യുന്ന സാഹചര്യത്തിൽ നിങ്ങൾ മികച്ച സേവകരായിത്തീരും. എന്റെ കുഞ്ഞേ, നിന്റെ വ്യസനം വർദ്ധിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഞാനുമായി ഒരു ബന്ധത്തിന് നീ ശ്രമിക്കുന്നില്ലെങ്കിൽ നിരാശയായിരിക്കും ഫലം. ഞാനുമായുള്ള ഐക്യത്തിലേക്ക് സന്തോഷത്തോടെ വരിക. എന്തുകൊണ്ടെന്നാൽ വിജയം സുനിശ്ചിതമാണ്. എല്ലാത്തിന്റെയും ദൈവമായ ഞാനാണ് നിനക്ക് ഈ ഉറപ്പ് നൽകുന്നത്.*

*നീ പരാജയത്തെ ഭയപ്പെടുന്നു. നീ മുൻപ് പരാജയപ്പെട്ടിട്ടുള്ളതുകൊണ്ടാകാം. എന്റെ പ്രിയപ്പെട്ട കുഞ്ഞേ,*

ഇല്ലാത്ത പരാജയം നീ സ്വയം അടിച്ചേൽപ്പിക്കുക യാവാം. മറ്റൊരു രീതിയിൽ കാര്യങ്ങളെ വീക്ഷിക്കാൻ ശ്രമിക്കുക. നിന്നെ സ്നേഹിക്കുന്ന നിന്റെ ദൈവമായ എന്നോടൊപ്പം നീ നടന്നുതുടങ്ങിയാൽ വിജയങ്ങളും പരാജയങ്ങളും കൂടുതൽ വ്യക്തതയോടെ നിനക്ക് കാണാനാകും. മുൻകാലങ്ങളിൽ നിനക്ക് പരാജയ മായി തോന്നിയത് എന്റെ കണ്ണിലൂടെ നോക്കുമ്പോൾ നിനക്ക് വിജയമായി കാണാനായേക്കാം. ഫലമല്ല, പ്രയ ത്നമാണ് ഞാൻ നോക്കുന്നത്. പ്രയത്നത്തിന്റെ ഫലം എന്റെ കാര്യമാണ്. നീ അത് എനിക്ക് വിട്ടേ തീരൂ. അതുകൊണ്ട് നിന്റെ ജീവിതത്തിലേക്ക് ഇപ്പോൾ തിരി ഞ്ഞുനോക്കുക. പരാജയങ്ങളായി നിന്നെ വേട്ടയാടുന്ന കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുക. അവയിൽ നിന്റെ പ്ര യത്നം ഉണ്ടായിരുന്നോ? നീ പതിവായി കഴിവിന്റെ പ രമാവധി ചെയ്തിരുന്നോ? ഏതെങ്കിലും ഒരു ഉദ്യമം തകർച്ചയിലേക്ക് നീങ്ങുന്നതു കണ്ട് നീ സമീപനത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ? ഒരു പക്ഷേ, നിന്റെ പരാജയ ങ്ങൾ യഥാർത്ഥത്തിൽ പരാജയങ്ങളേ ആയിരിക്കില്ല. നീ അന്വേഷിക്കുകയും കണ്ടെത്താതിരിക്കുകയുമായി രുന്നിരിക്കാം. സമാധാനിക്കുക. നീ ഇപ്പോൾ എന്നെ കണ്ടെത്തിയിരിക്കുന്നു. നിന്റെ പ്രയത്നങ്ങളെ ലോകം എങ്ങനെ കാണുന്നു എന്നത് കണക്കിലെടുക്കാതെ ഞാൻ നിനക്ക് സമ്പൂർണ്ണ വിജയം നൽകാം. എന്റെ പ്രിയപ്പെട്ട കുഞ്ഞേ, നീ ഇപ്പോൾ വിജയിച്ചുകൊണ്ടിരി ക്കുകയാണ്. എന്തുകൊണ്ടെന്നാൽ നീ ശാന്തമായിരിക്കു കയും ഞാൻ നിന്റെ ആത്മാവിന്റെ കാര്യനിർവാഹക നായി പ്രവർത്തിച്ചുകൊണ്ട് നിന്റെ മുറിവുകൾ സുഖ പ്പെടുത്തുകയാണ്. അതെ നമ്മൾ ഒരു വിജയമാണ്. ഒന്നിച്ചായിരിക്കുമ്പോൾ നാം പരാജയപ്പെടുന്നില്ല. ഇന്ന് നിന്റെ ആരംഭമാണ്. എന്നോടൊപ്പം ഇപ്പോൾതന്നെ

*പുതിയ തുടക്കം കുറിക്കുക. എല്ലാ സാധ്യതകളും നിനക്കായി തുറന്നിരിക്കുന്നു. നിന്റെ ഹൃദയം വേദനിച്ചു തുടങ്ങുന്നു. ഈ വേദനയിൽ നിന്ന് നീ ഓടിയകലേണ്ടതില്ല. കുഞ്ഞ് ആത്മാവേ, ഇത് സ്വർഗ്ഗീയ സ്നേഹമാണ്. നിന്നെ സ്നേഹിക്കാൻ നിന്റെ ദൈവത്തെ അനുവദിക്കുമ്പോൾ നിനക്കുണ്ടാകുന്ന അനുഭവമാണിത്. നിനക്ക് ഒരു ആഗ്രഹം തോന്നും. ആദ്യഘട്ടത്തിൽ നിന്റെ ഹൃദയം ചുറ്റുപാടും പരതും. കാരണം ആഗ്രഹിക്കുന്ന വസ്തു തിരിച്ചറിയാൻ നിന്റെ ഹൃദയത്തിന് കഴിയില്ല. കുഞ്ഞേ, വിശുദ്ധിയിലേക്കുള്ള യാത്രയുടെ തുടക്കമാണിത്. ആദ്യത്തെ ഈ ഉത്തേജനം നിന്റെ ദൈവവുമായുള്ള ഐക്യത്തിനുവേണ്ടിയുള്ള അഭിവാഞ്ചയാണ്. ഈ അഭിവാഞ്ച കൂടുതൽ കൂടുതൽ ശക്തമായി വളരുകയും അനിവാര്യമെങ്കിൽ നിങ്ങളുടെ വിശുദ്ധി അളക്കാൻ കഴിയുകയും ചെയ്യും. ദൈവികമായ എല്ലാ മഹത്വത്തോടും കൂടി യഥാവിധി ഞാൻ പറയട്ടെ, നിങ്ങളുടെ അഭിവാഞ്ച സ്വർഗ്ഗത്തിൽ സാക്ഷാത്കരിക്കപ്പെടും.*

## സെപ്റ്റംബർ 4, 2003

## ഈശോ

*ആത്മാവുകളെ ശുചീകരിക്കാൻ ഞാൻ വന്നിരിക്കുന്നു. എന്റെ കുഞ്ഞേ, തന്റെ ഭവനം ശുചീകരിക്കുന്ന ഒരു അമ്മയെപ്പോലെ ഞാൻ നിങ്ങളുടെ ആത്മാവിനെ ശുചീകരിക്കുകയും ക്രമീകരിക്കുകയും ചെയ്യുന്നു. നീ എന്നിൽ നിന്ന് അകലെയായിരുന്നെങ്കിൽ നമ്മുടെ പ്രവൃത്തികൾ ത്വരിതപ്പെടുത്തണം. മുൻകാലങ്ങളിൽ നടന്നവയുൾപ്പെടെ നിന്റെ ജീവിതത്തിലെ സംഭവങ്ങളെല്ലാം ഇപ്പോൾ വേറിട്ട രീതിയിൽ കാണുക. ഏറെ പ്രാധാന്യമുള്ള ഉദ്യമമായതിനാലാണ് അതിനായി നിനക്കൊപ്പം ഞാൻ സമയം ചെലവിടുന്നത്. നിങ്ങൾ പ്രാർത്ഥിക്കാതിരിക്കുമ്പോൾ സംഭവങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ അടയാളങ്ങൾ ശേഷിപ്പിച്ചേക്കാം. അതുകൊണ്ട് ഈ അടയാളങ്ങൾ നീക്കം ചെയ്യുകയും സ്നേഹം സ്വതന്ത്രമായി നൽകുകയും സ്വീകരിക്കുകയും ചെയ്യുന്ന ഒരു ഹൃദയം ക്രമീകരിക്കുകയുമാണ് എന്റെ ലക്ഷ്യം. നീ പ്രാർത്ഥിക്കുമ്പോൾ ജീവിതത്തിലുണ്ടാകുന്ന അനുഭവങ്ങളിലൂടെ അതിവേഗം കടന്നുപോകാൻ നിന്നെ ഞാൻ സഹായിക്കാം. ഒരു പക്ഷേ നിനക്ക് ഇന്നൊരു നിരാശയുണ്ടാവാം. എന്റെ അഭാവത്തിൽ നീ നിസ്സഹായയും ദുഃഖിതയും ഉത്സാഹമില്ലാത്തവളുമായേക്കാം. മറ്റു പലരെയുംപോലെ അഭിമാനമാണ് നിന്റെ പ്രശ്നമെങ്കിൽ മറ്റൊരാളുമായിപ്പോലും നിന്റെ ദുഃഖവും നിരാശയും പങ്കുവയ്ക്കാനിടയില്ല. അത് നിന്റെ എളിയ ഹൃദയത്തിൽ ശേഷിക്കുകയും ഒരു കാലഘട്ടത്തിനുശേഷം അത് പാരുഷ്യമായി മാറുകയും ചെയ്യും. ഭൂമിയിലെ ജീവിതം അത് ആയിരിക്കുന്ന രീതിയിൽ തുടരുകയും പൂർണ്ണതയ്ക്കുവേണ്ടിയുള്ള*

*അന്വേഷണത്തിൽ മനുഷ്യന്റെ അപൂർണ്ണത നില നിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നീ മറ്റൊരു ഇച്ഛാഭംഗമോ വഞ്ചനയോ നേരിടേണ്ടിവരുന്നു. അഭി മാനബോധം ശക്തമായി തുടരുകയും നിന്റെ വിഷാദം വീണ്ടും വേണ്ടപോലെ പങ്കുവയ്ക്കപ്പെടാതിരിക്കു കയും ചെയ്യുന്നു.*

*അങ്ങനെ നിരാശയുടെ മറ്റൊരു പാളികൂടി തീവ്രതയി ലേക്കെത്തി നിന്റെ ചെറിയ ഹൃദയത്തിന്റെ മറ്റൊരു ഭാഗത്തെ മറയ്ക്കുന്നു. എന്റെ കുഞ്ഞേ, ഈ പ്രക്രിയ തുടരുമ്പോൾ പാരുഷ്യം ഒരു ഹൃദയമാകും നിനക്കു ണ്ടാകുക. നിങ്ങളുടെ ശ്വാസകോശത്തിന് ഓക്സിജൻ എന്ന പോലെ ഹൃദയത്തിന് സ്നേഹം വേണ്ടതുണ്ട്. നിങ്ങളുടെ ഹൃദയം അടയ്ക്കപ്പെട്ടിരുന്നാൽ സ്നേഹ പ്രവാഹം നിലയ്ക്കുന്ന രീതിയിലാണ് അത് രൂപകൽപ്പ നചെയ്തിരിക്കുന്നത്. ആത്മീയതലത്തിൽ നിങ്ങൾ എത്രമാത്രം അംഗവൈകല്യം ബാധിച്ചവരാകും. നിങ്ങളെ ഏറെ അസ്വസ്ഥരും ആഹ്ലാദമില്ലാത്തവരു മായി കാണുന്നത് എന്നെ എത്രമാത്രം വേദനിപ്പിക്കും.*

*എന്റെ പ്രിയപ്പെട്ട കുഞ്ഞേ, എന്നെപ്പോലെ നിനക്ക് സ്വതന്ത്രമായി സ്നേഹിക്കാൻ കഴിയത്തക്കവിധം നിന്റെ ഹൃദയത്തിലെ എല്ലാ കറകളും നീക്കം ചെയ്യാ നാണ് ഞാൻ വരുന്നത്. ഇത് അസാധ്യമായ കാര്യ മാണെന്ന് ചിന്തിക്കരുത്. ഞാൻ യേശുവാണ്. ഞാൻ ദൈവമാണ്. നീ അനുവദിക്കുന്നപക്ഷം ക്ഷണനേരം കൊണ്ട് നിന്റെ ഹൃദയത്തെ എനിക്ക് ശുദ്ധീകരിക്കാ നാകും. നിന്റെ ആത്മാവിനെ ഞാൻ വീണ്ടും ചിട്ടപ്പെ ടുത്തും. ചിന്തകളെ ക്രമീകരിക്കും. നിന്റെ കണ്ണുകളിൽ പ്രകടമാകുംവിധം അളവറ്റതും അവാച്യവുമായ സ്നേ ഹം നിന്റെ ഹൃദയത്തിൽ ഞാൻ നിറയ്ക്കും. നിന്നെ കാണുന്ന എല്ലാവരും ഈ സ്നേഹം അനുഭവിക്കുക*

*യും അത് എന്നിൽ നിന്നാണെന്ന് അറിയുകയും ചെയ്യും. എന്റെ കുഞ്ഞേ. നിന്നെ സ്നേഹിക്കേണ്ടവർ സ്നേഹിക്കാത്തതിൽ ഞാൻ എത്രമാത്രം വേദനിക്കുന്നുണ്ട്. വേദനിപ്പിക്കുന്ന എന്തെങ്കിലും നിനക്ക് എന്തെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ ഞാൻ ഖേദിക്കുന്നു. പക്ഷേ സഹനം നമുക്ക് നന്മയായി ഭവിക്കുന്നതായി നീ കാണണം. നിന്നെ വേദനിപ്പിച്ച തെറ്റായ കാര്യങ്ങളെല്ലാം നിന്റെ നന്മയ്ക്കുവേണ്ടി പ്രയോജനപ്പെടുത്തേണ്ടതെങ്ങനെയെന്ന് ഞാൻ കാണിച്ചുതരാം. എന്നോട് സംസാരിക്കുക. അവ എനിക്കു നൽകുക. ഞാൻ നിങ്ങൾക്ക് സമാധാനവും മാപ്പും ജീവിതത്തിൽ സംഭവിച്ചതിനെല്ലാം ഒരു ചിട്ടയും നൽകാം. ജീവിതത്തിൽ ഒരു നിരാശയുണ്ടാകുമ്പോൾ അത് എന്റെ പക്കൽ കൊണ്ടുവരണമെന്ന് ഞാൻ പറയുന്നു. അത് തിരിച്ചറിയാനും വളരെവേഗം അതിൽ നിന്ന് മോചനം നേടാനും നിങ്ങളെ ഞാൻ സഹായിക്കാം. മോചനത്തിനായി നിങ്ങളെടുക്കുന്ന സമയം ഞാനും നിങ്ങളും ഒന്നുചേർന്നും പരസ്പരം ആശ്രയിച്ചും വളർച്ച നേടുന്ന ഒരു കാലഘട്ടമായിരിക്കും. നിനക്കായി ഞാൻ നിർണ്ണയിച്ചിട്ടുള്ള നിശ്ചിത ജോലിക്ക് ആവശ്യമുള്ള ഒരു വിശുദ്ധനായി നിന്നെ മാറ്റിയാൽ നിനക്ക് എന്നോട് അപ്പോൾ പക തോന്നുമോ? തീർച്ചയായും ഇല്ല. കാരണം നീ എന്റെ ഹിതം അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. നീ പ്രാർത്ഥിച്ചാൽ ഞാൻ നിനക്ക് അനാവശ്യ സഹനം നൽകില്ല. ഇന്ന് ഞാൻ നൽകുന്ന വാഗ്ദാനം അതാണ്. ആ വാചകം ആത്മാർത്ഥതയോടെ ഹൃദയത്തിൽ സൂക്ഷിക്കുക. നിങ്ങൾ എന്നോട് പ്രാർത്ഥിച്ചാൽ ഞാൻ നിങ്ങൾക്ക് അനാവശ്യസഹനം നൽകില്ല. നിന്റെ സഹനത്തിൽ ഇളവു നൽകാൻ എന്നോട് ആവശ്യപ്പെടു. നിനക്ക് പ്രയോജനപ്പെടുന്നതല്ലെങ്കിൽ സഹന*

*ത്തെ ഞാൻ നീക്കിക്കളയും. ഇപ്പോൾ സമാധാനത്തിലായിരുന്നു കൊണ്ട് നിന്റെ ജീവിതത്തിൽ സംഭവിക്കുന്നതെല്ലാം എന്നോട് പറയുക. തരളമായ നിന്റെ ഹൃദയത്തിൽ പുതിയ തടസങ്ങൾ ഉണ്ടാകുന്നില്ലെന്ന് നമുക്കൊന്നിച്ച് ഉറപ്പാക്കാം.*

## സെപ്റ്റംബർ 4 , 2003

## ഈശോ

*എന്റെ മക്കളെ, നിങ്ങൾ എന്റെ വിശ്വസ്ത സുഹൃത്തു ക്കളായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഞാൻ നിങ്ങളെ ആശ്രയിക്കാൻ ഉദ്ദേശിക്കുന്നു. ഞാൻ എന്താണ് അർത്ഥമാക്കുന്നതെന്ന് നിങ്ങൾ അത്ഭുത പ്പെടുന്നുണ്ടാവും, അതുകൊണ്ട് ഞാൻ വിശദമാക്കാം. ഞാൻ നിങ്ങളുടെ ജീവിതവും ആശങ്കകളും പങ്കുവ യ്ക്കുകയാണ്. നിങ്ങളുടെ ഇടപാടുകൾ എന്റേതാണ്. എല്ലാ കാര്യങ്ങളിലും ഞാൻ നിങ്ങളെ സഹായിക്കും.*

*എന്നോടു പങ്കുവയ്ക്കുകയും സഹായം തേടുകയും ചെയ്യാതിരിക്കാൻ തക്കവിധം ചെറിയ കാര്യങ്ങളൊന്നും നിനക്കില്ല. നീ എന്നെ എപ്പോഴും കാണുന്നു. ഞാൻ നിന്നെ ഒരിക്കലും വിട്ടകലില്ലെന്ന് നീ അറിയുന്നു. എന്നിൽ ഈ വിശ്വാസമർപ്പിച്ച നീ വിവേകമതിയാണ്. എന്തുകൊണ്ടെന്നാൽ ഈ വിശ്വാസം സത്യത്തിന്റെ പാറമേൽ അധിഷ്ഠിതമാണ്. ആ പാറയും സത്യവും ഞാനാണ്. സമാനരീതിയിൽ ബലഹീനരായ മനുഷ്യ കുലത്തിന് ഓരോ ആനുകൂല്യങ്ങൾ നൽകുമ്പോഴും ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കുമ്പോഴും നിങ്ങൾ എനിക്കൊപ്പം നടക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. പ്രാർത്ഥനയിലൂടെ നിങ്ങൾ എല്ലാ ദിവസവും എന്റെ പക്കലെത്തുന്നു എന്നറിയാൻ ഞാൻ ആഗ്രഹിക്കു ന്നു. നമ്മൾ ഒന്നിച്ച് ഒരു യാത്ര തുടങ്ങുന്നു. പിന്നീട് നിങ്ങൾ എന്നിൽ നിന്ന് അപ്രത്യക്ഷരാകുന്നു. എങ്കിലും ഞാൻ നിങ്ങളോപ്പം തുടരുന്നു. ഞാൻ നിങ്ങളുടെ ദൈവമാണ്. ഞാൻ നിങ്ങളെ വിട്ടുപിരിയില്ല. പക്ഷേ നമ്മൾ തുടങ്ങുന്ന ജോലി പൂർത്തിയാക്കിയേതീരൂ. എനിക്കൊപ്പമായിരിക്കുന്ന സമയത്തെക്കുറിച്ച് ആക*

സ്മികത വിചാരിക്കേണ്ട. നിങ്ങൾ തിരക്കിലാണ്. അത് എനിക്കറിയാം. പലപ്പോഴും ഞാനാണ് നിങ്ങൾക്ക് ചുമതലകൾ നൽകിയത്. പക്ഷേ എന്നോട് പ്രാർത്ഥി ക്കാൻ നിനക്ക് സമയമില്ലെങ്കിൽ നിന്റെ ജീവിതത്തിൽ എന്തോ നഷ്ടമാകുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. അത് വളരെ വേഗം പരിഹരിക്കാൻ ഞാൻ ആഗ്രഹി ക്കുന്നു. എനിക്ക് നിന്നെ വേണം. നീ എന്റെ സ്നേഹി തനാണ്. സ്നേഹിതർ വിശ്വസ്തരായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് ഇനിമേൽ എന്റെ പക്കലേക്ക് വന്നു മടങ്ങരുത്. ഞാനുമായി ഐക്യത്തിൽ തുടരുക. അങ്ങനെ മറ്റുള്ളവർ ചെയ്യാതെ ശേഷിപ്പിച്ച ജോലികൾ നമുക്കൊന്നിച്ച് തുടരാം. എന്റെ പക്കലേക്ക് വരുന്നത് എപ്പോഴാണെന്ന് നീ തിരിച്ചറിയണം. ഒരു നിമിഷത്തേക്കു മാത്രമാണെങ്കിൽ ഞാൻ ആശ്വസിക്കും. എന്റെ ഹൃദയത്തിന്റെ സ്വാസ്ഥ്യം നിങ്ങൾക്ക് ഒട്ടേറെ അനുഗ്രഹങ്ങൾ നൽകാൻ പ്രേരിപ്പിക്കും. ഒരിക്കലും എന്നെ അന്വേഷിച്ചിട്ടില്ലാത്തവരോടുള്ള നീതി ലഘൂക രിക്കാൻ നിങ്ങളുടെ പ്രാർത്ഥന എന്നെ പ്രേരിപ്പിക്കും. എന്നെ മുഖാമുഖം കാണുമ്പോൾ നിങ്ങൾ എനിക്ക് ന ൽകിയിട്ടുള്ള സന്തോഷങ്ങളെല്ലാം നിങ്ങൾ കാണും. എനിക്ക് നിങ്ങളെ വേണം. എന്നോട് കാണിച്ച വിശ്വാ സ്യതയെ ഞാൻ അഭിനന്ദിക്കുന്നു. ഓരോ പ്രാർത്ഥ നക്കും നോട്ടത്തിനും അഭ്യർത്ഥനക്കും നിങ്ങൾക്ക് സങ്കൽപ്പിക്കാൻ കഴിയുന്നതിനേക്കാളധികമായി ഞാൻ പ്രതിഫലം നൽകുന്ന സാഹചര്യത്തിൽ നന്ദിയർപ്പി ക്കാനാണെങ്കിലും നിങ്ങൾ പതിവായി എന്റെ സന്നി ധിയിലെത്തണം. സാഹചര്യം നിങ്ങൾ ആഗ്രഹിക്കുന്ന തുപോലെ അനുഭവപ്പെടുന്നില്ലെങ്കിൽ ആശങ്ക വേണ്ട. എന്റെ കുഞ്ഞേ, ഭൂമിയിൽ വേല ചെയ്യുമ്പോൾ ഒരു വിശുദ്ധന് എങ്ങനെയായിരിക്കും അനുഭവപ്പെടുക?

*എന്റെ വിശുദ്ധ ആത്മാക്കൾ അധ്വാനത്തിനിടെ പലപ്പോഴും ക്ഷീണിതരായിട്ടുണ്ട്. അധ്വാനമാണ് അവരെ ക്ഷീണിതരാക്കിയത്. എന്നാൽ അവർക്ക് നിശ്ചയദാർഢ്യമുണ്ടായിരുന്നു. എല്ലാ നിമിഷവും വിശുദ്ധിയിലായിരുന്നില്ലെങ്കിലും പ്രാർത്ഥനയിലൂടെ അവർ എന്റെ പക്കലെത്തി. നിങ്ങളുടെ പ്രാർത്ഥനാവേളകളെ വികാരം ഭരിക്കാൻ ഇടവരുത്തരുത്. പ്രണയാതുരമായ സ്നേഹത്തിന്റെ വേളയിൽ മാത്രം രണ്ടു വ്യക്തികൾ പരസ്പരം സേവിക്കുന്ന ഒരു വിവാഹത്തെക്കുറിച്ച് സങ്കൽപ്പിച്ചു നോക്കൂ. ആ വിവാഹം നാശത്തിൽ കലാശിക്കുമെന്ന് ഞാൻ നിങ്ങളോട് പറയേണ്ടതില്ല. എന്നോടുള്ള നിങ്ങളുടെ ബന്ധവും സമാനമാണ്.*

*നിങ്ങളുടെ അവസ്ഥ എന്തായിരുന്നാലും എല്ലായ്പ്പോളും എന്നെ സേവിക്കുക. എന്റെ കുഞ്ഞേ, നീ പ്രാർത്ഥനയിലൂടെ എന്റെ പക്കലെത്തുമെന്നും ഞാൻ നിന്നെ അവഗണിക്കുമെന്നും കരുതുന്നുണ്ടോ? "ദൂരെ പോകുക എന്നോടു സംസാരിക്കാൻ മാത്രം വിശുദ്ധി നിന്നിലുണ്ടെന്ന് തോന്നുന്നില്ല എന്നു ഞാൻ പറയുമോ? നിനക്ക് എന്നോട് മതിയായ സ്നേഹമുണ്ടെന്നു തോന്നുന്നില്ല. ദൂരെ പോകുക" എന്ന് ഒരു ഭർത്താവ് ഭാര്യയോടു പറയുമോ? എത്രമാത്രം പരിഹാസ്യമാണത്? നിങ്ങൾ വിശുദ്ധിയുടെ പാതയിലല്ലെന്നു തോന്നുന്ന കാലത്താണ് പ്രധാനമായും ഞാൻ നിങ്ങളെ ശ്രവിക്കുകയും ആശ്വസിപ്പിക്കുകയും സ്നേഹിക്കുകയും ചെയ്യേണ്ടത്. നമ്മൾ ഉറ്റസുഹൃത്തുക്കളാകുകയാണ്. ആത്മീയാനന്ദത്തിന്റെ വേളയിൽ നാം സുഹൃത്തുക്കളായിരിക്കും എന്നാണ് ഇത് അർത്ഥമാക്കുന്നത്. നീ ആത്മീയവരൾച്ച അഭിമുഖീകരിക്കുന്ന ഘട്ടത്തിലാണ് ആത്മസുഹൃത്തുക്കളെന്ന നിലയിൽ നമ്മുടെ സൗഹൃദം വളരെയേറെ അമൂല്യവും അ*

*നിവാര്യവുമാകുന്നത്. സമാധാനത്തിലായിരിക്കുക. നിന്റെ ഹൃദയത്തിൽ ചോദ്യങ്ങളും വേദനിപ്പിക്കുന്ന അടയാളങ്ങളും ശേഷിപ്പിക്കാതെ എല്ലാക്കാര്യങ്ങളും നിന്നോട് വിവരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.*

## സെപ്റ്റംബർ 4, 2003
## ഈശോ

*എന്റെ കുഞ്ഞുങ്ങളെ, എന്റെ പ്രിയപ്പെട്ടവരിൽ ഒരാൾ ആക്രമണത്തിന് വിധേയനാകുകയും എന്റെ സംരക്ഷണം ആവശ്യകമായി വരികയും ചെയ്യാത്തപക്ഷം ഞാൻ വിനാശകാരിയല്ല. സാധാരണയായി ഞാൻ സൗമ്യനും വളരെ സാവധാനം രോഷം കൊള്ളുന്നവനുമാണ്. ശാന്തനായ ഒരു സുഹൃത്തിനെയാണ് നിങ്ങൾ എന്നിൽ കാണുക. സംഭവങ്ങൾ വ്യക്തമായി കാണുന്നു. മറ്റുള്ളവരുടെ മനസ്സിലെ ഉദ്ദേശ്യങ്ങൾ വായിച്ചെടുക്കാൻ എനിക്കു കഴിയും. അതുകൊണ്ട് നിങ്ങൾക്ക് പ്രതിസന്ധികളുണ്ടാകുമ്പോൾ സഹായത്തിനായി സമീപിക്കേണ്ടത് എന്നെയാണ്. എന്റെ മക്കളോട്, പ്രത്യേകിച്ചും അവർ എന്നിൽ നിന്ന് അകന്നുപോകുമ്പോൾ ഞാൻ ഏറെ സഹിഷ്ണുത കാട്ടുന്നു.*

*അവരുടെ ശ്രദ്ധയാകർഷിക്കുന്നതിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട അനേകം ആത്മാക്കളെ ഞാൻ അവരുടെ പക്കലയക്കും. പക്ഷേ, അവരുടെ പ്രതികരണം എനിക്ക് നിർണയിക്കാനാവില്ല. അവരുടെ തീരുമാനമാണ്. നിങ്ങൾക്ക് ഒരു സമ്മാനം തന്നശേഷം അത് ഞാൻ തിരിച്ചെടുക്കില്ല. ഒരു ആത്മാവ് നിങ്ങളെ നിരാകരിച്ചാൽ നിങ്ങൾ ശാന്തരായിരിക്കുക. ഒരു ആത്മാവിനുവേണ്ടി ജോലിചെയ്യുമ്പോൾ പതിവായി എന്റെ അഭിപ്രായം തേടുക. അവനുവേണ്ടി പ്രാർത്ഥിക്കുക. അവനെ സ്നേഹിക്കുക. ഒരു വിശ്വാസിയുടെ ജീവിതം നയിക്കേണ്ടതെങ്ങനെയെന്ന് സ്വന്തം ഉദാഹരണത്തിലൂടെ നിങ്ങൾ അവന് കാട്ടിക്കൊടുക്കുക. നിങ്ങൾ ശാന്തനാണോ? നിങ്ങൾ സമാധാനത്തിലാണോ?*

*തീവ്രദു:ഖത്തിലായിരിക്കുന്ന ഒരു ആത്മാവിനെ സംബന്ധിച്ചിടത്തോളം ഈ ഗുണഗണങ്ങൾ വളരെ ആകർഷകമാണ്. എല്ലാ പ്രശ്നങ്ങൾക്കും ഉത്തരം എന്റെ പക്കലുണ്ടെന്ന് ക്ലേശിക്കുന്ന ഒരു ആത്മാവിനെ നിങ്ങൾ അറിയിക്കുക. അവന്റെ പ്രശ്നങ്ങൾ നിങ്ങൾക്ക് മനസ്സിലാക്കാനാവാത്തവിധം ഗുരുതരവും സങ്കീർണവും പരിഹാരമില്ലാത്തതുമാണെന്ന് അവൻ പറഞ്ഞേക്കാം. എന്നെ അനുഗമിക്കാത്തതിന്റെ കാരണങ്ങൾ നിരത്തി അവൻ എപ്പോഴും മറ്റുള്ളവരെ കുറ്റപ്പെടുത്തിയേക്കാം. എല്ലാത്തിനുമുള്ള ഉത്തരം എന്റെ പക്കലുണ്ട്. ദൈവത്തെ നിരാകരിക്കാൻ യാതൊരു കാരണവുമില്ല. ഒരു ഒഴികഴിവുകളും വിധിദിവസം മാപ്പുലഭിക്കാൻ ഉപകരിക്കില്ല. ഒരാത്മാവിനോടും ഞാൻ ഒരിക്കലും ദയയില്ലായ്മയും ക്രൂരതയും കാട്ടിയിട്ടില്ല. ഞാൻ സ്നേഹവും വിശ്വസ്തതയും ബഹുമാനവും അർഹിക്കുന്നു. എന്റെ കരുത്ത് മനസ്സിലാക്കിയാൽ എന്റെ സൗമനസ്യം നിങ്ങൾക്ക് ബോധ്യമായിത്തുടങ്ങും.*

*വിവേകമതികളല്ലാത്ത ആത്മാക്കൾ സൗമനസ്യത്തെ ദൗർബല്യവുമായി തുലനം ചെയ്യുന്നു. യഥാർത്ഥ കരുത്തരാണ് സൗമ്യരായിരിക്കാൻമാത്രം വിവേകം കാട്ടുന്നത്. അതുകൊണ്ട് നിങ്ങളുടെ സഹോദരീസഹോദരൻമാരോട് പ്രത്യേകിച്ചും ഞാനുമായി ഐക്യത്തിലല്ലാത്തവരോട് സൗമ്യമായി പെരുമാറുക. അവർ അനായാസം മുറിവേൽപ്പിക്കുന്നു. അവർക്ക് ക്ഷതമേൽക്കുമ്പോൾ ആശ്വസിപ്പിക്കാൻ ഞാനില്ല. അത്തരമൊരു ഏകാന്തത നിങ്ങൾക്ക് സങ്കൽപ്പിക്കാനാകുമോ? എന്നെ ഒരു വിധത്തിലും ഉൾക്കൊള്ളാത്ത ഒരു ലോകത്തേക്ക് മടങ്ങാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? അത്തരമൊരു കാര്യത്തെക്കുറിച്ച് ചിന്തിക്കുക പോലും വേണ്ട, കാരണം നിങ്ങളെ പോകാൻ അനു*

വദിക്കില്ലെന്ന് ഞാൻ വാഗ്ദാനം ചെയ്തിട്ടുണ്ട്. തീർച്ച യായും ഞാൻ നിങ്ങളെ അനുവദിക്കില്ല. പക്ഷേ, നിങ്ങൾ കരുണാർദ്രരായിരിക്കുക. എന്റെ കുഞ്ഞേ, നിന്റെ ഭാവിയെക്കുറിച്ച് യാതൊരു ഭയവും വേണ്ട. നിനക്ക് യാതൊരു ഭയവും വേണ്ട. നിനക്ക് എന്തു സംഭവിക്കുമെന്നോ നിന്നോട് ഞാൻ എന്ത് ആവശ്യ പ്പെടുമെന്നോ ആലോചിച്ച് സമയം കളയരുത്. ഇത്തരം മനോഭാവങ്ങൾ പ്രയോജനപ്രദമല്ല. പകരം ഈ സമയം എന്റെ പീഡാനുഭവങ്ങളെക്കുറിച്ച് ധ്യാനിക്കുക. ഇത്തരം പ്രവൃത്തികൾ പ്രയോജനപ്രദവും നിങ്ങളുടെ മുമ്പാകെ സ്വയം കൂടുതൽ വെളിപ്പെടുത്തുന്നതിന് എന്നെ അനു വദിക്കുന്നതുമാണ്. നമ്മുടെ ഐക്യത്തിന്റെ ആഴം വർധിക്കുകയും നിങ്ങൾക്ക് കൂടുതൽ നേട്ടമുണ്ടാകു കയും ചെയ്യും. മറ്റുള്ളവർ പരക്കം പാഞ്ഞപ്പോൾ നിങ്ങൾ സ്വസ്ഥരായിരുന്നു എന്ന് അറിയുന്നതിന്റെ ആനന്ദം നിങ്ങൾ അനുഭവിക്കും. ഇത് നിങ്ങൾക്ക് നൽകുന്ന ആഹ്ളാദം എനിക്ക് നിങ്ങളോട് പൂർണ്ണമായും പറഞ്ഞറിയിക്കാനാവില്ല. എല്ലാ സനാതനത്തിലും ഉട നീളം ഇത്തരം അറിവ് നിങ്ങൾക്ക് സന്തുഷ്ടി പകരു മെന്നു ഞാൻ പറയട്ടെ. അനശ്വരതയെ ഭാവനയിൽ കാണുക എന്നത് നിങ്ങളെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടാണ്. എന്നാൽ എന്നോട് അടുക്കുംതോറും അത് യാഥാർത്ഥ്യമായിക്കൊണ്ടേയിരിക്കും. ഞങ്ങളിൽ നിന്ന് ഭൂമിയിലേക്ക് നിങ്ങൾ നാടുകടത്തപ്പെട്ടത് ഒരു പരീക്ഷണകാലത്തിലേക്കാണ്. അവസരങ്ങൾ നഷ്ട പ്പെടുത്തി പരീക്ഷണത്തിൽ പരാജിതരാകരുത്. ഇന്ന ലകളെക്കുറിച്ചോർത്ത് വിഷമിച്ച് ഇന്നത്തെ സമയം ചെലവഴിച്ച് പരീക്ഷണത്തിൽ പരാജയപ്പെടരുത്. എന്റെ ഓർമ്മ ദൈർഘ്യം കുറഞ്ഞതാണെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പുനൽകിയിരുന്നില്ലേ? കുഞ്ഞേ, നിന്റെ

*പരാജയം മറക്കപ്പെടും. ഇപ്പോൾ എന്നിൽനിന്ന് അകലാതിരിക്കുക മാത്രം ചെയ്യുക. ഞാൻ നിങ്ങളിൽ വലിയ പ്രത്യാശയർപ്പിക്കുന്നു. കാരണം, നിങ്ങളുടെ ദൈവവും രക്ഷകനുമായ ഞാൻ നിങ്ങളെ അറിയുന്നു. നിങ്ങളുടെ മനുഷ്യപ്രകൃതിയെ നേരിട്ടു കാണുകയും ഓരോ കഴിവുകളും അറിയുകയും ചെയ്യുന്നു. എന്റെ ചെറിയ സേവകാ, വലിയ കാര്യങ്ങൾ ചെയ്യാൻ നിനക്കു കഴിയും. പക്ഷെ എന്നെക്കൂടാതെ അത് സാധ്യമല്ല. നിന്നെ സൃഷ്ടിച്ചതും രൂപകൽപ്പന ചെയ്തതും എനിക്കൊപ്പം വേലചെയ്യാനാണ്. എന്റെ അസാന്നിദ്ധ്യത്തിൽ നിന്റെ ജോലി പൂർത്തിയാകാതെ തുടരും. എന്തുകൊണ്ടെന്നാൽ അത് പൂർണ്ണമായും തിരിച്ചറിയാനും സഫലീകരിക്കാനും നിനക്ക് സാധ്യമല്ല. ഇങ്ങനെ സംഭവിക്കുകയും നിന്നിൽനിന്ന് ഇതല്ല പ്രതീക്ഷിക്കുന്നതെന്ന് ഞാൻ നിന്നോടു പറയുകയും ചെയ്യുമ്പോൾ മറ്റുള്ളവർക്ക് വലിയ ഭാരം വഹിക്കേണ്ടിവരികയും നിങ്ങളുടെ ജോലി അവരുടേതുപോലെ ചെയ്യേണ്ടിവരികയും ചെയ്യും.*

*ഇതേകാരണംകൊണ്ടാണ് എന്റെ യഥാർത്ഥ സേവകർ വലിയ ഭാരം വഹിക്കുന്നത്. എന്നാൽ എന്റെ ഹിതം നിറവേറ്റപ്പെടുകയും നവീകരണത്തിന്റെ സമയം സമാഗതമായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഭയപ്പെടേണ്ട ഞാൻ എന്റെ ലോകത്തെ വീണ്ടെടുക്കുകയാണ്.*

## സെപ്റ്റംബർ 5, 2003

## യേശു

*എന്റെ മക്കൾ തയ്യാറായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. തങ്ങൾ ജീവിക്കുന്ന കാലഘട്ടങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ എന്റെ മക്കളെ സഹായിക്കാൻ ഇന്ന് ഞാൻ ആഗ്രഹിക്കുന്നു. കുഞ്ഞുങ്ങളേ, നിങ്ങൾ എന്റെ ഹൃദയത്തിന്റെ ചാരെയാണ്. ഇക്കാലത്ത് നിങ്ങളെ ഭൂമിയിലേക്കയച്ച് എന്നെ സേവിക്കുന്നതിനും എന്റെ രാജ്യം പ്രചരിപ്പിക്കുന്നതിൽ സഹായിക്കുന്നതിനും വേണ്ടിയാണ്.*

*ഞാൻ തിരിച്ചുവരവിന് തയ്യാറെടുക്കുന്ന സാഹചര്യത്തിൽ ഇരുട്ടിന്റെ സമയം അതിന്റെ അവസാനത്തെ ആത്മാവുകളെ സ്വന്തമാക്കുകയാണ്. ഞാൻ പലപ്പോഴും നിങ്ങളെ ഓർമ്മിപ്പിച്ചിരുന്നതുപോലെ ഫലം നേരത്തെ തീരുമാനിക്കപ്പെട്ടിരിക്കുന്നു.*

*എത്ര ആത്മാക്കൾ വെളിച്ചത്തെയും എത്രപേർ ഇരുട്ടിനെയും സ്വീകരിക്കും എന്നതാണ് സ്ഥിരീകരിക്കപ്പെടാത്തത്. എന്റെ കുഞ്ഞുങ്ങളെ, സ്വാധീനമുള്ളവരായിരിക്കുക. എന്റെ ദയാവായ്പ് മുഴുവൻ പ്രതിഫലിപ്പിക്കുന്ന കണ്ണുകളുമായി നിങ്ങളുടെ ശാന്തമായ വിശുദ്ധിയിൽ സ്വാധീനമുള്ളവരായിരിക്കുക. എന്റെ സാന്നിദ്ധ്യത്തിൽ ഉറച്ചുനിൽക്കുന്ന കൂടുതൽ കൂടുതൽ സമാധാനത്തിന്റെ മക്കളെ മറ്റുള്ളവർ കാണണം. അങ്ങനെ അവർ എന്നിലേക്ക് ആകർഷിക്കപ്പെടും. അതാണ് നമ്മുടെ ദൗത്യം. ഈ താളിലെ എന്റെ വാക്കുകൾ ഈ പ്രക്രിയയിൽ, വിശുദ്ധിയുടെ പ്രക്രിയയിൽ, നിങ്ങളെ സഹായിക്കാൻ ലക്ഷ്യമിടുന്നതാണ്. വിശുദ്ധിയാകട്ടെ എന്റെ പ്രിയപ്പെട്ടവരായി മാറുന്ന പ്രക്രിയയാണ്. വേണ്ടത്ര വിശുദ്ധ*

*രാണെന്ന് നിങ്ങൾ എന്നെങ്കിലും പറയുമോ? തീർച്ചയായും ഇല്ല. ഭൂമിയിലായിരിക്കെ നിങ്ങൾക്ക് നൽകാൻ നിങ്ങളുടെ ആത്മാവിലും ലോകത്തിലും നടപ്പാക്കാനുള്ള ദൈവിക ഉദ്യമങ്ങൾ എന്റെ പക്കലുണ്ട്. ഇന്നലെ നല്ലൊരു ജോലി ചെയ്തു എന്ന് ഒരിക്കലും സ്വയം ആശ്വസിക്കരുത്. ആത്മീയതയിൽ സ്വയം ആശ്വസിക്കുന്നത് ലോകത്തിലേക്കുള്ള മടങ്ങിപ്പോക്കാണ്. നമ്മുടെ നിലവാരം ഉയരെയാണ്. പക്ഷേ, നിങ്ങൾ ശേഷിയുള്ളവരാണ്. നമുക്കൊന്നിച്ച് വീണ്ടും വിജയിക്കാം. ദിവസംതോറും, മണിക്കൂറുകൾ തോറും നിങ്ങൾ അനുഭവിക്കുന്ന എല്ലാറ്റിലും ഞാൻ നിങ്ങൾക്കൊപ്പമുണ്ട്. ഇക്കാലയളവിൽ നൽകിയ എണ്ണമില്ലാത്ത കാരുണ്യങ്ങൾക്ക് സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവിനെ മഹത്വപ്പെടുത്തുക. മനുഷ്യകുലത്തിന്റെ എല്ലാ മേഖലകളിലും അവിടുന്ന് ധിക്കരിക്കപ്പെട്ടു. ഇപ്പോൾപോലും അവിടുത്തെ കരുതൽ തന്റെ കുഞ്ഞുങ്ങളുടെ കാര്യത്തിലാണ്.*

*പ്രിയപ്പെട്ടവരേ, ഞാൻ നിങ്ങളെ നന്നായി ഒരുക്കി, എന്റെ കൃപയോട് പ്രതികരിച്ച് നിങ്ങൾ വിശുദ്ധരായിക്കൊണ്ടിരിക്കുകയാണ്. നിങ്ങളുടെ പുരോഗതിയിൽ, എന്റെ വചനം പങ്കുവയ്ക്കുന്നതിൽ നിങ്ങൾ കാട്ടുന്ന ഔത്സുക്യത്തിൽ ഞാൻ എത്രമാത്രം സന്തുഷ്ടനാണെന്ന് അറിയാമോ? ഞാൻ വിളിക്കുകയും നിങ്ങൾ പ്രത്യുത്തരം നൽകുകയും ചെയ്യുന്നു. ഞാൻ നിങ്ങൾക്ക് കർത്തവ്യങ്ങൾ നൽകുകയും നിങ്ങൾ അത് നിറവേറ്റുകയും ചെയ്യുന്നു. ഇത് സംഭവിക്കുമ്പോൾ നിങ്ങളുടെ ആത്മാവിൽ എല്ലാം ശാന്തമാണ്. ഭയപ്പെടേണ്ട, ഒന്നിനെയും ഭയപ്പെടേണ്ട. ഞാൻ നിങ്ങൾക്ക് എന്റെ ശക്തി ഉറപ്പുനൽകിയിട്ടില്ലേ? പതിവായി എന്റെ പക്കൽ വരികയും എല്ലാ ആശങ്കകളും ആഹ്ലാദങ്ങളും തീരുമാ*

*നങ്ങളും പങ്കുവയ്ക്കുകയും ചെയ്യുവിൻ. അങ്ങനെ നിങ്ങൾ സേവിക്കുന്നത് ലോകത്തെയല്ല, എന്നെയാണെന്ന് നിങ്ങൾക്ക് ഉറപ്പാക്കാൻ സാധിക്കും.*

*ദിവസവും നീ എന്റെ പാതയിലേക്ക് കണ്ണയയ്ക്കുന്നതിനായി ഞാൻ കാത്തുനിൽക്കുകയും അതുചെയ്യുന്ന നിമിഷം തന്നെ നിന്നിലേക്ക് അനുഗ്രഹങ്ങൾ അയയ്ക്കുകയും ചെയ്യുന്നു. ഞാൻ നിന്നെ എന്റെ കൃപയിൽ സംരക്ഷിക്കും. നിനക്കു മുന്നിൽ ഞാൻ എന്റെ പാത തുറക്കും. നിന്റെ ശത്രുക്കളെ എന്റെ ശത്രുക്കളായി ഞാൻ പരിഗണിക്കും. നിന്റെ താൽപര്യങ്ങൾ എന്റേതായിരിക്കും. നമ്മൾ ഒന്നാണ്. എപ്പോഴും ആ സത്യത്തിൽ നിന്ന് മുന്നോട്ട് നീങ്ങുക. ഞാനും നീയും ഒന്നാണ്. എന്റെ കുഞ്ഞേ, സത്യമായും നീ എന്നെ, നിന്റെ യേശുവിനെ, നിന്റെ രക്ഷകനെ സംവഹിക്കുന്നു. ഞാൻ ആ സത്യം ഇപ്പോൾ നിന്നോടു പറയുന്നത് ആ ഏകസത്യം ഉൾക്കൊണ്ടുകൊണ്ട് നീ ജീവിതകാലം മുഴുവൻ ചെലവിടണം എന്നതുകൊണ്ടാണ്. എന്റെ രാജ്യത്തെ സേവിക്കാൻ സമാധാനത്തിലായിരിക്കുക.*

## സെപ്റ്റംബർ 5, 2003
## പരിശുദ്ധ അമ്മ

*എന്റെ നിർമ്മലഹൃദയത്തിൽ വസിക്കുന്ന പ്രിയ കുഞ്ഞുങ്ങളേ, നിങ്ങൾ ആഹ്ലാദചിത്തരായി ജീവിക്കുക. യഥാർത്ഥ സേവകരായിരിക്കാൻ വേണ്ടതെല്ലാം എന്റെ പുത്രനായ യേശു നിങ്ങൾക്ക് നൽകിയിരിക്കുന്നു. ഭൂമിയിൽ സമാധാനമുണ്ടാകുന്നതിന് സർവ്വപ്രകാശവും നന്മയുമായ അവനെ നിങ്ങൾ സേവിക്കണം.*

*ഞാൻ അവന്റെ അമ്മയാണ്. ഞാൻ നിങ്ങളുടെയും അമ്മയാണ്. ഈ ലോകത്തിന്റെ കുഞ്ഞുമക്കളേ, പതിവായി എന്നെ വിളിക്കുക. സ്വർഗ്ഗത്തിലെത്താൻ അനേകം ആത്മാക്കളെ സഹായിച്ചിട്ടുള്ള ഞാൻ നിങ്ങളെയും സഹായിക്കാം. നിങ്ങളുടെ ഭീതികൾ വിശ്വാസപൂർവ്വം എന്നെ ഏൽപ്പിക്കുക. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. മാതൃതുല്യമായ ഒരു ഹൃദയം തന്റെ മക്കളുടെ ഓരോ ദൗർബ്ബല്യവും മനസ്സിലാക്കുന്നു. ദൈവവുമായുള്ള ഐക്യത്തിൽ നിന്ന് മക്കളെ അകറ്റുന്ന ശീലങ്ങളെ അതിജീവിക്കുന്നതിന് അവരെ സഹായിക്കാൻ സാധിക്കുകയും ചെയ്യും. കുഞ്ഞുങ്ങളെ, നിങ്ങളെ സഹായിക്കാൻ എന്നെ അനുവദിക്കുക. യേശുവിനെ സേവിക്കുന്നില്ലെന്ന് നിങ്ങൾക്ക് തോന്നുമ്പോൾ എന്റെ സവിധത്തിലേക്ക് ഓടിവരിക. വിശുദ്ധിയുടെ പാതയിലേക്ക്, അവൻ നിങ്ങൾക്കുവേണ്ടി പ്രത്യേകമായി നിർണ്ണയിച്ചിരിക്കുന്ന പാതയിലേക്ക് ഞാൻ നിങ്ങളെ നയിക്കും. എല്ലാ കാര്യത്തിലും എപ്പോഴും ഞങ്ങൾ നിങ്ങളുടെ ചാരത്തുണ്ട്. സത്യമായും സ്വർഗ്ഗവും ഭൂമിയും മുൻപെന്നത്തേക്കാൾ ഐക്യത്തിലാണ്. ഇതിന്റെ ആനുകൂല്യം പൂർണ്ണമായും പ്രയോജനപ്പെടുത്തുക. പ്രിയ കുഞ്ഞുങ്ങളേ, സ്വർഗ്ഗം സന്തുഷ്ടമാണ്, എന്തു*

*കൊണ്ടെന്നാണ് ദൈവം അവിടെയുണ്ട്. ഭൂമിയിൽ നിങ്ങൾക്കും സന്തോഷിക്കാം. കാരണം, ദൈവം ഇപ്പോൾ നിങ്ങൾക്കൊപ്പമുണ്ട്. നിങ്ങൾ എത്രമാത്രം കൂടുതലായി ചോദിക്കുന്നുവോ, അത്രമാത്രം അവിടുന്ന് നിങ്ങൾക്ക് സ്വയം വെളിപ്പെടുത്തിത്തരും. എല്ലാം നന്നായി നിലനിൽക്കുന്നു. ഞങ്ങൾ നിങ്ങളെയും നിങ്ങളുടെ പ്രിയപ്പെട്ടവരെയും ക്ഷീണമില്ലാതെ കാക്കുന്നു. സ്വർഗ്ഗത്തിനുവേണ്ടിയുള്ള നിങ്ങളുടെ സേവനം മേൽക്കുമേൽ സന്തോഷത്തിനിടയാക്കുന്നത് നിങ്ങൾ കാണും. കുഞ്ഞുങ്ങളേ, യേശുവിനൊപ്പമായിരിക്കുക.*

## സെപ്റ്റംബർ 5, 2003

## പരിശുദ്ധ അമ്മ

*എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ പരിവർത്തനത്തിന്റെ പാതയിൽ തുടരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ വിശുദ്ധിയിലേക്കുള്ള ഈ പാതയിൽ തുടർന്നാൽ നിങ്ങൾക്ക് ലഭിക്കുന്ന അനേകം അനുഗ്രഹങ്ങളുണ്ട്. ഞാൻ ഒരു അമ്മയായതിനാൽ, നിങ്ങളുടെ അമ്മയായതിനാൽ എന്റെ കുഞ്ഞുങ്ങൾക്ക് ഭീഷണിയാകുന്ന അപകടങ്ങൾ ഞാൻ മുൻകൂട്ടി കാണുന്നു. ആത്മീയ അഭിമാനത്തിന്റെ കാര്യത്തിൽ ജാഗരൂകരായിരിക്കുക. താരതമ്യേന ചുരുങ്ങിയ കാലത്തിനുള്ളിൽ നിങ്ങൾ ഓരോരുത്തരെയും വിശുദ്ധിയുടെ ഉയർന്ന തലത്തിലെത്തിക്കാൻ ഈശോ ഉദ്ദേശിക്കുന്നു. ഈ വിശുദ്ധി നിങ്ങളിൽ നിന്നു തന്നെ വരുന്നതാണെന്ന് ഒരിക്കലും ചിന്തിക്കരുത്. നിങ്ങളുടെ വിശ്വാസവും ദൈവത്തോടുള്ള സ്നേഹവുമെല്ലാം ദൈവത്തിന്റെ സമ്മാനങ്ങളാണ്. അതുകൊണ്ട് ദൈവത്തോട് പൂർണ്ണതോതിൽ പ്രതികരിക്കാത്തതിനാൽ നിങ്ങളെപ്പോലെ അനുഗ്രഹങ്ങൾ ലഭിക്കാത്ത സഹോദരീസഹോദരന്മാർക്കു മുകളിൽ സ്വയം പ്രതിഷ്ഠിക്കരുത്. എന്റെ കുഞ്ഞുങ്ങളേ, എല്ലാം യേശുവിൽ നിന്നാണ് വരുന്നതെങ്കിൽ നിങ്ങളുടെ സംഭാവന എന്തെന്ന് നിങ്ങൾ അത്ഭുതപ്പെടുന്നുണ്ടാകും. സ്വതന്ത്രമനസ്സാണ് നിങ്ങളുടെ സംഭാവന. നിങ്ങൾ ഭൂമിയിലെ നിങ്ങളുടെ സമയം നൽകുന്നു. നിങ്ങൾ നിങ്ങളുടെ ഹൃദയങ്ങൾ യേശുവിനു നൽകിക്കൊണ്ട് ഇങ്ങനെ പറയുന്നു: അതേ യേശുവേ, ഞാൻ ഒരു വിശുദ്ധനാകാൻ ആഗ്രഹിക്കുന്നു എന്റെ ഹൃദയത്തിൽ ഇടം നേടിയ കുഞ്ഞേ, സത്യമായും സ്വർഗ്ഗത്തിനുവേണ്ടി ഒരു തീരുമാനമെടുത്ത നിന്റേതുപോലുള്ള*

*ഒരു ആത്മാവുകൊണ്ട് യേശുവിന് എന്തും ചെയ്യാനാകും. പ്രകാശത്തിന്റെ സേനയിലെ ഒരു പോരാളിയായി നീ സ്വയം പരിഗണിക്കുക. നന്മക്കുവേണ്ടിമാത്രം പ്രവർത്തിക്കത്തക്കവിധം ഞാൻ നിന്നെ അങ്ങനെ അഭിഷേകം ചെയ്യുന്നു. പ്രാർത്ഥനയാണ് നിന്റെ ആയുധം. നിന്റെ വിധേയത്വത്തിലൂടെ ആർജ്ജിച്ച വിശുദ്ധി യണിഞ്ഞ് നീ സജ്ജനായിരിക്കുന്നു. ഒരു തിന്മയ്ക്കും നിനക്കെതിരെ നിലനിൽപ്പില്ല. യേശു നയിക്കുമ്പോൾ നിനക്ക് അത്രമാത്രം അധികാരമുണ്ട്. ഒന്നിനേയും ഭയപ്പെടേണ്ട. ഞങ്ങൾ നിനക്കൊപ്പമുണ്ട്. കാലം കടന്നുപോകുമ്പോൾ എല്ലാ കാര്യത്തിലും നിനക്ക് ഉപദേശം നൽകാൻ ഞങ്ങൾക്ക് സാധിക്കത്തക്കവണ്ണം പ്രാർത്ഥനകളിലൂടെ നിനക്കുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കാൻ തയ്യാറായിരിക്കുക.*

*ഞങ്ങൾ എല്ലായ്പ്പോഴും നിനക്ക് പ്രാപ്യമാണ്. ഇപ്പോൾ ഞാൻ നിന്നെ അനുഗ്രഹിക്കുകയും എന്റെ പുത്രനായ യേശുക്രിസ്തുവിന് ഭരമേൽപ്പിക്കുകയും ചെയ്യുന്നു.*

*വിശ്വസ്തതയോടെ അവനെ സേവിക്കുക. നിങ്ങൾ സ്വർഗ്ഗമെന്തെന്ന് അറിയും. നിങ്ങളുടെ വിശ്വസ്തതയ്ക്ക് എങ്ങനെ പ്രതിഫലം ലഭിക്കും? കുഞ്ഞുങ്ങളേ, സത്യമായും നിങ്ങൾ ആഹ്ലാദത്തിൽ ആമഗ്നരാകും. എല്ലാത്തിനും ഞങ്ങൾക്ക് ഉത്തരമുണ്ട്. അതുകൊണ്ട് എല്ലാ പ്രശ്നങ്ങളും ഞങ്ങളുടെ പക്കലേക്ക് കൊണ്ടുവരിക.*

*പ്രതിസന്ധിഘട്ടങ്ങളിൽ മക്കളെ സഹായിക്കുന്ന ഒരു അമ്മയെപ്പോലെ നിങ്ങളെ സഹായിക്കാൻ ഞാൻ നിങ്ങൾക്കൊപ്പമുണ്ട്. പ്രിയപ്പെട്ടവരേ, നിങ്ങൾക്ക് എന്നെ ആവശ്യമുള്ളപ്പോൾ നിങ്ങളുടെ കാലത്തിനുവേണ്ട അധികമാർഗ്ഗനിർദ്ദേശങ്ങളുമായി ഞാൻ നിങ്ങളുടെ ചാരത്തുണ്ടാകും.*

## ദിവ്യകാരുണ്യ ഈശോയുടെ തിരുഹൃദയത്തോടുള്ള പ്രാർത്ഥന

**ദിവ്യകാരുണ്യ ഈശോയുടെ തിരുഹൃദയത്തിന് ലോകത്തിലെ എല്ലാ സക്രാരികളിലും എല്ലാ നിമിഷവും കാലത്തിന്റെ അന്ത്യം വരേക്കും കൃതജ്ഞതാനിർഭരമായ പുകഴ്ചയും ആരാധനയും സ്നേഹവും ഉണ്ടായിരിക്കട്ടെ.**

*ഈ പ്രാർത്ഥനയ്ക്ക് 1868–ൽ പത്താം പീയുസ് മാർപ്പാപ്പ ദണ്ഡവിമോചനം അനുവദിച്ചു.*

## അൽമായ പ്രേഷിതർക്കുള്ള മാർഗരേഖ

മടങ്ങിവരുന്ന രാജാവായ യേശുക്രിസ്തുവിന്റെ അൽമായ പ്രേഷിതരെന്ന നിലയിൽ, സജീവ കത്തോലിക്കർക്കടുത്ത ഞങ്ങളുടെ മൗലിക കടപ്പാടുകൾ നിർവഹിക്കാമെന്ന് ഞങ്ങൾ സമ്മതിക്കുന്നു. ഇതിലുപരിയായി, ഇനിപ്പറയുന്ന ആത്മീയാഭ്യാസങ്ങൾ, ഞങ്ങൾക്കാവുന്നതിന്റെ പരമാവധി ഞങ്ങൾ സ്വാംശീകരിക്കും.

1. ഐക്യദാർഢ്യപ്രാർത്ഥനയും പ്രഭാത സമർപ്പണവും; ഒപ്പം പരിശുദ്ധപിതാവിനുവേണ്ടിയുള്ള ഒരു ഹ്രസ്വ പ്രാർത്ഥന.
2. ദിവ്യകാരുണ്യ ആരാധന; ആഴ്ചയിൽ ഒരു മണിക്കൂർ വീതം.
3. പ്രാർത്ഥനാക്കൂട്ടായ്മയിലെ പങ്കാളിത്തം; പ്രതിമാസം നടക്കുന്ന ഇതിൽ നമ്മൾ പരിശുദ്ധ ജപമാലയിലെ പ്രകാശത്തിന്റെ രഹസ്യങ്ങൾ ധ്യാനിക്കുകയും പ്രതിമാസ സന്ദേശം വായിക്കുകയും ചെയ്യും.
4. പ്രതിമാസ കുമ്പസാരം.
5. ഇനിയും, സകലരെയും ഈശോയുടെ ക്ഷമയോടും ദയാവായ്പ്പോടും കൂടെ പരിഗണിച്ചുകൊണ്ട്, തിരുവചനങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളവിധം അവിടുത്തെ ദൃഷ്ടാന്തം ഞങ്ങൾ പിന്തുടരും.

## ഐക്യദാർഢ്യ പ്രാർത്ഥന

സ്വർഗസ്ഥനായ പ്രിയപ്പെട്ട ദൈവമേ, ഞാൻ അങ്ങയോടുള്ള ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. ഞാൻ അവിടുത്തേക്ക് എന്റെ ജീവനും എന്റെ ജോലിയും എന്റെ ഹൃദയവും തരുന്നു. പകരമായി, അങ്ങയുടെ ഓരോ മാർഗനിർദേശവും അതിന്റെ പൂർണതയിൽ അനുസരിക്കുന്നതിനുള്ള കൃപ എനിക്കു തന്നാലും. ആമേൻ.

## പ്രഭാതസമർപ്പണം

ഓ ഈശോയെ, മറിയത്തിന്റെ അമലോൽഭവ ഹൃദയം വഴി, അവിടുത്തെ തിരുഹൃദയത്തിന്റെ എല്ലാ നിയോഗങ്ങൾക്കുമായി, ലോകമെമ്പാടുമുള്ള ദിവ്യബലിയുടെ പരിശുദ്ധ അർപ്പണങ്ങളോട് ഐക്യപ്പെട്ടുകൊണ്ട്, എന്റെ പാപങ്ങൾക്കുള്ള പരിഹാരമായും പരിശുദ്ധ പിതാവിന്റെ നിയോഗങ്ങൾക്കായും ഈ ദിനത്തിലെ എന്റെ പ്രാർത്ഥനകളും പ്രവൃത്തികളും ആനന്ദങ്ങളും സഹനങ്ങളും അങ്ങേയ്ക്കായി സമർപ്പിക്കുന്നു. ആമ്മേൻ

## പരിശുദ്ധ പിതാവിനായുള്ള പ്രാർത്ഥന

ഈശോയുടെ അനുഗൃഹീതയായ മാതാവേ, ഞങ്ങളുടെ പരിശുദ്ധ പിതാവിനേയും അദ്ദേഹത്തിന്റെ നിയോഗങ്ങളെയും സംരക്ഷിക്കണമേ.

## പ്രകാശത്തിന്റെ അഞ്ചു രഹസ്യങ്ങൾ

1. ഈശോയുടെ ജ്ഞാനസ്നാനം
2. കാനായിലെ കല്യാണം
3. ദൈവരാജ്യത്തിന്റെ പ്രഖ്യാപനം
4. രൂപാന്തരീകരണം
5. പരിശുദ്ധ കുർബാനയുടെ സ്ഥാപനം

## ഈശോയിൽനിന്ന് തന്റെ അൽമായ പ്രേഷിതർക്കുള്ള വാഗ്ദാനം

**2005 മെയ് 12**

***ആത്മാക്കൾക്കായുള്ള നിന്റെ സന്ദേശം സ്ഥിരമായി നിലനിൽക്കുന്നു. ഓരോ ആത്മാവിയെും വീണ്ടെടുപ്പു ദൗത്യത്തിലേക്ക് സ്വാഗതം ചെയ്യുക. എന്റെ താൽപര്യങ്ങളെ ഓരോ അൽമായ പ്രേഷിതനും/ പ്രേഷിത***

*യും ശ്രദ്ധിച്ചാൽ അവരുടേതിനെ ഞാനും ശ്രദ്ധിക്കും. അവരെന്റെ തിരുഹൃദയത്തിൽ സ്ഥാപിക്കപ്പെടുകയും ഞാനവർക്കുവേണ്ടി പ്രതിരോധിച്ച് സംരക്ഷിക്കുകയും ചെയ്യും. അവരുടെ ഓരോ പ്രിയപ്പെട്ടവരുടെയും മാനസാന്തരം ഞാൻ നേടിക്കൊടുക്കുന്നതാണ്. അങ്ങനെ, കാണുക, എന്റെ പ്രിയപ്പെട്ട അൽമായ പ്രേഷിതരെന്ന നിലയിൽ ഈ വീണ്ടെടുപ്പു ദൗത്യത്തിൽ ശുശ്രൂഷ ചെയ്യുന്ന ആത്മാക്കൾ സമാധാനം സമ്പാദിക്കും. ലോകത്തിന് ഇത്തരമൊരു വാഗ്ദാനം കൊടുക്കാനാവില്ല. എന്തെന്നാൽ, സ്വർഗത്തിനു മാത്രമേ ഒരാത്മാവിൽ സമാധാനം സമ്മാനിക്കാൻ കഴിയൂ. ഇതു സത്യമായും സ്വർഗത്തിന്റെ ദൗത്യമാണ്; സ്വർഗത്തിന്റെ സന്താനങ്ങൾ ഓരോരുത്തരെയും എന്നെ സഹായിക്കാനായി ഞാൻ വിളിക്കുകയും ചെയ്യുന്നു. എന്റെ പ്രിയരേ, നിങ്ങൾക്ക് നല്ല പ്രതിഫലം കിട്ടും.*

## വിവിധ വാല്യങ്ങളിൽനിന്നെടുത്ത പ്രാർത്ഥനകൾ

### പിതാവായ ദൈവത്തോടുള്ള പ്രാർത്ഥന

''സ്വർഗസ്ഥനായ എന്റെ പിതാവിനുവേണ്ടി എനിക്കെന്തു ചെയ്യാനാകും?''

''ഞാനങ്ങയിൽ ആശ്രയിക്കുന്നു, ദൈവമേ. ഏറ്റുവാങ്ങലിന്റെ ആത്മാവിൽ ഞാനെന്റെ വേദന അങ്ങേയ്ക്കായി സമർപ്പിക്കുന്നു; ഓരോരോ സാഹചര്യത്തിലും ഞാനങ്ങയെ സേവിക്കുന്നതാണ്.''

''സ്വർഗസ്ഥനായ എന്റെ പിതാവേ, അങ്ങ് കാരുണ്യസ്വരൂപനാകുന്നു. അവിടുന്ന് എന്നെ സ്നേഹിക്കുന്നു; എന്റെ പാപങ്ങളെല്ലാം കാണുകയും ചെയ്യുന്നു. എന്റെ ദയാ

പൂർണനായ പിതാവ് എന്ന നിലയിൽ ഞാനങ്ങയെ അഭിസംബോധന ചെയ്യുന്നു. എന്റെ ഓരോ പാപവും പൊറുക്കേണമേ. ഞാൻ ഒരിക്കൽക്കൂടി സമ്പൂർണ നിഷ്കളങ്കതയിൽ വലയം പ്രാപിക്കാനായി എന്റെ ആത്മാവിലെ കറകളെല്ലാം കഴുകികളഞ്ഞാലും. സ്വർഗസ്ഥനായ പിതാവേ, ഞാനങ്ങയിൽ ആശ്രയിക്കുന്നു. ഞാനങ്ങിൽ ശരണപ്പെടുന്നു. ആമേൻ.''

''എന്റെ പിതാവായ ദൈവമേ, എന്റെ ആത്മാവിനെ ശാന്തമാക്കുകയും എന്റെ വഴികളെ നയിക്കുകയും ചെയ്യണേ.''

''ദൈവമേ, ഞാൻ തെറ്റുകൾ ചെയ്തുപോയി. എന്നോട് ക്ഷമിക്കണേ. ഞാനവിടുത്തെ കുഞ്ഞാണ്. ഞാനവിടുത്തോട് ഒന്നായിത്തീരുവാൻ ആഗ്രഹിക്കുന്നു.''

''ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു. ഈശോ എന്നെ വിളിക്കുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ അനുഗൃഹീത മാതാവ് എന്റെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ആകയാൽ, ഞാൻ ഇന്നും ഓരോ ദിവസവും പ്രാർത്ഥിക്കാൻ പോകുകയാണ്.''

"എന്റെ പിതാവായ ദൈവമേ, മനസ്സിലാക്കാൻ എന്നെ സഹായിക്കണേ."

## ഈശോയോടുള്ള പ്രാർത്ഥനകൾ

"ഈശോയേ, അവിടുത്തേക്ക് ഞാനെന്റെ ദിവസത്തെ തരുന്നു."

"ഈശോയേ, ഇന്ന് അവിടുന്നെന്നെ എങ്ങനെ ഉപയോഗിക്കുവാനാണ് ആഗ്രഹിക്കുന്നത്? അങ്ങേയ്ക്ക് എന്നിലൊരു അനുസരണയുള്ള ദാസനുണ്ട്, ഈശോയേ, സ്വർഗരാജ്യത്തിനായി വേലചെയ്യാൻ എന്നെ അനുവദിച്ചാലും."

“നാഥാ, അവിടുത്തെ വരവിന്റെ തയാറെടുപ്പിനായി എനിക്കിന്ന് എന്തു ചെയ്യാനാകും? എന്റെ വഴി കാണിക്കണേ. അപ്പോൾ ഞാനവിടുത്തെ ആഗ്രഹങ്ങൾ കാണും.”

“ഈശോയെ അങ്ങുന്ന് എന്നെ എങ്ങനെയാണ് ഉപയോഗിക്കാൻ ആഗ്രഹിക്കുന്നത്.”

“ദൈവമേ, എന്നെ സഹായിക്കണേ.”

“നാഥാ, എന്നെ സഹായിക്കണേ.”

“ഈശോയെ, ഇപ്പോൾ സംഭവിക്കുന്ന കാര്യങ്ങളെക്കുറിച്ച് അവിടുന്ന് എന്തു ചിന്തിക്കുന്നു? ഈശോയെ, ഈ ആത്മാവിനുവേണ്ടി ഞാൻ എന്തു ചെയ്യണമെന്നാണ് അവിടുന്ന് ആഗ്രഹിക്കുന്നത്? ഈ അവസ്ഥയിൽ അങ്ങയുടെ സാന്നിദ്ധ്യം അനുഭവവേദ്യമാക്കുന്നതിന് ഞാൻ എന്താണ് ചെയ്യേണ്ടത്? ”

“ഈശോ, എന്നെ സ്നേഹിക്കണേ.”

## മാലാഖമാരോടുള്ള പ്രാർത്ഥനകൾ

“സ്വർഗീയ ദൂതന്മാരേ, എന്നെ വഴി നടത്തിയാലും.”

“ഏറ്റവും പ്രിയപ്പെട്ട കാവൽമാലാഖയേ, സമാധാനത്തിൽ നിലനിന്നുകൊണ്ട് ഈശോയെ സേവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ ഹൃദയത്തിൽ അവിടുത്തെ ദിവ്യസമാധാനം നിലനിർത്താനാവശ്യമായ കൃപകൾ ദയവായി എനിക്ക് സമ്പാദിച്ചു തന്നാലും

## ക്ലേശമനുഭവിക്കുന്ന ഒരാത്മാവിനു വേണ്ടിയുള്ള പ്രാർത്ഥനകൾ

“ഇതെക്കുറിച്ചെല്ലാം, ഈശോയെ, അവിടുന്നെന്തു കരുതുന്നു? ഈശോയെ, ഈ ആത്മാവിനുവേണ്ടി

ഞാനെന്തു ചെയ്യണമെന്നാണ് അങ്ങ് ആവശ്യപ്പെടുന്നത്? ഈശോയെ ഈ അവസ്ഥയിലേക്ക് അവിടുത്തെ എങ്ങനെ ആനയിക്കണമെന്ന് എനിക്കു കാണിച്ചുതന്നാലും."

"കാവൽ മാലാഖയേ, ഈ ആത്മാവിനുമേലുള്ള അങ്ങയുടെ സ്ഥിരം ജാഗ്രതയെ പ്രതി ഞാനങ്ങേക്ക് നന്ദി പറയുന്നു. സ്വർഗീയ വിശുദ്ധരേ, ഈ പ്രിയപ്പെട്ട മാലാഖയെ സഹായിക്കണേ."

## കുട്ടികൾക്കായുള്ള പ്രാർത്ഥന

"സ്വർഗ്ഗസ്ഥനായ ദൈവമേ, സർവതിന്റെയും സ്രഷ്ടാവ് അങ്ങാകുന്നു. ഞങ്ങളുടെ ലോകത്തിനുമേൽ അവിടുത്തെ കൃപകൾ അയച്ചാലും.

"ഈശോയെ, ഞാനങ്ങയെ സ്നേഹിക്കുന്നു."

"ഈശോയെ, ഞാനങ്ങിൽ ആശ്രയിക്കുന്നു. ഈശോയെ, ഞാനങ്ങിൽ ആശ്രയിക്കുന്നു. ഈശോയെ, ഞാനങ്ങിൽ ആശ്രയിക്കുന്നു."

"ഈശോയെ, ഞാനെന്റെ ദിവസത്തെ അവിടുത്തേക്ക് വാഗ്ദാനം ചെയ്യുന്നു."

"അമ്മേ, മറിയേ, നല്ല കുട്ടിയാകാൻ എന്നെ സഹായിക്കണേ."

## ദൈവിക കരുണയുടെ ജപമാല ചൊല്ലേണ്ടതെങ്ങനെ?

അഞ്ചു ദശകങ്ങളോടുള്ള സാധാരണ ജപമാല ഉപയോഗിച്ചാണ് കരുണക്കൊന്ത ചൊല്ലുന്നത് വിശുദ്ധ ഫൗസ്തീനായുടെ ഡയറിയിൽനിന്നുള്ള രണ്ട് പ്രാരംഭ പ്രാർത്ഥനകളോടെ ഇത് ആരംഭിക്കുന്നു; ഒരു സമാപന പ്രാർത്ഥനയോടെ അവസാനിക്കുകയും ചെയ്യുന്നു.

**1. കുരിശു വരയ്ക്കുക**

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആമ്മേൻ

2. ഈശോയെ, അവിടുന്ന് മരിച്ചു. എന്നാൽ, ജീവന്റെ ഉറവ ആത്മാക്കൾക്കായി കുതിച്ചൊഴുകി; സർവ്വലോകത്തിനായും കരുണയുടെ കടൽ തുറക്കപ്പെടുകയും ചെയ്തു. ഓ ജീവന്റെ ജലധാരയേ, ആഴമളക്കാനാവാത്ത ദൈവിക കാരുണ്യമേ, ലോകത്തെ മുഴുവൻ പൊതിയുകയും അവിടുത്തെയാകമാനം ഞങ്ങളുടെമേൽ ചൊരിയുകയും ചെയ്യണമേ.

ഈശോയുടെ തിരുഹൃദയത്തിൽ നിന്ന് ഞങ്ങൾക്കായുള്ള കാരുണ്യത്തിന്റെ പ്രവാഹമായി കുതിച്ചൊഴുകിയ ഓ, രക്തവും ജലവുമേ, ഞാനങ്ങയിൽ ആശ്രയിക്കുന്നു!

**3. കർതൃപ്രാർത്ഥന**

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ് സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. അന്നന്നുവേണ്ടുന്ന ആഹാരം ഇന്നും ഞങ്ങൾക്കു തരണമേ. ഞങ്ങളോട് തെറ്റുചെയ്തവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണേ. ഞങ്ങളെ പ്രലോഭനത്തിലേക്ക് നയിക്കരുതേ. പകരം, ദുഷ്ടാരൂപിയിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ. ആമേൻ.

**4. നൻമനിറഞ്ഞ മറിയമേ**

നന്മനിറഞ്ഞ മറിയമേ സ്വസ്തി, കർത്താവ് അങ്ങയോടുകൂടെ. സ്ത്രീകളിൽ അങ്ങ് അനുഗ്രഹിക്കപ്പെട്ടവളാകുന്നു. അങ്ങയുടെ ഉദരഫലമായ ഈശോ അനുഗ്രഹിക്കപ്പെട്ടവനാകുന്നു. പരിശുദ്ധ മറിയമേ തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും

ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷി ക്കേണമേ, ആമേൻ.

## 5. വിശ്വാസപ്രമാണം

സർവ്വശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവിടുത്തെ ഏക പുത്രനും കർ ത്താവുമായ യേശുക്രിസ്തുവിലും ഞാൻ വിശ്വസി ക്കുന്നു. അവിടുന്ന് പരിശുദ്ധാത്മാവിനാൽ കന്യകാ മറിയത്തിൽ ഗർഭസ്ഥനായി പിറന്നു. പൊന്തിയൂസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിച്ച് കുരി ശിൽ തറയ്ക്കപ്പെട്ട് മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവ സം ഉയിർത്തെഴുന്നേറ്റു. സ്വർഗത്തിലേക്കെഴുന്നള്ളി പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു. ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ അവിടുന്ന് വീണ്ടും വരുമെന്നും വിശ്വസിക്കുന്നു. പരി ശുദ്ധാത്മാവിലും വിശ്വസിക്കുന്നു. പുണ്യവാന്മാരുടെ ഐക്യത്തിലും പാപങ്ങളുടെ മോചനത്തിലും ശരീര ത്തിന്റെ ഉയിർപ്പിലും നിത്യമായ ജീവിതത്തിലും വിശ്വ സിക്കുന്നു. ആമേൻ.

6. നിത്യപിതാവേ, എന്റെയും ലോകമൊക്കെയുടെയും പാപപരിഹാരങ്ങൾക്കായി അങ്ങയുടെ വത്സല സുതനും ഞങ്ങളുടെ രക്ഷകനുമായ കർത്താവീ ശോമിശിഹായുടെ തിരുശ്ശരീരവും തിരുരക്തവും ആത്മാവും ദൈവത്വവും അങ്ങേയ്ക്കു ഞാൻ കാഴ്ച വെക്കുന്നു.

## 7. ഈശോയുടെ അതിദാരുണമായ പീഡാ നുഭവങ്ങളെപ്രതി–

ഞങ്ങളുടെയും ലോകമൊക്കെയുടെമേലും (മറ്റെന്തെ ങ്കിലും നിയോഗമുണ്ടെങ്കിൽ അത് പറയാം) കൃപയാ യിരിക്കേണമേ (പത്തുപ്രാവശ്യം)

8. പരിശുദ്ധനായ ദൈവമേ, പരിശുദ്ധനായ ബലവാനേ, പരിശുദ്ധനായ അമർത്യനേ, ഞങ്ങളുടെമേൽ കൃപ യായിരിക്കണമേ (മൂന്നു പ്രാവശ്യം)

അനന്തദയാനിധിയും കരുണയുടെ സങ്കേതവുമായ നിത്യപിതാവേ, കഷ്ടതയുടെ ഘട്ടങ്ങളിൽ നിരാ ശരും നിസ്സഹായരുമാകാതെ വർദ്ധിച്ച ആത്മവിശ്വാ സത്തോടെ സ്നേഹവും കരുണയുമാകുന്ന അങ്ങ യുടെ ഹിതത്തിനായി സ്വയം സമർപ്പിക്കാൻ കഴിയും വിധം ഞങ്ങളെ കരുണയോടെ നോക്കുകയും ഞങ്ങ ളുടെമേലുള്ള അവിടുത്തെ ദയ വർദ്ധിപ്പിക്കുകയും ചെയ്യേണമേ.

## ജപമാല ചൊല്ലേണ്ടതെങ്ങനെ?




1. കുരിശു വരയ്ക്കുകയും 'വിശ്വാസപ്രമാണം' ചൊല്ലുകയും ചെയ്യുക.

2.'സ്വർഗ്ഗസ്ഥനായ പിതാവേ' ചൊല്ലുക

3. പിതാവായ ദൈവത്തിന്റെ മകളായ പരിശുദ്ധ കന്യകാ മറിയമേ, ഞങ്ങളിൽ ദൈവവിശ്വാസമെന്ന പുണ്യമുണ്ടായി ഫലം ചെയ്യുന്നതിന് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കേണമേ.

*ഒരു നന്മനിറഞ്ഞ മറിയം ചൊല്ലുക.*

- പുത്രനായ ദൈവത്തിന്റെ മാതാവായ പരിശുദ്ധകന്യകാ മറിയമേ, ഞങ്ങളിൽ ദൈവശരണമെന്ന പുണ്യമുണ്ടായി വളരുന്നതിന് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കേണമേ. *ഒരു നന്മ..*
- പരിശുദ്ധമായ ദൈവത്തിന്റെ മണവാട്ടിയായ പരിശുദ്ധ കന്യകാ മറിയമേ, ഞങ്ങളിൽ ദൈവസ്നേഹമെന്ന പുണ്യമുണ്ടായി വർദ്ധിക്കുന്നതിന് അങ്ങേ തിരുക്കുമാരനോട് അപേക്ഷിക്കേണമേ. *ഒരു നന്മ...*

4. ത്രിത്വസ്തുതി ചൊല്ലുക.
5. ഒന്നാം ദിവ്യരഹസ്യം പ്രഖ്യാപിക്കുന്നു.

   ഒരു "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...."
6. ദിവ്യരഹസ്യത്തെക്കുറിച്ച് ധ്യാനിക്കവേ, പത്തു "നന്മനിറഞ്ഞ മറിയമേ" ചൊല്ലുക.

7. ത്രിത്വസ്തുതി. തുടർന്ന് പരിശുദ്ധ മാതാവിന്റെ ഫാത്തിമാജപം: *"ഓ എന്റെ ഈശോയെ, ഞങ്ങളുടെ പാപങ്ങൾ പൊറുക്കണേ. നരകാഗ്നിയിൽ നിന്ന് ഞങ്ങളെ രക്ഷിക്കണേ. എല്ലാ ആത്മാക്കളെയും വിശിഷ്യാ, അങ്ങേ കാരുണ്യം കൂടുതൽ ആവശ്യമുള്ളവരെയും സ്വർഗത്തിലേക്ക് ആനയിക്കേണമേ."*

8. അടുത്ത നാലു രഹസ്യങ്ങളിലും 5, 6, 7 പ്രാർത്ഥനകൾ ആവർത്തിക്കുക.

9. "പരിശുദ്ധ രാജ്ഞി, കരുണയുള്ള മാതാവേ..." എന്ന പ്രാർത്ഥന.

പൊതുവെ പറഞ്ഞാൽ, ആനന്ദകരമായ രഹസ്യങ്ങൾ തിങ്കളും ശനിയും, ദുഃഖകരമായ രഹസ്യങ്ങൾ ചൊവ്വയും വെള്ളിയും, മഹത്വത്തിന്റെ രഹസ്യങ്ങൾ ബുധനും ഞായറും പിന്നെ, പ്രകാശത്തിന്റെ രഹസ്യങ്ങൾ വ്യാഴവും ചൊല്ലുക.

## രഹസ്യങ്ങളെക്കുറിച്ചുള്ള പരിശുദ്ധ പിതാവിന്റെ വിചിന്തനങ്ങൾ

### ആനന്ദകരമായ രഹസ്യങ്ങൾ

മനുഷ്യാവതാര സംഭവത്തിൽ നിന്ന് പ്രസരിക്കുന്ന ആനന്ദത്താൽ ശ്രദ്ധേയമാണ് 'ആനന്ദകരമായ രഹസ്യങ്ങൾ.' ഒന്നാമത്തെ രഹസ്യമായ മംഗലവാർത്തയിൽത്തന്നെ ഇത് വ്യക്തമാകുന്നു. നസ്രേത്തിലെ കന്യകയ്ക്കായുള്ള ഗബ്രിയേൽ ദൈവദൂതന്റെ ആശംസ ദൈവികമായ ആനന്ദത്തിലേക്കുള്ള ക്ഷണവുമായി ബന്ധപ്പെട്ടിരിക്കുന്നു: "മറിയമേ, ആനന്ദിച്ചാലും" രക്ഷയുടെ സർവസ്വവും ഈ ആശംസയിൽ ആരംഭിക്കുകയാണ്. (ആഗമനകാലത്തെ ഞായറാഴ്ചകളിലും ഈ രഹസ്യം ധ്യാനിക്കാവുന്നതാണ്.)

## പ്രകാശത്തിന്റെ രഹസ്യങ്ങൾ

ഈശോയുടെ ശൈശവത്തിൽ തുടങ്ങി നസ്രേത്തിലെ രഹസ്യ ജീവിതത്തിലെ പരസ്യ ജീവിതത്തിലേക്കു നീളുന്ന നമ്മുടെ ധ്യാനമാണ് "പ്രകാശത്തിന്റെ രഹസ്യങ്ങൾ" എന്ന് സവിശേഷമായൊരു രീതിയിൽ വിളിക്കാവുന്ന ഈ രഹസ്യങ്ങൾ. സത്യമായും ഈശോയുടെ എല്ലാ രഹസ്യവും പ്രകാശപൂർണമാണ്. അവിടുന്ന് "ലോകത്തിന്റെ പ്രകാശമാകുന്നു" (യോഹ 8:12). എങ്കിലും തന്റെ പരസ്യജീവിതത്തിന്റെ വർഷങ്ങളിലൂടെ സവിശേഷമായൊരു രീതിയിൽ ഈ സത്യം വെളിപ്പെടുകയാണ്.

### ദു:ഖകരമായ രഹസ്യങ്ങൾ

ഈശോയുടെ ദു:ഖകരമായ രഹസ്യങ്ങൾക്ക് സുവിശേഷങ്ങൾ വലിയ പ്രാമുഖ്യമാണ് കൊടുക്കുന്നത്. ക്രിസ്തീയമായ കരുണരസം സഹനത്തിന്റെ വ്യത്യസ്തനിമിഷങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. കുരിശിന്റെ വഴിയുടെ പെസഹാക്കാല ഭക്തിയിൽ ഇതു കൂടുതൽ വ്യക്തമാണ്. ദൈവസ്നേഹത്തിന്റെയും രക്ഷയുടെ ഉറവയുടെയും വെളിവാക്കലിന്റെ പരിപൂർത്തി ഇവിടെ കാണാം. *(പെസഹാക്കാലത്തെ ഞായറാഴ്ചകളിലും ചൊല്ലാവുന്നതാണ്.)*

### മഹത്വത്തിന്റെ രഹസ്യങ്ങൾ

"ഈശോയുടെ തിരുമുഖധ്യാനം ക്രൂശിതന്റെ ബിംബത്തിൽ അവസാനിപ്പിക്കാനാവില്ല. അവിടുന്നത് പുനരുത്ഥാനം ചെയ്തവനാണ്!" വിശ്വാസത്തിൽ നിന്നു ജനിച്ച ഈ ജ്ഞാനം ജപമാലയിൽ എല്ലായ്പ്പൊഴും പ്രകടമാകുന്നു. പുനരുത്ഥാനത്തിലും സ്വർഗാരോഹണത്തിലും ഈശോയുടെ മഹത്വത്തെ നോക്കിക്കാണാൻ വേണ്ടി, പീഡാസഹനത്തിന്റെ അന്ധകാരത്തിനുമപ്പുറത്തേക്ക് കടക്കാനും ഇത് വിശ്വാസികളെ ക്ഷണി

ക്കുന്നുണ്ട്... മറിയം തന്നെ അതേ മഹത്വത്തിലേക്ക് സ്വർഗാരോഹണസമയത്ത് ഉയർത്തപ്പെടുന്നു.

ഭാഗ്യസ്മരണാർഹനായ ജോൺപോൾ രണ്ടാമൻ പാപ്പയുടെ 2002 ഒക്ടോബർ 16ലെ "പരിശുദ്ധ കന്യകാ മറിയത്തിന്റെ ജപമാല" എന്ന അപ്പസ്തോലിക ലേഖനത്തിൽ നിന്നും എടുത്തതാണീ വിചിന്തനങ്ങൾ.

## ജപമാല പ്രാർത്ഥനകൾ

### കുരിശടയാളം

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമേൻ

### വിശ്വാസപ്രമാണം

സർവശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവിടുത്തെ ഏക പുത്രനും കർത്താവുമായ യേശുക്രിസ്തുവിലും ഞാൻ വിശ്വസിക്കുന്നു. അവിടുന്ന് പരിശുദ്ധാത്മാവിനാൽ കന്യകാമറിയത്തിൽ ഗർഭസ്ഥനായി പിറന്നു. പൊന്തിയൂസ് പീലാത്തോസിന്റെ കാലത്ത് പീഡകൾ സഹിച്ച് കുരിശിൽ തറയ്ക്കപ്പെട്ട് മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. സ്വർഗത്തിലേക്കെഴുന്നള്ളി പിതാവായ ദൈവത്തിന്റെ വലതുഭാഗത്ത് ഇരിക്കുന്നു. ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിക്കാൻ അവിടുന്ന് വീണ്ടും വരുമെന്നും വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നു. പുണ്യവാന്മാരുടെ ഐക്യത്തിലും പാപങ്ങളുടെ മോചനത്തിലും ശരീരത്തിന്റെ ഉയിർപ്പിലും നിത്യമായ ജീവിതത്തിലും വിശ്വസിക്കുന്നു. ആമേൻ.

## കർതൃപ്രാർത്ഥന

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സ് സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. അന്നന്നുവേണ്ടുന്ന ആഹാരം ഇന്നും ഞങ്ങൾക്കു തരണമേ. ഞങ്ങളോട് തെറ്റുചെയ്തവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ തെറ്റുകൾ ഞങ്ങളോടും ക്ഷമിക്കണേ. ഞങ്ങളെ പ്രലോഭനത്തിലേക്ക് നയിക്കരുതേ. പകരം, ദുഷ്ടാരൂപിയിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ. ആമേൻ.

## നന്മനിറഞ്ഞ മറിയമേ

നന്മനിറഞ്ഞ മറിയമേ സ്വസ്തി, കർത്താവ് അങ്ങയോടുകൂടെ. സ്ത്രീകളിൽ അങ്ങ് അനുഗ്രഹിക്കപ്പെട്ടവളാകുന്നു. അങ്ങയുടെ ഉദരത്തിൽ ഫലമായ ഈശോ അനുഗ്രഹിക്കപ്പെട്ടവനാകുന്നു. പരിശുദ്ധ മറിയമേ തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിക്കണമേ, ആമേൻ.

## ത്രിത്വസ്തുതി

- പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിന് സ്തുതിയായിരിക്കട്ടെ
- ആദിയിലെപ്പോലെ ഇപ്പൊഴും എപ്പൊഴും എന്നന്നേയ്ക്കും , ആമേൻ

## പരിശുദ്ധ രാജ്ഞീ

പരിശുദ്ധ രാജ്ഞീ, കരുണയുള്ള മാതാവേ സ്വസ്തി. ഞങ്ങളുടെ ജീവനും കാരുണ്യവുമേ സ്വസ്തി.

ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്ക് ഞങ്ങൾ യോഗ്യരാകുവാൻ:

സർവേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണേ, ആമേൻ

# രഹസ്യങ്ങൾ

**ആനന്ദകരമായ ഒന്നാം രഹസ്യം:**

**മംഗലവാർത്ത**

ദൈവദൂതൻ അവളുടെ അടുക്കലേക്കു വന്നു പറഞ്ഞു: "കൃപനിറഞ്ഞവളേ സ്വസ്തി. ദൈവം നിന്നോടുകൂടെ. സ്ത്രീകളിൽ നീ അനുഗ്രഹീതയാകുന്നു." (ലൂക്ക.1:28)

"ഒരു സ്വർഗസ്ഥനായ.., 10 നന്മ.. ഒരു ത്രിത്വസ്തുതി."

ഓ എന്റെ ഈശോയെ, നരകാഗ്നിയിൽ നിന്ന് എന്നെ രക്ഷിക്കണേ. എല്ലാ ആത്മാക്കളെയും വിശിഷ്യാ, അങ്ങേ കാരുണ്യം കൂടുതൽ ആവശ്യമുള്ളവരെയും സ്വർഗത്തിലേക്ക് ആനയിക്കണേ.

ഈ രഹസ്യത്തിന്റെ ഫലം: **എളിമ.**

**ആനന്ദകരമായ രണ്ടാം രഹസ്യം**

**എലിസബത്തിനെ സന്ദർശിക്കുന്നു.**

പരിശുദ്ധാത്മാവിനാൽ നിറഞ്ഞ എലിസബത്ത് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: "സ്ത്രീകളിൽ നീ അനുഗൃഹീതയാകുന്നു; നിന്റെ ഉദരഫലവും അനുഗൃഹീതമത്രേ." (ലൂക്കാ. 41:42)

"ഒരു സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ.."

ഈ രഹസ്യത്തിന്റെ ഫലം: **അയൽക്കാരോടുള്ള സ്നേഹം.**

## ആനന്ദകരമായ മൂന്നാം രഹസ്യം: ഈശോയുടെ ജനനം

അവൾ തന്റെ ആദ്യജാതനായ ആൺകുട്ടിക്ക് ജന്മം നൽകി. കീറത്തുണികളിൽ പൊതിഞ്ഞ ശിശുവിനെ അവളൊരു പുൽത്തൊട്ടിയിൽ കിടത്തി. എന്തെന്നാൽ, സത്രത്തിൽ അവർക്ക് സ്ഥലം കിട്ടിയില്ല. (ലൂക്ക 2:7)

1 സ്വർ. 10നന്മ. 1ത്രിത്വ., ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ദാരിദ്ര്യം**

## ആനന്ദകരമായ നാലാം രഹസ്യം: ദൈവാലയ സമർപ്പണം

മോശയുടെ നിയമമനുസരിച്ച് അവരെ ശുദ്ധീകരിക്കേണ്ട ദിനം വന്നപ്പോൾ, മകനെ തമ്പുരാന് സമർപ്പിക്കാനായി ആ ദമ്പതികൾ അവനെ ജറുസലേമിൽ കൊണ്ടുചെന്നു. എന്തെന്നാൽ, കർതൃനിയമത്തിൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "ആദ്യജാതനായ ഓരോ ആൺകുട്ടിയും തമ്പുരാന് സമർപ്പിക്കണം." (ലൂക്ക 2.22 –23)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: അനുസരണം

## ആനന്ദകരമായ അഞ്ചാം രഹസ്യം: ഉണ്ണീശോയെ ദൈവാലയത്തിൽ കണ്ടെത്തുന്നു.

മൂന്നാം ദിവസം അവർ, ദൈവാലയത്തിൽ പണ്ഡിതന്മാർക്കു മധ്യേ ഇരിക്കുന്ന, അവരെ ശ്രവിക്കുകയും ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുന്ന അവനെ കണ്ടുമുട്ടി. (ലൂക്ക 2:46)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ഈശോയെ കണ്ടെത്തുന്നതിലെ ആനന്ദം**

## പ്രകാശത്തിന്റെ ഒന്നാം രഹസ്യം: ഈശോയുടെ ജ്ഞാനസ്നാനം

ഈശോ ജ്ഞാനസ്നാനം ചെയ്യപ്പെട്ടപ്പോൾ... സ്വർഗം തുറക്കപ്പെടുന്നതും ദൈവത്തിന്റെ ആത്മാവ് ഒരു മാടപ്പിറാവിന്റെ രൂപത്തിൽ പറന്നിറങ്ങുന്നതും അവിടുന്നു കണ്ടു. അത് അവിടുത്തെമേൽ ആവസിച്ചു. ആഹാ, അപ്പോൾ സ്വർഗത്തിൽ നിന്നും ഇങ്ങനെ പറയുന്ന ഒരു ശബ്ദമുണ്ടായി: "ഇവൻ എന്റെ പ്രിയപുത്രനാകുന്നു. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു." (മത്താ.3.16–17)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **പരിശുദ്ധാത്മാവിനോടുള്ള തുറവി**

## പ്രകാശത്തിന്റെ രണ്ടാം രഹസ്യം കാനായിലെ കല്യാണം

അവിടുത്തെ അമ്മ സേവകരോട് പറഞ്ഞു: അവൻ എന്തുപറയുന്നുവോ അതു ചെയ്യുവിൻ. ഈശോ അവരോടു പറഞ്ഞു: "ഭരണികൾ ജലത്താൽ നിറയ്ക്കുവിൻ."അവർ അവ വക്കുവരെ നിറച്ചു. (യോഹ. 2: 5–7)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

## പ്രകാശത്തിന്റെ മൂന്നാം രഹസ്യം ദൈവരാജ്യപ്രഖ്യാപനം

നിങ്ങൾ പോകവേ, ഇങ്ങനെ പ്രഘോഷിക്കുവിൻ: "സ്വർഗരാജ്യം സമീപസ്ഥമായിരിക്കുന്നു." രോഗികളെ

സൗഖ്യപ്പെടുത്തുകയും മരിച്ചവരെ ഉയിർപ്പിക്കയും കുഷ്ഠ രോഗികളെ ശുചിയാക്കുകയും പിശാചുക്കളെ പുറത്താക്കുകയും ചെയ്യുവിൻ. നിങ്ങൾക്ക് പണം കൊടുക്കാതെ കിട്ടി; നിങ്ങളും പണം സ്വീകരിക്കാതെ കൊടുക്കുക. (മത്താ. 10:7–8)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **പശ്ചാത്താപവും ദൈവത്തിലുള്ള ആശ്രയവും**

## പ്രകാശത്തിന്റെ നാലാം രഹസ്യം
## രൂപാന്തരീകരണം

അവിടുന്ന് പ്രാർത്ഥിച്ചുകൊണ്ടിരിക്കെ ആ മുഖം മാറി. അവിടുത്തെ വസ്ത്രം വെൺമഞ്ഞുപോലെ വെട്ടിത്തിളങ്ങി. അപ്പോൾ മേഘത്തിൽ നിന്നും ഇങ്ങനെ പറയുന്ന ഒരു സ്വരം കേട്ടു. ഇവനെന്റെ പുത്രനാകുന്നു; എന്റെ തെരഞ്ഞെടുക്കപ്പെട്ടവൻ. അവനെ ശ്രവിക്കുവിൻ! (ലൂക്ക. 9:29,35)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **വിശുദ്ധിക്കായുള്ള ആഗ്രഹം**

## പ്രകാശത്തിന്റെ അഞ്ചാം രഹസ്യം:
## പരിശുദ്ധ കുർബാനയുടെ സ്ഥാപനം

അവിടുന്ന് അപ്പമെടുത്തു. നന്ദിപറഞ്ഞുകൊണ്ട് അവിടുന്നത് മുറിച്ച് ഇങ്ങനെ പറഞ്ഞുകൊണ്ട് ശിഷ്യന്മാർക്ക് കൊടുത്തു: "ഇത് നിങ്ങൾക്കായി നൽകപ്പെടാനിരിക്കുന്ന എന്റെ ശരീരം." അതുപോലെ തന്നെ അത്താഴം കഴിഞ്ഞ് ഇപ്രകാരം പറഞ്ഞുകൊണ്ട് പാനപാത്രമെടുത്തു: "നിങ്ങൾക്കായി പകരപ്പെടുന്ന ഈ പാത്ര

ത്തിലെ പാനീയം എന്റെ രക്തത്തിലുള്ള പുതിയ ഉടമ്പടിയാകുന്നു" (ലൂക്ക. 22:19–20)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ആരാധന**

## ദു:ഖകരമായ ഒന്നാം രഹസ്യം: ഗത്സെമനിയിൽ രക്തം വിയർക്കുന്നു

തന്റെ അതികഠിനമായ മനോവേദനയിൽ അവിടുന്ന് പൂർവാധികം തീക്ഷ്ണതയോടെ പ്രാർത്ഥിച്ചു. അപ്പോൾ അവിടുത്തെ രക്തം വിയർപ്പുതുള്ളികളായി മണ്ണിൽ വീണു. പിന്നീട് അവിടുന്ന് പ്രാർത്ഥന കഴിഞ്ഞെഴുന്നേറ്റ് തന്റെ ശിഷ്യന്മാരുടെയടുക്കലെത്തി. അവരപ്പോൾ ദു:ഖത്താൽ തളർന്ന് ഉറങ്ങിപ്പോയിരുന്നു. (ലൂക്ക. 22: 44–45)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം:

**പാപത്തെപ്രതി ദുഃഖം**

## ദുഃഖകരമായ രണ്ടാം രഹസ്യം: കൽത്തൂണിൽക്കെട്ടി അടിക്കുന്നു.

ഈശോയെ ചാട്ടയടിക്കുവാൻ കൊണ്ടുവരികയായിരുന്നു പീലാത്തോസിന്റെ അടുത്ത നടപടി. (യോഹ 19:1)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ശുദ്ധത**

## ദു:ഖകരമായ മൂന്നാം രഹസ്യം: മുൾമുടി ധരിപ്പിക്കൽ

അവർ അവിടുത്തെ വസ്ത്രങ്ങൾ ഊരിമാറ്റി; കടുംചെമപ്പായ പട്ടാളവസ്ത്രം ധരിപ്പിച്ചു. മുള്ളുകളാൽ ഒരു കിരീടം മെനഞ്ഞ് അതവിടുത്തെ തലയിൽ ധരിപ്പിച്ചു.

എന്നിൽ വലതുകൈയിൽ ഒരു ഞാങ്കണ പിടിപ്പിച്ചു. (മത്താ. 27:28–29)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ധൈര്യം**

**ദു:ഖകരമായ നാലാം രഹസ്യം:**

**കുരിശുവഹിക്കൽ**

സ്വയം കുരിശുവഹിച്ചുകൊണ്ട് അവിടുന്ന് 'തലയോട്ടിയുടെ ഇടം' എന്നു വിളിക്കപ്പെടുന്നയിടത്തേക്കു പോയി (ഹീബ്രുവിൽ ഗൊൽഗോത്ത). (യോഹ. 19:17).

1 സ്വർ. 10നന്മ. 1 ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ക്ഷമ**

**ദു:ഖകരമായ അഞ്ചാം രഹസ്യം**

**ക്രൂശിക്കൽ**

ഈശോ ഉച്ചത്തിൽ കരഞ്ഞുകൊണ്ട് പറഞ്ഞു:"പിതാവേ, അങ്ങേപ്പക്കൽ ഞാൻ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു." ഇതു പറഞ്ഞശേഷം അവിടുന്നു മരിച്ചു.

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **സഹനം**

**മഹത്വത്തിന്റെ ഒന്നാം രഹസ്യം**

**പുനരുത്ഥാനം**

നിങ്ങൾ വിസ്മയിക്കേണ്ടാ! നിങ്ങൾ ക്രൂശിക്കപ്പെട്ട നസ്രായനായ ഈശോയെ തിരയുന്നു. അവിടുന്ന് ഉയിർപ്പിക്കപ്പെട്ടു. അവിടുന്ന് ഇവിടെയില്ല. അവർ അവിടുത്തെ കിടത്തിയ സ്ഥലം വന്നുകാണുവിൻ. (മർക്കോ. 16:6).

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ..

ഈ രഹസ്യത്തിന്റെ ഫലം: **വിശ്വാസം.**

**മഹത്വത്തിന്റെ രണ്ടാം രഹസ്യം: സ്വർഗാരോഹണം**

പിന്നെ, അവരോടു സംസാരിച്ച ശേഷം ഈശോ നാഥൻ സ്വർഗത്തിലേക്ക് എടുക്കപ്പെടുകയും ദൈവത്തിന്റെ വലതുഭാഗത്ത് ആസനസ്ഥനാകുകയും ചെയ്തു. (മർക്കോ 16:19)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ..”

**മഹത്വത്തിന്റെ മൂന്നാം രഹസ്യം:**

**പരിശുദ്ധാത്മാവിന്റെ ആഗമനം**

സർവരും പരിശുദ്ധാത്മാവിനാൽ പൂരിതരായി, അവർ അന്യഭാഷകളിൽ സംസാരിക്കാനും ആത്മാവ് പ്രചോദിപ്പിച്ചതനുസരിച്ച് ധീരമായ പ്രഖ്യാപനങ്ങൾ നടത്താനും തുടങ്ങി.( അ.ന. 2:4)

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **ദൈവസ്നേഹം**

**മഹത്വത്തിന്റെ നാലാം രഹസ്യം:**

**പരിശുദ്ധ മാതാവിന്റെ സ്വർഗാരോഹണം**

നീയാണ് യെരുശലേമിന്റെ മഹത്വം... നീയാണ് നമ്മുടെ ജനതയുടെ വലിയ അഭിമാനം... നിന്റെ നേട്ടങ്ങളിൽ ദൈവം സംപ്രീതനായിരിക്കുന്നു. സർവശക്തനായ തമ്പുരാനാൽ നീ എന്നന്നേയ്ക്കും അനുഗൃഹീതയാകട്ടെ. (യൂദി 15:9–10)

1 സ്വർ. 10നന്മ 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **സന്തോഷകരമായ മരണത്തിനുള്ള കൃപ**

**മഹത്വത്തിന്റെ അഞ്ചാം രഹസ്യം:**
**സ്വർലോക രാജ്ഞിയായി മുടിധരിപ്പിക്കൽ**

മഹത്തായൊരു അടയാളം ആകാശത്ത് പ്രത്യക്ഷമായി. സൂര്യനെ ഉടയാടയും ചന്ദ്രനെ പാദപീഠവുമാക്കിയ ഒരു സ്ത്രീ. അവളുടെ ശിരസ്സിൽ പന്ത്രണ്ടു നക്ഷത്രങ്ങളുടെ ഒരു കിരീടം.

1 സ്വർ. 10നന്മ. 1ത്രിത്വ. ഓ എന്റെ ഈശോയെ...

ഈ രഹസ്യത്തിന്റെ ഫലം: **മറിയത്തിന്റെ മധ്യസ്ഥത്തിലുള്ള ആശ്രയം**